പത്രാധിപർ: ടി. കെ. നാരായണക്കുറുപ്പ്

# ടാഗോർ



# വിഷയവിവരം


ആചാര്യ പ്രഫുല്ലചന്ദ്രറായി—
ശ്രീ. ജി. രാമനാഥയ്യർ ബി. ഏ., എൽ. റി.

മലയാളം (കവിത)—
മഹാകവി വള്ളത്തോൾ.

ഭിന്നതയുടെ പിന്നിൽ —
ശ്രീ എൻ. ബാലകൃഷ്ണറാവു ബി. ഏ., ബി. എൽ.

ടാഗോറിന്റെ നൃത്തനാടകങ്ങൾ —
ശ്രീ. കെ. കൃഷ്ണൻനായർ ശാന്തിനികേതൻ.

ധനികരോട് (കവിത)—
മഹാകവി ജി. ശങ്കരക്കുറുപ്പ്.

പ്രതിജ്ഞ (ചെറുകഥ)—
ശ്രീ. കാരൂർ നീലകണ്ഠപ്പിള്ള, കോട്ടയം

ആശങ്ക (കവിത)—
ശ്രീ. എൻ. ലളിതാംബികഅന്തർജ്ജനം.

"ദാരിദ്ര്യമപ്രദാനേന" —
ശ്രീ. പി. ദാമോദരൻപിള്ള ബി. ഏ.

'പായുക കൊട്ടക്കാരേ!'—
ശ്രീ. റി. എൻ. ഗോപിനാഥൻനായർ ബി. ഏ.

ഗിരീശ് ചന്ദ്രഘോഷ്—
ശ്രീ. എസ്സ്. ഗുപ്തൻനായർ എം. ഏ.

'പുലി'യുടെ പരാക്രമം! (കവിത)
ശ്രീ. പി കുഞ്ഞിരാമൻനായർ.

ഉന്മാദത്തിന്റെ ഉണ്മ —
ശ്രീ. എൻ. കൃഷ്ണപിള്ള ബി. ഏ. (ആണേഴ്സ്)

ടാഗോർ (കവിത)
ശ്രീ. തയ്യാട്ട കുഞ്ഞനന്തൻ.

ഢാക്കയും കുരങ്ങും—
ശ്രീ. സി ഐ. രാമൻനായർ ബി. ഏ.

സ്വപ്രകാശം (കവിത)—
ശ്രീ. നാലാങ്കൽ കൃഷ്ണപിള്ള എം. ഏ., എൽ. റി.

അഖിലദേശീയഭാഷ—
ശ്രീ. അഴകത്ത് ഈ. ജനാർദ്ദനക്കുറുപ്പ്.

സ്മാരകം (കവിത)—
ശ്രീ. പുളിമാന പരമേശ്വരൻപിള്ള.

വിശ്വഭാരതി—
ശ്രീ. വക്കം ആർ. ജി ബി. ഏ, ബി. എൽ.

നവാതിഥി (കവിത)—
വിദ്വാൻ എസ്. കെ. നായർ, ബി. ഒ എൽ. (ഓണേഴ്സ്)

ടാഗോറിന്റെ കത്തുകൾ—
ശ്രീ. പി. ശേഷാദ്രിഅയ്യർ ബി. ഏ, എം. എൽ.

മുക്തകങ്ങൾ:- (ലേഖനങ്ങളുടെ അവസാനത്തിൽ അങ്ങിങ്ങു കൊടുത്തിരിക്കുന്ന കവിതാശകലങ്ങൾ പത്രാധിപരുടേതാണ്.)



## അറിയിപ്പ്

പ്രസിദ്ധപ്പെടുത്തേണ്ട ലേഖനങ്ങളും, നിരൂപണത്തിനുള്ള പുസ്തകങ്ങളും (പുസ്തകം രണ്ടു പ്രതി വീതം) എല്ലാ മാസവും 15-ാംനു-ക്കകം ആഫീസിൽ എത്തിയിരിക്കേണ്ടതാണ്. പ്രസിദ്ധീകരണയോഗ്യമല്ലാത്ത ലേഖനങ്ങൾ മടക്കി അയയ്ക്കുന്നതല്ല.

പത്രാധിപർ.

# KURIYANS' LTD.

(The Reliable House for Quality Furniture)



## MODERN BEDROOM SUITE.

WE FURNISH :—

*BUNGALOWS AND OFFICES IN*

*UP-TO-DATE STYLE.*

WE SUPPLY :—

WINDOW AND DOOR FRAMES ETC.,

FOR FACTORIES.

We undertake to submit designs and quotations if measurements or cuttings from Catalogues are sent.

**CHURCH FURNITURE A SPECIALITY.**

All enquiries to :—

**KURIYANS' LTD.,**

**Chungom, Kottayam, Travancore.**

IT WILL PAY YOU TO CONSULT

# A. G. KRISHNA SHENOY

PAINTS & HARDWARE MERCHANT

HEAD OFFICE:
**BROADWAY**
**ERNAKULAM**
(Tel: MAGNET)

OR

BRANCH:
**KALARIKKAL BLDG.**
**KOTTAYAM.**
Tel: VENUS.

Before you buy your requirements in
Paints or Hardware.

## CROWN BAKERY

(Lakshminada, Quilon.
Branch at Chinna Bazaar.)

Reputed manufactures of delicious Cool-drinks, Cackes, Biscuits, Bread, etc.

Catering a Speciality.

## ക്രൗൺ ബേക്കറി

(ലക്ഷ്മിനട, കൊല്ലം.
ബ്രാഞ്ച്: ചിന്നക്കട.)

രുചികരമായ കൂൾഡ്രിംക്സ്, കേക്സ്, ബിസ്കറ്റ്, റൊട്ടി മുതലായവ ഇവിടെ എപ്പോഴും മിതമായ വിലയ്ക്കു ലഭിക്കുന്നതാണ്.

## പുതുവർഷം ആരംഭിക്കുന്നു!

നല്ല കടലാസിലും ഉറപ്പായും ചെയ്തിട്ടുള്ള
അക്കൌണ്ടു ബുക്കുകൾ
കൊല്ലം ടി. ബി. ജംഗ്ഷനിൽ
സ്ഥാപിതമായിട്ടുള്ള മി: എ. തങ്ങൾ
കുഞ്ഞു മുസലിയാരുടെ വക

## വി. പി. പ്രസ്സിൽ

എപ്പോഴും മിതമായ വിലയ്ക്കു ലഭിക്കുന്നതാണ്.
ആർഡർ അനുസരിച്ച് അക്കൌണ്ടുബുക്കുകൾ
കൃത്യസമയത്തു ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ,
V. P. പ്രസ്സ് & ബുക്കുഡിപ്പോ,
കൊല്ലം.

# അമരപീയൂഷം.

## (THE BEST NERVINE TONIC.)

സ്ഥിരമായ ആരോഗ്യത്തേയും ആയുർദൈർഘ്യത്തേയും ആഗ്രഹിക്കുന്നവര് ഞങ്ങളുടെ അമരപീയൂഷം വാങ്ങി സേവിക്കുക. അകാല ജരാനരകളേയും ജനനേന്ദ്രിയസംബന്ധമായ സകലവിധ കേടുപാടുകളേയും പോക്കി, ശരീരത്തിനു നവീനമായ തേജസ്സും ഓജസ്സും പ്രദാനംചെയ്തു് ഐഹികപാരത്രികസുഖങ്ങളെ അനുഭവിപ്പിച്ച് മനുഷ്യനെ യഥാൎത്ഥ മനുഷ്യനാക്കിത്തീക്കുന്ന ദിവ്യൌഷധം.

24 ഔ. കുപ്പി ഒന്നുക്കു വില 3 രൂ. 8 ണ.

N. B. ഇവിടെ രോഗികളെ നേരിട്ടു പരിശോധിച്ചു് ഔഷധം നിശ്ചയിച്ചു കൊടുക്കുന്നതു കൂടാതെ, സകലവിധ ആയുവേദ ഔഷധങ്ങളും മിതമായ വിലയ്ക്കു കൊടുക്കുന്നതാണു്. അഗതികളായ രോഗികളെ ധമ്മമായി ചികിത്സിക്കുന്നതാണു്. കൂടുതൽ വിവരം അറിയണമെന്നുള്ളവർ രണ്ടണ സ്റ്റാമ്പുസഹിതം മലയാളത്തിലോ, ഇംഗ്ലീഷിലോ, തമിഴിലോ ഉള്ള ക്യാററ്ലാഗിനു് ആവശ്യപ്പെടുക.

മാനേജിംഗ് പ്രൊപ്രൈറ്റർ,

### എം. പി. കൃഷ്ണൻവൈദ്യൻ,

ശ്രീകൃഷ്ണവിലാസം ആയുവേദഫാർമസി &

ഗ്രാൻറ്-ഇൻ-എയിഡ് വൈദ്യശാല—കൊല്ലം.

ബ്രാഞ്ചു്:— പുത്തൻചന്ത, തിരുവനന്തപുരം.

# വിദ്യാഭിവർദ്ധിനി പ്രസ്സ്, കൊല്ലം

ബ്രാഞ്ച്, ആലപ്പുഴ

**കേരളീയമഹാജനങ്ങളുടെ ശ്രദ്ധയ്ക്ക്**

57 വർഷക്കാലമായി കേരളഭാഷാപോഷണാർത്ഥം പുസ്തകങ്ങളുടെ സംഭരണം, പരിഷ്കരണം, ഭാഷാന്തരീകരണം, പ്രസിദ്ധീകരണം എന്നീ നാലുപാധികളിൽ പ്രവർത്തനം നടത്തിവരുന്ന വിദ്യാഭിവർദ്ധിനി മുദ്രാലയാധികൃതരായ എസ്. റ്റി. റെഡ്യാർ & സൺസ് 1112-ൽ പ്രസ്തുത സ്ഥാപനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ച വസ്തുത മഹാജനങ്ങളെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ഞങ്ങളുടെ ഡിപ്പോവിൽ കിളിപ്പാട്ടുകൾ, തുള്ളൽപാട്ടുകൾ, ആട്ടക്കഥകൾ, വടക്കൻപാട്ടുകൾ, നോവലുകൾ, കഥകൾ, ഭക്തിമാർഗ്ഗഗ്രന്ഥങ്ങൾ, ശാസ്ത്രപണ്ഡിതന്മാരെക്കൊണ്ട് വ്യാഖ്യാനിപ്പിച്ച പല അപൂർവ്വ വൈദ്യ ജ്യോതിഷഗ്രന്ഥങ്ങൾ മുതലായവയ്ക്കു പുറമേ അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന പല പുതിയ പുസ്തകങ്ങളും, പള്ളിക്കൂടം പാഠ്യപുസ്തകങ്ങളും, അക്കൌണ്ടുബുക്കുകളും, തൽസംബന്ധമായ സകല ഉപകരണങ്ങളും എപ്പോഴും വില്പനയ്ക്കു തയ്യാറുണ്ട്.

**S. T. REDDIAR & SONS, V. V. PRESS, QUILON.**

N.B. ഉറപ്പും ഭംഗിയും ഉള്ള റബ്ബർ സ്റ്റാമ്പുകൾ ചെയ്തുകൊടുക്കപ്പെടും. ആവശ്യമുള്ളവർ കാറ്റലാഗ് ആവശ്യപ്പെടുക.

---

Telegrams: "PHOENIX" QUILON S. B. S.

## "THE PHOENIX ENGINEERING COY.,"

ELECTRICAL DEALERS & MACHINERY MERCHANTS.

MAIN ROAD. QUILON. S. INDIA.

**STOCKISTS OF:-** Electrical Motors, Measuring Instruments, Pumps, Second-hand Machinery, Agricultural Implements, Workshop Tools, Cheap Beltings, Saws & Saw Mill Requisities, Asbestos Cement Sheets, Hardware, Paints & Varnishes etc., etc.

We **build Switch** Boards to customers' specification.

We undertake Electrical **Erection** Jobs and offer our services as consulting Engineers also.

# ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

ഇവിടെ ഇംഗ്ലീഷ്, മലയാളം, തമിഴ്, ഹിന്ദി, നാഗരം ഈ ഭാഷകളിൽ എല്ലാത്തരം അച്ചടിവേലകളും മനോഹരമായും കൃത്യസമയത്തും ആർഡറനുസരിച്ചു ചെയ്തുകൊടുക്കുന്നതാകുന്നു. കമനീയമായ ആകൃതിയിൽ ദീർഘകാലം ഉപയോഗിക്കാവുന്നവിധത്തിലുള്ള റബ്ബർമുദ്രകൾ ചുരുങ്ങിയ വിലയ്ക്കു ചെയ്തുകൊടുക്കപ്പെടും.

പുരാണം, വൈദ്യം, ജ്യോതിഷം, ജീവചരിത്രം തുടങ്ങിയ അനവധി അമൂല്യ ഗ്രന്ഥങ്ങളും, 111 ആട്ടക്കഥകൾ, 60 തുള്ളൽക്കഥകൾ എന്നിവയും, നല്ലനല്ല നോവൽഗ്രന്ഥങ്ങളും, സകലവിധ പാഠ്യപുസ്തകങ്ങളും, കരയോഗം, ചിട്ടി മുതലായവയ്ക്കുള്ള റിക്കാർഡുകളും ഞങ്ങളുടെ ഡിപ്പോകളിൽ കിട്ടുന്നതാണ്. എല്ലാവിധ അക്കൗണ്ടുബുക്കുകളും ഭംഗിയായി ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ.

# മാതൃഭൂമി ഏജൻസി,

ലക്ഷ്മിനട—കൊല്ലം.

മഹാത്മജി, ജവഹർലാൽ, ടാഗോർ, H. G. വെൽസ, ഷേക്സ്പിയർ മുതലായവരുടെ വിശ്വവിഖ്യാതങ്ങളായ കൃതികളുടെ (ആത്മകഥകളും മററും) ഒന്നാംതരം മലയാളവിവർത്തനങ്ങളും പ്രശസ്ത കേരളീയകവികളുടെ പുസ്തകങ്ങളും ഇവിടെ വില്പനയ്ക്കുണ്ട്.

സുപ്രസിദ്ധ സാഹിത്യമാസികയായ മാതൃഭൂമി ആഴ്ചപ്പതിപ്പ് ഇവിടെനിന്നും കൈവഴിയായും അഞ്ചൽമാർഗ്ഗമായും അയച്ചുകൊടുക്കുന്നതാണ്.

ഏജൻറ്,

K. N. K. Pillai.

# T. R. ഗോപാലപിള്ള & ബ്രദർ,

ടിംബർ മർച്ചൻറ്സ്,

ആലപ്പുഴ.

ഇവിടെ എല്ലാവിധത്തിലുള്ള ഫർണിച്ചർകളും നല്ല ഉറപ്പായും, ഭംഗിയായും കൃത്യസമയത്തു ചെയ്തുകൊടുക്കുന്നതാണ്.

മഹാകവി പള്ളത്തിന്റെ

## ശ്രീ ചിത്രാശോകൻ

ഗദ്യനാടകം.

2 ക. 8 ണ.

ഗംഗാപ്രവാഹംപോലെയുള്ള ഗംഭീര ഗദ്യസരണി. മഹാരാജാവു തിരുമനസ്സിലേയും മഹാറാണി തിരുമനസ്സിലേയും മനസ്സോഭ നിഴലിക്കുന്ന നിലക്കണ്ണാടി. വിഭ്രമജനകമായ കഥാഘടന. ജീവത്പാത്രങ്ങൾ.

6 കോപ്പി ഒന്നിച്ചെടുത്താൽ വി. പി. ചാർജ്ജ് വിട്ടുകൊടുക്കും.

Apply to:-

ചിത്രാശോകഗ്രന്ഥാലയം,

കുഴഞ്ചേരി A. O.

തൃശ്ശിവപേരൂർ.



# Bharath Cafe,

## BOARDING & LODGING,

**Market Road, ERNAKULAM.**

## നിങ്ങൾ

എറണാകുളത്തു വരുമ്പോൾ

## ഭാരതകഫെ

സന്ദർശിക്കുവിൻ!

സുഖമായ ഭക്ഷണം!

സൌകര്യപ്രദമായ

സജ്ജീകരണം!

ബി. ഗോവിന്ദറാവു.



# വെള്ളിമേഘങ്ങൾ

സുപ്രസിദ്ധ കഥാസാഹിത്യകാരനും

പൌരധ്വനി പത്രാധിപരുമായ

## ശ്രീ പി. സി. കോരുത്ത് അവർകൾ

എഴുതിയിട്ടുള്ള മികച്ച ചെറുകഥകളുടെ

സമാഹാരം.

ഇംഗ്ലീഷ്മട്ടിൽ കട്ടിബയന്റു ചെയ്തിട്ടുള്ള ഈ മനോഹരഗ്രന്ഥത്തിനു

വില ഒരുരൂപാ മാത്രം.

മാനേജർ,

കേരള പബ്ളിഷിംഗ്കമ്പനി

പുളിക്കീഴ്, തിരുവല്ലാ.



മാന്താറ്റിൽ

## ആയുർവേദ ആശുപത്രി.

യൂണിയൻക്ലബ്ബിനുസമീപം, കോട്ടയം.

ചീഫ്വൈദ്യൻ & പ്രൊപ്രൈറ്റർ,

കെ. കെ ശേഖരകണിയാർ (കുറുമ്പപ്പുഴ)

എല്ലാം ആയുർവേദഔഷധങ്ങളും ഇംഗ്ലീഷ് ചികിത്സാമാതൃകനിൽ അപ്പോഴപ്പോൾ കൊടുത്തും, രോഗികൾക്കു താമസിച്ചു ചികിത്സ നടത്തുക എല്ലാവിധ സൌകര്യങ്ങളോടുംകൂടി നടത്തിവരുന്ന കോട്ടയത്തെ ഏകസ്ഥാപനം.

## സിഫിലിസ്

ലജ്ജകൊണ്ടു മടിച്ചിരിക്കുന്ന രോഗം വർദ്ധിക്കും. എത്രയോ യുവതീയുവാക്കൾ സിഫിലിസ് പിടിപെട്ടു നരകദുഃഖം അനുഭവിക്കുന്നു ഈ രോഗം ബാധിച്ചാൽ അവരുടെ രക്തം അതോടെ മലിനമായിത്തീരുന്നു. എന്നാൽ S. P. ഗുളികകൾ 12 എണ്ണം സേവിച്ചാൽ രക്തശുദ്ധി വരുത്തി ഒരാഴ്ചയ്ക്കുള്ളിൽ ഏതുതരം സിഫിലിസ്സിനെയും പരിപൂർണ്ണമായി പരിഹരിക്കുന്ന ദിവ്യഔഷധം. അനുഭവസ്ഥന്മാർ അനവധി.

12 എണ്ണത്തിനു 5 രൂ പുറമെ പൊരട്ടുന്നതിനു 8 ണ. ഓർഡറുകൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്. വിശദവിവരത്തിനു സ്റ്റാമ്പുസഹിതം എഴുതുക.

# THE NEW GUNA SHENOY COMPANY.

## DIRECT IMPORTERS
## &
## HARDWARE MERCHANTS

**Head Office:-**
**ERNAKULAM.**

**Branches:-**
COCHIN, KOTTAYAM & QUILON.

**STOCKISTS OF EVERY KIND OF HARDWARE MACHINERY AND ESTATE GOODS Etc., Etc.**

SOLE PROP:-
**A. N. LAKSHMANA SHENOY.**

## അജമാംസരസായനം

ശരീരക്ഷീണത്തെ പരിഹരിച്ചു് ആരോഗ്യത്തെ വൎദ്ധിപ്പിക്കുവാൻ വളരെ വിശേഷം. റാത്തൽ 1-ക്കു 5 രൂപാ

## ദന്തചൂൎണ്ണം

പല്ലുവേദന, പല്ലിളക്കം, മോണപഴുപ്പു്, വാനാററം മുതലായ രോഗങ്ങളെ പരിഹരിക്കുവാനും അവ വരാതിരിക്കുവാനും എന്നും എല്ലാവൎക്കും പല്ലു തേയ്ക്കുവാൻ ഉത്തമം.

ഒരാഴ്ചത്തേക്കു് 2 അണ.
രണ്ടു മാസത്തേക്കു് 1 രൂപാ.

വൈദ്യകലാനിധി,
Dr. പി. എൻ. പിള്ള D. Sc. A.
സക്കർ വൈദ്യശാല,
പെരുൻകുന്നം A. O.

## കാൽസിഫെറോ
(റജിസ്റ്റേർഡ്)

കൈകാലുകൾ മെലിഞ്ഞും, നെഞ്ചുന്തിയും, വയർചാടിയും, കവിൾ വീണും, വിളറിയും തീരെ ആരോഗ്യം നശിച്ച കുട്ടികൾക്കു് ഏററവും ഉത്തമമായ ടോണിക്ക്. കുഞ്ഞുങ്ങൾക്കു ദഹനസംബന്ധമായുണ്ടാകുന്ന സകല തകരാറുകളും നിശ്ശേഷം മാററുന്നു. അസ്ഥിവളൎച്ചയ്ക്കും ശരീരപുഷ്ടിക്കും ഉത്തമം.

ഫലസിദ്ധിയുള്ള പല അപൂൎവ്വൗഷധങ്ങളുടെ രസവും, കാൽസിയം, ഇരുമ്പു്, മഗ്നേഷ്യം മുതലായ ധാതുദ്രവ്യങ്ങളും, തേനും, മാൾട്ടും ചേൎത്തു് ശാസ്ത്രീയമായി തയ്യാർ ചെയ്തിട്ടുള്ളതു്. 48 നേരത്തിനുള്ള ആറു ഔൺസു കുപ്പി ഒന്നിനു രണ്ടരരൂപാ മാത്രം. എല്ലാ മരുന്നുഷാപ്പുകളിലും വില്ക്കപ്പെടുന്നു.

സുപ്രസിദ്ധ ആരോഗ്യസംവൎദ്ധകൗഷധമായ 'ബ്ളഡ്-ഇൻ-ദ്രാക്ഷാ' നിൎമ്മാതാക്കളാൽ തയ്യാറാക്കപ്പെട്ടതു്.

എസ്സ്. ജി ഏ ഫാർമസി, കോട്ടയം.

# ബ്ളഡ് – ഇൻ – കാർണിസ്



വൈദ്യലോകത്തിന്റെ പ്രശംസയ്ക്കും
അനുഭവസ്ഥന്മാരുടെ അഭിനന്ദനത്തിനും
പാത്രീഭവിച്ചിട്ടുള്ള സുപ്രസിദ്ധ
ആരോഗ്യസംവദ്ധകൗഷധം ഏതു്?

## ആവ്സൺസ്

### ബ്ളഡ്-ഇൻ-കാർണിസ്

രക്തശുദ്ധിക്കും വദ്ധനവിനും സ്ത്രീ പുരുഷഭേദമെന്യേ രോഗാവസ്ഥയിലും അരോഗാവസ്ഥയിലും ഉപയോഗിക്കാവുന്ന ഇത്ര ഫലപ്രദമായ ഒരു വിശിഷ്ടൗഷധം വേറെയില്ല. ഗർഭിണികൾക്കും പ്രസവം കഴിഞ്ഞവക്കും ആരോഗ്യം നശിച്ചവക്കും അത്യുത്തമമായ ഔഷധമാണു് ശരീരധാതുക്കളെ പുനർജ്ജീവിപ്പിക്കുവാനും ദീപനക്ഷയത്തെ മാററി ആഹാരത്തിനു് അനല്പമായ ആശ നൽകുന്നതിനും സവ്വോത്തമമായ ടാണിക്കാണു് ബ്ളഡ്-ഇൻ-കാർണിസ്. കുട്ടികളുടെ വളർച്ചയ്ക്കാവശ്യമായ പോഷകാംശങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു.

### ബ്ളഡ്-ഇൻ-കാർണിസ്

തിരു: ഗവ: സർജ്ജൻജനറൽ ഡാക്ടർ എസ്സ്. ജോൺ റിട്ട: സർജ്ജൻ ജനറൽ ഡാക്ടർ കെ പി. രാമൻപിള്ള, റിട്ട: സർജ്ജൻ ജനറൽ ഡാക്ടർ മിസ്സസ് പുന്നൻലൂക്കോസ്, കൊച്ചി ഗവ: സിവിൽസർജ്ജന്മാരായ ഡാക്ടർ എ. കെ. മേനോൻ,. സിവിൽസർജ്ജൻ ഡാക്ടർ ബാബുറാവു, തിരുവനന്തപുരം ഡിസ്ട്രിക്ട് ഹോസ്പിററൽ സൂപ്രണ്ടു് ഡാക്ടർജേക്കബ് തളിയത്തു്, ഡാക്ടർ പോൾ പുത്തുരാൻ, ഡാക്ടർ ററി. കെ കൃഷ്ണസ്വാമി, വയസ്കര ആര്യൻ നാരായണൻമൂസ്സ് മുതലായ മററനേകം സർവ്വസമ്മതന്മാരായ വൈദ്യവിശാരദന്മാർ ബ്ളഡ്-ഇൻ-കാർണീസിന്റെ അത്ഭുതഫലസിദ്ധിയെ സാക്ഷ്യപത്രങ്ങൾകൊണ്ടു് പ്രശംസിക്കുന്നു.

അനുദിനം പ്രചാരത്തിൽ വരുന്ന ബ്ളഡ്-ഇൻ-കാർണിസ് സേവാക്രമത്തിൽ വിശേഷാൽ പത്ഥ്യമില്ലാത്ത രുചികരവും വീര്യവും ഉള്ള ഒരു പാനീയമാണു്.

Sole distributors:- A. V. & Sons Medical Hall, Alleppey,

എല്ലാ മരുന്നുഷാപ്പുകളിലും വില്ക്കപ്പെടുന്നു.

# The Quilon Pencil Factory, Quilon.

Manufacturers of High Quality

## LEKSHMI PENCILS

GOVERNMENT SUPPLIERS & WAR CONTRACTORS

ശ്രീ ചിത്രാ പ്രദർശനത്തിന് ഒന്നാംസമ്മാനം ലഭിച്ച

## ലക്ഷ്മി പെൻസിൽ

പാശ്ചാത്യനിർമ്മാണരീതിയിൽ വളരെ പരിചയം സിദ്ധിച്ചിട്ടുള്ള വിദഗ്ദ്ധന്മാരാൽ ഉണ്ടാക്കപ്പെടുന്നതും പല മഹാന്മാരുടേയും പ്രശംസാപത്രങ്ങൾ സിദ്ധിച്ചിട്ടുള്ളതും എല്ലാ ഇൻഡ്യൻമാർക്കറ്റുകളിലും പ്രചാരം സിദ്ധിച്ചിട്ടുള്ളതും ആകുന്നു.

ദി കയിലോൺ പെൻസിൽ ഫാക്ടറി,

(ഗവമ്മെൻറു സപ്ലെയേഴ്സ്)

കൊല്ലം.

(തിരുവിതാംകൂറിൽ ഇദംപ്രഥമമായി സ്ഥാപിക്കപ്പെട്ടതു്).

## വിദ്യാധിരാജവടിക

(വിദ്യാധിരാജപരമഭട്ടാരശ്രീ ചട്ടമ്പിസ്വാമി തിരുവടികളുടെ ദിവ്യോപദേശമാകയാൽ ഇതിനു വിദ്യാധിരാജവടിക എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു.)

കുട്ടികളുടെ ഉദരരോഗങ്ങൾക്കു്, വിശേഷിച്ചു വിരകോപത്തിനു് ഇത്ര ഫലപ്രദമായ ഔഷധം അധികം കാണാറില്ല.

കുഞ്ഞുങ്ങൾക്കു പതിവായി കൊടുക്കാവുന്നതാകയാൽ ഇതു് ഓരോ ഗൃഹത്തിലും സൂക്ഷിച്ചുകൊള്ളുന്നതു നന്നായിരിക്കും. സേവാക്രമം ഔഷധത്തോടുകൂടിയുണ്ടായിരിക്കും.

30 ഗുളികയടങ്ങിയപാക്കററ് 1. ന് വില 8 ണ.

ഏജൻറന്മാരെ ആവശ്യമുണ്ടു്.

മാനേജർ,

വാഗ്ഭടാശ്രമം ആയുർവേദഫാർമസി,

കൊല്ലം.

## നിങ്ങളുടെ ഭാവി!

ഭാവിഫലങ്ങൾ സൂക്ഷ്മമായി അറിഞ്ഞു് ജീവിതത്തെ കൂടുതൽ ശോഭനമാക്കുക!

മാസഫലമടങ്ങിയ ഒരു വർഷത്തെ ഫലമെഴുതുന്നതിനു് രൂ. 3.

5 ചോദ്യങ്ങൾക്കു് 2 രൂ. കൂടുതൽ ഓരോ ചോദ്യത്തിനു് 8 ണ. വീതം.

സമ്പൂർണ്ണജാതകം 10 രൂ സംക്ഷിപ്ത ജാതകം 5 രൂ. തല്ക്കുറി 3 രൂ.

ജനനസമയമോ, ജനനകാലഗ്രഹസ്ഥിതിയോ അഥവാ കത്തെഴുതുന്ന സമയമോ സൂക്ഷ്മമായി അറിയിക്കുക.

V. P. ചാർജ്ജ് 4 ണ. പുറമേ.

ജാതകമെഴുതുന്നതിനു് ജനനസമയം അറിയിക്കണം.

ജ്യോത്സ്യൻ,

ശാസ്ത്രി പി. ഏ. പരമേശ്വരൻപിള്ള,

ലക്ഷ്മീജ്യോതിഷാലയം,

ബോട്ടുജട്ടി, ആലപ്പുഴ.

# ശ്രീ വാഗ്ഭടാശ്രമം

## ആയുർവേദഫാർമസി, കൊല്ലം.

(ശ്രീമാൻ ടി. കെ. നാരായണക്കുറുപ്പ് അവർകളുടെ
നിർദ്ദേശാനുസാരം നടത്തപ്പെടുന്നതു്)

**മംഗലഘൃതം** ആസ്പത്രിയെ ശരണംപ്രാപിക്കാതെ സ്വന്തം ഭവനത്തിലെ ആയുർവേദത്തിനുള്ളിൽതന്നെ പ്രസവിക്കണമെന്നാഗ്രഹിക്കുന്ന സ്ത്രീകൾക്കു മംഗലഘൃതം ഉപേക്ഷിക്കാവുന്നതല്ല. സുഖപ്രസവത്തിനും, ആരോഗ്യത്തിനും, ശിശുവിൻെറ ക്ഷേമത്തിനും ഉറപ്പുതരുന്ന ഈ ഔഷധം ഗർഭിണികൾക്കു് ഒരു മഹാനുഗ്രഹമത്രേ. ഗർഭം അലസുമെന്നുള്ള ശങ്ക ഒരിക്കലും വേണ്ട. തുടരെ ഗർഭം അലസിക്കൊണ്ടിരിക്കുന്നവർ ഈ ഘൃതം മാത്രം സേവിച്ചാൽ മതിയാകും ഗർഭകാലം മുഴുവൻ ഓജസ്സും, ശക്തിയും നിലനിർത്തി പിൽക്കാലത്തെ ആരോഗ്യത്തെപ്പോലും രക്ഷിക്കുന്ന മംഗലഘൃതം ഏതൊരു കുടുംബത്തിനും ഒരു മംഗളം ചേർക്കുമെന്നു് ഒരിക്കൽ പരീക്ഷിച്ചാൽ ബോദ്ധ്യമാകുന്നതാണു്. ഗർഭത്തിലെ ശിശുവിൻെറ രക്തപുഷ്ടി, തേജസ്സ്, ശക്തി എന്നിവയെ മംഗലഘൃതംപോലെ മറെറാന്നും പുലർത്തുകയില്ല.

10 ഔൺസിനു് (ഒരുമാസത്തേക്കു്) വില രൂ 8.

**നര** ഒരു രോഗലക്ഷണമാണു്; വിശേഷിച്ചു 30 വയസ്സിനുമുമ്പു തലമുടി കറുത്തിരുണ്ടു് തഴച്ചുവളരേണ്ട ആ യൗവ്വനപ്രായത്തിൽ നിങ്ങൾ എന്തിനു നരയ്ക്കണം? നരയ്ക്കാതിരിക്കാനും അകാലനരയെ മാററാനുമായി ഒരു പുതിയ ഔഷധം ഞങ്ങൾ തയാറാക്കിയിരിക്കുന്നു. നരയ്ക്കുക, കൊഴിയുക, നിറംകെടുക തുടങ്ങിയ സകല ശിരോരോഗങ്ങളെയും അത്ഭുതകരമാംവണ്ണം സുഖപ്പെടുത്തി തലമുടിക്കു സ്നിഗ്ദ്ധതയും, നിബിഡതയും, വർണ്ണമനോഹരതയും തലയ്ക്കു കുളിർമയും മുഖത്തിനു പ്രസന്നതയും ഓജസ്സും നൽകുന്ന

### സുവേണിതൈലം

സ്ത്രീപുരുഷന്മാർക്കൊന്നുപോലെ യുവത്വം പ്രദാനംചെയ്യുന്നു. യൗവ്വനശ്രീ നിങ്ങളുടെ ശ്രദ്ധയെ ആശ്രയിച്ചിരിക്കുന്നു എന്നു തെളിയിക്കുന്ന ഈ ഔഷധത്തിനു്,

10 ഔൺസു് കുപ്പി ഒന്നുക്കു വില രൂ 5.

# വിജ്ഞാനപ്രദമായ ലേഖനങ്ങൾക്ക്

# മലയാളരാജ്യം

## വാരിക (തിങ്കളാഴ്ചപ്പതിപ്പ്)

# വായിക്കുവിൻ!





## ROYAL BAKERY,

### MAIN ROAD, QUILON.

## റായൽ ബേക്കറി,

മെയിൻറോഡ്—കൊല്ലം.

ഞങ്ങളുടെ ബേക്കറിയിൽ ഗോതമ്പുറൊട്ടി, ബൺ, ബിസ്കറു്, കേക്കുകൾ മുതലായ എല്ലാ രുചികരമായ സാധനങ്ങളും എപ്പോഴും മിതമായവിലയ്ക്കു വില്ക്കുവാൻതയാറുണ്ട്.

കൂടാതെ ഓർഡർ അനുസരിച്ച് എല്ലാത്തരം കേക്കുകളും കൃത്യസമയത്തു ചെയ്തുകൊടുക്കുന്നതാണ്.

ഞങ്ങളുടെ സാധനങ്ങൾ പരിശോധിക്കുവിൻ!

പ്രൊപ്രൈറ്റർ,

ആർ. എഫ്. മെച്ചാഡ്.

'സുഖിദ' (1931-ൽ 335-ാംനമ്പ്രായി കല്ലുകെട്ടായിൽ രജിസ്റ്റർ ചെയ്തതു്.)

ശ്രീചിത്തിര എക്സിബിഷനിൽനിന്നും തങ്കമെഡൽ ലഭിച്ച
"ഒരത്ഭുതകരമായ ധാതുപുഷ്ടി നെർവയിൻ ടോണിക്ക്"

മെലിഞ്ഞവൎക്കു് ഒരനുഗ്രഹം.

ഓജസ്സും യൗവ്വനവും എന്നും കാണ്മാൻ നിലനിൎത്തുന്ന ഒരു ദിവ്യകല്പം!

ധാതുനഷ്ടം, സ്ഖലനം, ഞരമ്പുതളൎച്ച, ബലഹീനത ഇവയെ മാററി ക്ഷയിച്ചുപോയ ജീവശക്തിയെ വീണ്ടെടുത്തു് തളൎന്നുപോയ ധാതുക്കളെ ബലപ്പെടുത്തി, തലച്ചോറിനെ തണുപ്പിച്ചു്, ഓൎമ്മശക്തിയെ വൎദ്ധിപ്പിക്കുന്നതു കൂടാതെ എല്ലാവൎക്കും രതിമന്മഥസുഖാനന്ദ ഇന്ദ്രിയസത്തെ തരുന്നതും, സന്താനലാഭത്തെ പ്രദാനം ചെയ്യുന്നതുമാണു്. പ്രസവിച്ചവൎക്കും ഗൎഭിണികൾക്കും അത്യുത്തമം.

8 ഔൺസ് 15 ദിവസത്തെ മരുന്നടങ്ങിയ കുപ്പി 1-ക്കു് വില രൂപ 1 അണ 8 മാത്രം.
വി. പി. ചാൎജ്ജു പുറമെ.

ആയുൎവ്വേദശിരോമണി ഡാക്ടർ ററി ആർ. എൻ. ദാസ്,
എച്ച്. എം. ബി. എൽ. എം. എസ്സ്. (യു) ആൻഡ് എം. ഐ. എച്ച്. സി.
ഇൻഡ്യൻ മെഡിക്കൽ സ്റ്റോർസ്, ചിന്നക്കട, കൊല്ലം

ശാരദാപ്രസ്സ്,
ബീച്ച്റോഡ്, കൊല്ലം.

ഇംഗ്ലീഷ്, മലയാളം, തമിഴ് എന്നീ ഭാഷകളിൽ ഏതുതരം അച്ചടിവേലകളും ഭംഗിയായി കൃത്യസമയത്തു ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ,
മുള്ളുകാട്ടിൽ
കെ. ഗംഗാധരനാശാൻ.

"സഖാവ്"
വാൎഷിക വിശേഷാൽപ്രതി

150-ൽപരം പേജിൽ മേനിക്കടലാസ്സിൽ അച്ചടിച്ചു തയ്യാറാകുന്നു.
മഹാകവികളുടെ ഭാവനാഭാസുരങ്ങളായ ലേഖനങ്ങൾ, കവിതകൾ, ഏകാങ്കനാടകങ്ങൾ മുതലായവയടങ്ങിയ ഒരു സാഹിത്യോപഹാരം.

മാനേജർ, 'സഖാവ്'
കടപ്പാക്കട, കൊല്ലം.

## തിരുത്തു്.

കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധം ചെയ്തിരുന്ന മഹാകവി ഉള്ളൂരിന്റെ 'നമ്മുടെ അമ്മ' എന്ന ലേഖനത്തിലെ ചില അക്ഷരപ്പിശകുകൾ താഴെക്കാണും പ്രകാരം തിരുത്തി വായിക്കേണ്ടതാകുന്നു.

| വരി | അബദ്ധം | സുബദ്ധം |
|---|---|---|
| 1 | കപീറൻ | കപിലൻ |
| 2 | മനസിലായ | മനസ്സിലായ |
| 3 | വിസ്തരോഷര്റ | വിസ്താരോച്ചൂ്റ. |

അച്ചുപിശാചുകേറി, ടാഗോറിൻെറ ഈ ലക്കത്തെയും ഒട്ടൊക്കെ വികൃതമാക്കാൻ ശ്രമിച്ചു! 'കപില'നെ 'കപീഠ'നാക്കുന്ന വിദ്യ, 'പതഞ്ജലി'യെ 'പാടഞ്ചാളി'യാക്കിയ കാളേജുപ്രഫസർക്കും വശമില്ല! നമ്മുടെ ചുററിലുമുള്ള മററു പിശാചുക്കളേക്കാൾ ഭയപ്പെട്ടേണ്ടിയിരിക്കുന്നു, ഈ പിശാചിനെ! ഇതിനെപ്പിന്നെ പണ്ഡിതമ്മന്യതയാകുന്ന കൊട്ടംപിശാചുകൂടി ആവേശിച്ചാലത്തെ കഥയോ? മഹാകവിയുടെ 'മലയാള'ത്തിലെ 'പള്ളി'യെ വെറും 'വള്ളി'യാക്കിക്കളഞ്ഞതോ പോകട്ടെ; തെററുകൾ കണ്ടാൽ മരിച്ചവരെപ്പോലും വെറുതേ വിടാത്ത ശ്രീ. ദാമോദരൻപിള്ള ജീവിച്ചിരിക്കെ, അദ്ദേഹത്തിൻെറ 'ദാരിദ്ര്യമല്പദാനേന' എന്ന ലേഖനത്തിലെ എല്ലാ 'ദാരിദ്ര്യ'ത്തേയും ഒന്നുപോലെ 'ദാരഭ്യ'മാക്കിത്തീർത്ത പരാക്രമത്തെ സമ്മതിക്കാതെ കഴിയുമോ? നടക്കട്ടെ! [പത്രാധിപർ.]

# വിജയാശംസ

(തർജ്ജമ)

എന്റെ അച്ഛന്റെ നാമധേയത്തിൽ താങ്കൾ പുറപ്പെടുവിക്കുന്ന മലയാള മാസികയുടെ ആദർശങ്ങളും ലക്ഷ്യങ്ങളും വിജയത്തിലെത്തിച്ചേരുവാൻ എന്റെ ശുഭാശംസകൾ. നമ്മുടെ സംസ്കാര പാരമ്പര്യത്തിന്റെ പരിപോഷണം നമ്മുടെ മാതൃഭാഷയുടെ പരിപോഷണത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. താങ്കളുടെ മാസിക മലയാളഭാഷയുടേയും സാഹിത്യത്തിന്റേയും നവോത്ഥാനം കൈവരുത്തുവാൻ പ്രയോജനപ്പെട്ടുമാറാകട്ടെ.


രതീന്ദ്രനാഥടാഗോർ

ശാന്തിനികേതൻ,
1944 ജനവരി 11.

(ഒപ്പ്)



K. JACOB THOMAS MEMORIAL SAHRUDAYA
MANNARGHAT



K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY
MANNARGHAT

# ടാഗോർ

പുസ്തകം ൧. | ജൂൺ | ലക്കം ൨.

# ആചാര്യ പ്രഫുല്ലചന്ദ്രറായി

(ജീ. രാമനാഥയ്യർ ബി. എ., എൽ. ടി)

ഇക്കഴിഞ്ഞ ജൂൺ 16-ാംതീയതിക്കു് മിഥുനം 3-ാംതീയതി വെള്ളിയാഴ്ച, സൂര്യാസ്തമനത്തോടു് അടുക്കുന്നസമയം കൽക്കട്ടാ സർവ്വകലാശാലയിലെ സയൻസ്കാളേജിനോടുചേർന്ന ഒരു മുറിയിൽ അദ്ധ്യേതാക്കളും അദ്ധ്യാപകന്മാരും ഉൾപ്പെടെ ഒരു ചെറിയ ജനസംഘം സമ്മേളിച്ചിരുന്നു. അവർ നിഃശബ്ദരും പ്രാർത്ഥനാലീനന്മാരുമായി കഴിഞ്ഞിരുന്നതോടുകൂടിത്തന്നെ അവിടെയുണ്ടായിരുന്ന ഒരുരോഗശയ്യയിലേക്കു ദത്തശ്രദ്ധരായും ഇരുന്നിരുന്നു. അസ്ഥിമാത്രശരീരനും എന്നാൽ ആർഷപ്രഭാവാനുമായ ഒരു വയോവൃദ്ധനായിരുന്നു രോഗശയ്യയിൽ കിടന്നിരുന്നതു്. ശ്വാസവേഗത്തിന്റെ ചലനമല്ലാതെ ചൈതന്യത്തിന്റെ മററു ലക്ഷണങ്ങൾ യാതൊന്നും ആ രോഗിയിൽ കണ്ടില്ല. ഒരു ഖദർവസ്ത്രം ആ ശരീരത്തെ ആവരണംചെയ്തിരുന്നു. ക്രമേണ ശ്വാസത്തിന്റെ ഗതി ഒരു അപകടനിലയിലേക്കു സംക്രമിക്കുന്നതായി കണ്ടു് പാർശ്വവർത്തികൾ ഉൽക്കണ്ഠാകുലരായി. ആസന്നമാകുന്ന നിമിഷത്തിന്റെ മാഹാത്മ്യത്തെ ഭഞ്ജിക്കാൻ ഭിഷഗ്വരന്മാർ ധൈര്യപ്പെട്ടില്ല. ആ സരസ്വതീമന്ദിരത്തിലെ അന്തരീക്ഷം ആ മുഹൂർത്തത്തിന്റെ സമാഗമത്തിൽ ദിവ്യമായ ഒരു നിശ്ചേഷ്ടതയെ അവലംബിച്ചു. സൂര്യഭഗവാൻ അന്നത്തെ ദിനകൃത്യങ്ങൾ സമാപനംചെയ്തു് അസ്തമിക്കുവാനുള്ള ഉദ്യമംതുടങ്ങി. രോഗിയുടെ ജഡം നിശ്ചേഷ്ടമായി. ഇങ്ങനെ പ്രഫുല്ലചന്ദ്രനായി ജന്മമെടുത്ത നിത്യബ്രഹ്മചാരിയുടെ ആത്മാവു് അനന്തതയിൽ ലയിച്ചു.

ആചാര്യ പി. സി. റായിക്കു രോഗംപിടിപെട്ടിരിക്കുന്നു എന്നുള്ള വാർത്ത ജൂൺ ആദ്യവാരത്തിന്റെ അവസാനത്തിൽത്തന്നെ എല്ലാവരും അറിഞ്ഞിരുന്നു. മരിക്കുമ്പോൾ അദ്ദേഹത്തിനു് എൺപത്തിമൂന്നു വയസ്സു പ്രായമുണ്ടായിരുന്നു. അദ്ദേഹം അനേകവർഷക്കാലമായി സയൻസുകാളേജിൽത്തന്നെയായിരുന്നു താമസിച്ചിരുന്നതു്. ദിവസംതോറും അനേകംപേർ കാളേജിൽ പോയി അന്വേഷിച്ചും ദൂരസ്ഥലങ്ങളിൽനിന്നു സുഹൃത്തുക്കൾ പ്രാർത്ഥനാസന്ദേശ

ങ്ങൾ അയച്ചും രോഗസ്ഥിതിവിവരം ഗ്രഹിച്ചുകൊണ്ടിരുന്നു. രോഗാരംഭത്തിൽതന്നെ അദ്ദേഹത്തിൻെറസ്ഥിതി ആശങ്കാജനകമാണെന്നായിരുന്നു ഡാക്ടർമാരുടെ അഭിപ്രായം. അധികൃതമണ്ഡലത്തിൻെറ അതികാരുണ്യംകൊണ്ടു സമീപകാലത്തിൽ കാരാഗൃഹവിമുക്തനായ ഗാന്ധിജി ഇപ്രകാരം കമ്പിയടിക്കുകയുണ്ടായി "ഒരു ശതാബ്ദമെങ്കിലും പൂർത്തിയാക്കാൻ അങ്ങു് നിർബന്ധംപിടിച്ചു് ഉത്സാഹിക്കുമെന്നു് ആശിക്കുന്നു." എന്നാൽ നിയതി ആ ജീവിതസത്രത്തിൻെറ സമാപനം കുറിച്ചുകഴിഞ്ഞിരുന്നു.

കൽക്കട്ടാസർവ്വകലാശാലയിലെ സയൻസ്കാളേജിൻെറ ജീവചൈതന്യമായിരുന്നു അദ്ദേഹം എന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. ഈ ശതാബ്ദത്തിൻെറ ആദിഘട്ടത്തിൽ കൽക്കട്ടാസർവ്വകലാശാലയുടെ അദ്ധ്യക്ഷപദം അലങ്കരിച്ചിരുന്ന അശുതോഷ്മുക്കർജിയുടെ പ്രേരണാശക്തിയും സ്വരാജ്യസ്നേഹികളായ ഏതാനും ധനാഢ്യന്മാരുടെ ഉദാരസംഭാവനകളും സംഗമിച്ചു്, തൽഫലമായി ഉദയംചെയ്ത ഒരു മഹാസ്ഥാപനമാണു സയൻസുകാളേജ്. അന്നു പ്രസിഡൻസികാളേജിൽ രസതന്ത്രാചാര്യനായി ജോലിനോക്കിവന്നിരുന്ന പ്രഫുല്ലചന്ദ്രനാണു സയൻസുകാളേജിലേക്കു നിയോഗിക്കപ്പെട്ടതു്. ആ കാലംമുതൽ അദ്ദേഹത്തിൻെറ താമസവും സയൻസുകാളേജിൽതന്നെയായിരുന്നു. അവിടെവെച്ചു് അദ്ദേഹം അനവധി ഭാരതീയയുവാക്കന്മാർക്കു രസതന്ത്രസംബന്ധമായ വിവിധപ്രവർത്തനങ്ങളിൽ പരിശീലനം നൽകുകയും അങ്ങനെ ശാസ്ത്രീയമണ്ഡലങ്ങളിൽ ഇൻഡ്യയ്ക്കു് ഒരു ഉന്നതസ്ഥാനം സമ്പാദിച്ചുകൊടുക്കുകയും ചെയ്തു

കൂടാതെ ഇന്നു് അൻപതുലക്ഷംരൂപയോളം ആസ്തിവരുന്ന "ബംഗാൾ കെമിക്കൽ & ഫാർമക്കൂട്ടിക്കൽവർക്സു്" എന്ന വ്യവസായശാലയുടെ സംസ്ഥാപകനും ആചാര്യ പി. സി. റായി തന്നെയാണു്. അഞ്ഞൂറു രൂപാ മുതൽമുടക്കി ആരംഭിച്ച ഒരു സ്ഥാപനമാണു് അതു്. അതുകൂടാതെ മററനേകം വ്യവസായശാലകളും അദ്ദേഹം സ്ഥാപിച്ചിട്ടുണ്ടു്. ഈ വ്യവസായശാലകളിലെ ഉല്പന്നങ്ങൾ ഇല്ലാത്ത കമ്പോളങ്ങൾ ഇന്നു് ഉണ്ടാവില്ല. അവയിൽനിന്നെല്ലാം അദ്ദേഹത്തിനു് ലഭിച്ചുകൊണ്ടിരുന്ന ആദായവും സയൻസുകാളേജിൽനിന്നു് നൽകിക്കൊണ്ടിരുന്ന ശമ്പളവും എല്ലാംകൂടി ഒരു വലിയ തുക ഉണ്ടായിരുന്നുവെങ്കിലും സ്വന്തം ആവശ്യത്തിലേക്കു് പ്രതിമാസം അൻപതു രൂപാ മാത്രമാണു് അദ്ദേഹം സ്വീകരിച്ചിരുന്നതു്. ബാക്കി പണമെല്ലാം ദരിദ്രരായ വിദ്യാർത്ഥികൾക്കു് വേതനങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾക്കായി അദ്ദേഹം ദാനംചെയ്തു വന്നിരുന്നു

രസതന്ത്രത്തിൽ ആചാര്യ റായി ലോകവിശ്രുതിപെററിരുന്ന ഒരു ശാസ്ത്രജ്ഞനുമായിരുന്നു. അദ്ദേഹമാണു് "മെർക്യൂറസ് നൈട്രൈററ്" എന്ന രസതന്ത്രപദാർത്ഥം ആദ്യമായി കണ്ടുപിടിച്ചതു്. അദ്ദേഹം എഡിൻബറോ സർവ്വകലാശാലയിൽ ഒരു ഗവേഷണവിദ്യാർത്ഥിയായിരുന്ന കാലത്തു് അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾ അനുസരിച്ചു് ഗവേഷണം നടത്തിക്കൊണ്ടിരുന്ന മാഷൽ എന്നയാൾ "കോബാൾട് ആലം" എന്ന പദാർത്ഥം കണ്ടുപിടിക്കയും അതോടുകൂടി മാഷൽ ലോകവിഖ്യാതനായ ഒരു രസതന്ത്രജ്ഞനായിത്തീരുകയുംചെയ്തു.

ഇപ്രകാരമെല്ലാം മഹത്വമാർന്നിരുന്ന ആചാര്യ റായി വിദ്യാഭ്യാസം കഴിഞ്ഞ കാലത്തു് ഉദ്യോഗാന്വേഷിയായി പല ഇച്ഛാഭംഗങ്ങളും സഹിക്കേണ്ടിവന്നു എന്നുള്ളതു് രസാവഹവും ഹൃദയഭേദകവും ആയ ഒരു വസ്തുതയാണു്.

പ്രഫുല്ലചന്ദ്രൻ 1861 ആഗസ്റ്റ് 2-ാനു- ബംഗാളിൽ ജസ്സോർ ഡിസ്ട്രിക്ടിലെ ഒരു പ്രഭുകുടുംബത്തിൽ ജനിച്ചു. അദ്ദേഹത്തിനു് ഒരു ജ്യേഷ്ഠസഹോദരനും ഒരു സഹോദരിയും ഉണ്ടായിരുന്നു. അവരിൽ ശ്രീ. ഇന്ദുമതി എന്ന ആ സഹോദരി മാത്രമേ ഇപ്പോൾ ജീവിച്ചിരിക്കുന്നുള്ളു. അവരുടെ പിതാവായ ഹരിശ്ചന്ദ്രറായി സംസ്കാരസമ്പന്നനും പരിഷ്കാരേച്ഛുവുമായിരുന്നു. പുത്രന്മാരുടെ വിദ്യാഭ്യാസത്തിനായി അദ്ദേഹം 1870-ൽ സകുടുംബം കൽക്കട്ടയിലേയ്ക്കു താമസം മാററി.

പ്രഫുല്ലചന്ദ്രന്റെ വിദ്യാഭ്യാസം ക്രമാനുഗതമായി നടന്നുവന്നു. ബാല്യകാലത്തിൽ തന്നെ അദ്ദേഹം കേശവചന്ദ്രസേനൻ മുതലായ വംഗദേശനേതാക്കന്മാരുമായി സമ്പർക്കം പുലർത്തിവന്നു എന്നാണു് കാണുന്നതു്. അക്കാലത്തു അദ്ദേഹത്തിനു് കുടൽസംബന്ധമായ ഒരു വ്യാധി പിടിപെട്ടു. രോഗം ക്രമേണ ശമിച്ചു എങ്കിലും മരണപര്യന്തം അതിന്റെ ഉപദ്രവം കൂടക്കൂടെ ഉണ്ടായിക്കൊണ്ടിരുന്നു.

കൽക്കട്ടയിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ ഹരിശ്ചന്ദ്രന്റെ ധനസ്ഥിതി വളരെ മോശമാകുവാനും പട്ടണത്തിലെ താമസം നിർത്തുവാനും ഇടയായി. എങ്കിലും പ്രഫുല്ലചന്ദ്രന്റെ വിദ്യാഭ്യാസം തുടർന്നുവന്നു. അങ്ങനെയിരിക്കെ അദ്ദേഹത്തിനു് ഒരു സ്കാളർഷിപ്പു ലഭിക്കുകയും അച്ഛന്റെ അനുമതിയോടുകൂടി ഉപരിവിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിലേക്കു തിരിക്കുകയും ചെയ്തു. എഡിൻബറോ സർവ്വകലാശാലയിൽ ആറു വർഷക്കാലം അദ്ദേഹം അദ്ധ്യയനം നടത്തി.

ഇംഗ്ലണ്ടിലെ താമസത്തിനിടയ്ക്കു് അദ്ദേഹം എഴുതിയ ഒരു ഉപന്യാസം അദ്ദേഹത്തിനു വലിയ വിഖ്യാതി നേടിക്കൊടുത്തു. "ശിപായിലഹളയ്ക്കു മുമ്പും പിമ്പും ഉള്ള ഇൻഡ്യ" എന്ന വിഷയത്തെപ്പററിയുള്ള ഒരു ഉപന്യാസമത്സരത്തിൽ എഴുതിയതായിരുന്നു ആ പ്രബന്ധം. എന്നാൽ അതിൽ ബ്രിട്ടീഷ്ഗവർമ്മെന്റിന്റെ ഇൻഡ്യാഭരണത്തെപ്പററി ചില നിശിതവിമർശനങ്ങൾ അടങ്ങിയിരുന്നതുകൊണ്ടായിരിക്കാം, സമ്മാനാർഹമായി ഗണിക്കപ്പെട്ടില്ല.

1888-ൽ അദ്ദേഹം രസതന്ത്രത്തിൽ വിഖ്യാതവിജയം നേടിക്കൊണ്ടു് ഇൻഡ്യയിലേക്കു മടങ്ങി. ഇംഗ്ലണ്ടിൽനിന്നും അദ്ദേഹത്തിനുവേണ്ടി പല മഹാന്മാരും ശുപാർശകൾ അയച്ചിരുന്നുവെങ്കിലും ഇൻഡ്യാഗവർമ്മെന്റിന്റെ കീഴിലുള്ള ഐ. ഇ. എസ്സ്. ഗ്രേഡിൽ ഒരു ജോലി ലഭിക്കുന്നതിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ പ്രയത്നം നിഷ്ഫലമായി പരിണമിച്ചതേയുള്ളു. ജോലിയൊന്നും ഇല്ലാതെ ഒരുവർഷക്കാലം അദ്ദേഹത്തിനു കഴിച്ചുകൂട്ടേണ്ടതായി വന്നു. അക്കാലമത്രയും അദ്ദേഹം സർ ജെ. സി. ബോസിനോടുകൂടി താമസിച്ചു് രസതന്ത്രസംബന്ധമായ ഗ്രന്ഥങ്ങളും മാസികകളും വായിച്ചുകൊണ്ടിരുന്നു.

ഒടുവിൽ പ്രസിഡൻസികാളേജിൽ ഒരു ചെറിയ ശമ്പളത്തിൽ അദ്ദേഹം നിയമിക്കപ്പെട്ടു ഇച്ഛാഭംഗത്തോടെയെങ്കിലും അദ്ദേഹം ആ ജോലിയിൽ പ്രവേശിച്ചു.

അക്കാലത്താണു് അദ്ദേഹം "ബംഗാൾ കെമിക്കൽ ആൻറു് ഫാർമക്യൂട്ടിക്കൽവർക്ക്സ്" എന്ന രസതന്ത്രവ്യവസായശാല സമാരംഭിച്ചതു്. "മെർക്യൂറസ്നൈട്രൈററ്" എന്ന പദാർത്ഥം കണ്ടുപിടിച്ചു് അന്തർരാഷ്ട്രീയവിഖ്യാതിനേടിയതും അക്കാലത്തുതന്നെ. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അദ്ദേഹത്തിനു പ്രശംസാസന്ദേശങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. ഫ്റാൻസിൽനിന്നും ബർതിലോ എന്ന ശാസ്ത്രജ്ഞന്റെ നിരന്തരപ്രേരണയുടെ ഫലമായി അദ്ദേഹം

"ഹൈന്ദവരസതന്ത്രചരിത്രം" എന്നൊരു ഗ്രന്ഥം രചിക്കാൻ ആരംഭിക്കുകയും പതിനഞ്ചുവർഷത്തെ ശ്രമത്തിൻെറ ഫലമായി അതു് പ്രസിദ്ധീകരിക്കുകയും ചെയ്തു.

1904-ലും 1912-ലും ആചാര്യ റായി യൂറോപ്പിൽ സഞ്ചരിക്കുകയും അനേകം ശാസ്ത്രജ്ഞന്മാരുമായി കണ്ടു പരിചയപ്പെടുകയും സുപ്രസിദ്ധ ഗവേഷണശാലകൾ സന്ദർശിക്കുകയും ചെയ്തു.

1916-ലാണു് സയൻസുകാളേജ് ആരംഭിച്ചതു്. അപ്പോൾതന്നെ അദ്ദേഹം പ്രസിഡൻസികാളേജ് വിടേണ്ടതായും വന്നു. അതിൽ പിന്നീടുള്ള കാലമത്രയും അദ്ദേഹം സയൻസുകാളേജിൽതന്നെയാണു് കഴിച്ചുകൂട്ടിയതു്.

ശാസ്ത്രലോകത്തിലെ ഈ വിശിഷ്ടതാരം രാഷ്ട്രീയമണ്ഡലത്തിലും ജ്യോതിസ്ഫുരണംചെയ്തുകൊണ്ടിരുന്നു. ഇറക്കുമതിസാമാനങ്ങൾക്കുപകരം സ്വദേശിസാമാനങ്ങൾ ഉപയോഗിക്കണമെന്നുള്ള സന്ദേശംനൾകുകയാണു് അദ്ദേഹം ജീവിതവ്രതമായി കരുതിയിരുന്നതു്. അദ്ദേഹത്തിൻെറ ജീവിതചര്യയിൽ ആ തത്വത്തിൻെറ അനുഷ്ഠാനം മാതൃകയായി കാണിച്ചുകൊടുക്കുകയും ചെയ്തു. മഹാത്മാഗാന്ധി ഇൻഡ്യയിലെ രാഷ്ട്രീയമണ്ഡലത്തിൽ പ്രവേശിച്ചതോടുകൂടി ആചാര്യ റായി ഖദർവസ്ത്രം ധരിക്കുവാനും ഖദർപ്രസ്ഥാനത്തിൻെറ മാഹാത്മ്യത്തേയും കഴിവുകളേയും ഉച്ചൈസ്തരം പ്രഖ്യാപനംചെയ്യുവാനും തുടങ്ങി.

ഏകദേശം പത്തുവർഷത്തിനു മുമ്പു് ആചാര്യ റായി തിരുവിതാംകൂർ സന്ദർശിക്കുകയുണ്ടായി. ആ സന്ദർഭത്തിൽ തിരുവനന്തപുരം ജൂബിലിഹാളിൽവെച്ചു് അദ്ദേഹത്തിനു് ഒരു സ്വീകരണം നൾകപ്പെട്ടു. സഭാവേദിയിൽ നിന്നുകൊണ്ടു് ആ ലോകവിശ്രുതൻ തൻെറ കൈകളെ സദസ്യർക്കു കാണിച്ചുകൊടുത്തു് പരുപരുത്ത ഖദർവസ്ത്രങ്ങൾ ധരിച്ചുവരുന്നതുകൊണ്ടു് എന്തെങ്കിലും കുറവു് ആ അവയവങ്ങൾക്കു സംഭവിച്ചുപോയിട്ടുണ്ടോ എന്നു സദസ്യരോടു ചോദിക്കുകയുണ്ടായി എന്നുള്ള വസ്തുത ഈ സന്ദർഭത്തിൽ വിശിഷ്യ സ്മർത്തവ്യമാണു്.

ഇപ്രകാരമെല്ലാം സ്വരാജ്യസേവനത്തിനായി ജീവിതമർപ്പിച്ചു് ഭാരതീയരുടെ ഐകകണ്ഠ്യമായ സ്നേഹാദരങ്ങൾ സമാർജ്ജിച്ച ലോകവിശ്രുതനായ ഈ മഹർഷിയുടെ ജഡം ജൂൺ 17-ാംതീയതി രാവിലെ ഗംഗാനദീതീരത്തിൽ മഹാകവി രവീന്ദ്രനാഥ ടാഗോറിനെ സംസ്കരിച്ച സ്ഥലത്തിനടുത്തു തന്നെ സംസ്കരിക്കപ്പെട്ടു. കൽക്കട്ടാ നഗരത്തിലെ പൌരമുഖ്യന്മാർ അടങ്ങിയ ഒരു വമ്പിച്ച ജനസമൂഹം ജാതിമതഭേദം കൂടാതെ അദ്ദേഹത്തോടുള്ള ബഹുമാനം പ്രദർശിപ്പിച്ചുകൊണ്ടു് സംസ്കാരസ്ഥലത്തു സമ്മേളിച്ചിരുന്നു. ജ്യേഷ്ഠൻെറ പുത്രനായ യതീൻ റായിയായിരുന്നു സംസ്കാരകർമ്മങ്ങൾ അനുഷ്ഠിച്ചതു്.

സയൻസ്കാളേജിൽ അദ്ദേഹം ഉപയോഗിച്ചുവന്നിരുന്നമുറി അദ്ദേഹത്തിൻെറ സ്മരണയെ ശാശ്വതമായി നിലനിർത്തുവാൻ ഉപകരിക്കുന്ന ഒരു ഗർഭഗൃഹമായി സൂക്ഷിക്കുവാൻ അധികാരികൾ നിശ്ചയിച്ചിരിക്കുന്നു. അദ്ദേഹം കിടക്കാൻ ഉപയോഗിച്ചുവന്ന കട്ടിൽ, ഉപധാനങ്ങൾ, വസ്ത്രങ്ങൾ എന്നിവയും അദ്ദേഹം രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടെ ഓരോ പ്രതിയും, കൂടാതെ അദ്ദേത്തിൻെറ ചിതാഭസ്മം അടങ്ങിയ കലശവും ആരാധനാസാമഗ്രികളായി ആ മുറിയിൽ സൂക്ഷിക്കുന്നതിനും ഏർപ്പാടുചെയ്തിട്ടുണ്ടു്.

ഭാരതമാതാവിൻെറ വിശിഷ്ട സന്താനപരമ്പരയിലെ ഈ മഹാനായ ത്യാഗിവര്യൻ, അങ്ങനെ മരണത്താൽ ജീവിതത്തിൻെറ വ്യാപ്തി ക്രമാതീതമായി വർദ്ധിപ്പിച്ചു! അതേ—അദ്ദേഹം ഇപ്പോൾ സ്വർഗ്ഗത്തുകൂടി ജീവിക്കുന്നു!

# *മലയാളം

(വള്ളത്തോൾ)

മാൺപിയന്നു വിളങ്ങുന്നു
മലയാളം മനോരമം
മഹാഭാരതഭൂവിൻെറ
മണിത്തങ്കച്ചിലങ്കയായ്. 1

ഭാരതക്ഷോണിതൻ പാദ-
പീഠമിപ്പാരിടം പുരാ
ഒരു വെൺമഴുവാലത്രേ,
നിർമ്മിക്കപ്പെട്ടു ഭംഗിയിൽ. 2

കിഴക്കിതിൻ ഗോപുരമായ്
ലസിപ്പൂ സഹ്യപർവ്വതം
അഗാധമായുള്ള കിട-
ങ്ങിതിന്ന,പരസാഗരം. 3

വടക്കു ഗോകർണ്ണശിവൻ
തെക്കു കന്യാകുമാരിയും
ഉണർന്നു മരുവുന്നുണ്ടീ
രത്നഗർഭയ്ക്കു കാവലായ്. 4

ഹിമവാനെന്ന തനിവെൺ-
പട്ടിൻതലയിണയ്ക്കുമേൽ
തലവെച്ചു കിടന്നിട്ടു-
മൂഷിനാടിൻപാദങ്ങളെ. 5

തെങ്കടൽത്തിരയാം കൈകൊ-
ണ്ടാരോമന്മകൾ പോലവേ
യഥാസുഖം തലോടുന്നു
ഭവ്യയിബ്ഭാഗ്യവക്ഷിതി. 6

സഹ്യാചലപ്പിളർപ്പാം തൻ-
പടിവാതിലൊരിക്കലും
അടയ്ക്കുമാറില്ലൗദാര്യാ-
ലതിഥിപ്രിയയാമിവൾ. 7

പാടീരചന്ദനൈലാദി-
പദാർത്ഥങ്ങളിലൂടവേ
എങ്ങെങ്ങു ചെന്നുചേർന്നിട്ടി-
ല്ലിവൾതൻ കീർത്തിസൗരഭം? 8

തുംഗങ്ങളാം തെങ്ങുകൾതൻ
നൽത്തണ്ണീർപ്പൊൻകുടങ്ങളാൽ
ഭൂഖണ്ഡരാജ്ഞീസ്ഥാനത്തി-
ലഭിഷിക്ത ചിരാലിവൾ. 9

മൗലിഭാഗേ മരകത-
ച്ചെണ്ടണിഞ്ഞ കമുങ്ങുകൾ
ജയധ്വജങ്ങളായ് നില്പൂ-
ണ്ടിവൾതൻ മിക്ക തോപ്പിലും; 10

ചില വൃക്ഷത്തടികളിൽ-
ച്ചേർന്ന വെററിലവള്ളികൾ
പരിശോഭിപ്പിതി,വൾതൻ
പച്ചത്തഴകൾപോലവേ. 11

വിര്പട്ടുകളെച്ചൂടും
കരിമ്പന മരങ്ങളോ,
ഈ റാണിതൻ മയിൽപ്പീലി-
ക്കൊററക്കുടകൾ തന്നെയാം! 12

* പകർപ്പവകാശം വള്ളത്തോൾ ഗ്രന്ഥാലയത്തിന്.

മേഘങ്ങളാലുട്ടപ്പിട്ട
മല, കുന്നുകൾ, മേട്ടുകൾ,
ആന മാൻ പന്നി പുലികൾ
പോത്തും മേളിച്ച കാട്ടുകൾ, 16

തെളിഞ്ഞൊരാളങ്ങൾതൻ മൂളി-
പ്പാട്ടുമായ്പ്പോകുമാറുകൾ,
ആമ്പലും നൈതൽ തണ്ടാരു-
മിടതിങ്ങിയ പൊയ്കകൾ, 14

വിചിത്രപക്ഷിച്ചിറകിൻ
മഴവില്ലാർന്ന ശാഖികൾ,
പിലാവും പുളിയും മാവും
വാഴയും വായ്ച്ച തോപ്പുകൾ, 15

അശോകം ചമ്പകം പിച്ചി
മുല്ലയും ചേർന്ന വാടികൾ,
പശമപ്പെട്ട പാടങ്ങൾ,
പശുമേയും പറമ്പുകൾ— 16

നാനാപ്രകൃതിസൌന്ദര്യ-
പ്രദർശനമണിക്കളം,
കലോല്ലാസത്തളം, വെൽവൂ
കേരളം, ഭൂരിമംഗളം. 17

വിദൂരശ്രാവിതാദ്വൈത-
വിദ്യാവിജയകാഹളം,
സുകോമളം സസ്യശത-
ശ്യാമളം വെൽവൂ കേരളം. 18

ഇതിൻപ്രഭാവപുഞ്ജങ്ങൾ
സഹ്യാദിവിവിധാദ്രികൾ,
പെരിയാർ-പമ്പ-പേരാർകൾ
നാടിതിൻ പ്രാണനാഡികൾ! 19

തൊട്ടുതൊട്ടമരും ക്ഷേത്രം
വള്ളി ചൈത്യം വിഹാരവും,
ഇതിൽവിശാലോന്നതമാ-
മാസ്തിക്യത്തിന്റെ മൂർത്തികൾ! 20

വിഷാഗ്നിയെ വമിയ്ക്കുന്ന
ഭുജംഗമഗണത്തെയും
കാലേ പാൽകൊണ്ടു,തപ്പിപ്പൊ-
ന്നി,തിൻ ഭൂതദയാഗുണം 21

പാരിലൊന്നാമതായ്സ്സാക്ഷാൽ
പ്രജാഭരണവിൺമരം
മുളച്ചുയർന്നതി,പ്പാര-
ശ്വധവീരന്റെ മണ്ണിലാം: 22

പണ്ടുപണ്ടൂ,ഴിഗോളത്തിൻ
മററിടങ്ങളിലാളുകൾ
കോയ്മച്ചെങ്കോലടികളേ-
റേററു നൊന്തു ഞെരുങ്ങവേ;

അഥവാ, തൻ വയററിന്നു
മാത്രംവേണ്ടിപ്പരസ്പരം
കടിച്ചുചീന്തിയലറി-
ക്കാട്ടുകാട്ടി നടക്കവേ; 24

മനുഷ്യതാമാളികമേൽ,
സ്വയംഭരണലക്ഷ്മിയെ
പുണർന്നുവാണ നീതിജ്ഞ-
ന്മാരത്രേ മലയാളികൾ. 25

കോവിലിൽദ്ദേവതകൾപോ-
ലി,വിടെപ്പെരുമാക്കളും
മന്ത്രതന്ത്ര പ്രവണമാം
പ്രജൌഘത്താൽ പ്രതിഷ്ഠിതർ.

# ഭിന്നതയുടെ പിന്നിൽ

(എൻ ബാപ്പുറാവു ബി. എ., ബി. എൽ )

"അന്നംകൊടുപ്പതിനുദണ്ഡമതില്ല-
(മന്നോർ-
മന്നന്റെമന്നിലൊരുമന്നനുമന്ന-
(യാനേ!"

എന്നു വായിക്കുമ്പോൾ ആത്മാവു് ആനന്ദലഹരികൊള്ളുന്ന ഒരു കാലമുണ്ടായിരുന്നു.

"താരമ്പവാംബരപരമ്പരയമ്പരക്കും"

എന്നു കേൾക്കുമ്പോൾ അന്നൊക്കെ ആത്മാവു തുള്ളിച്ചാടുകയും ചെയ്തിരുന്നു.

എന്നാൽ ഈ വരികളോ ഇവയെപ്പോലെയുള്ള നൂറു നൂറു വരികളോ അല്ല. സാഹിത്യസാമ്രാജ്യത്തിൽ വെണ്മണി മഹൻ നമ്പൂതിരിപ്പാട്ടിലേയോ മഹാകവി ഉള്ളൂരിന്റെയോ പ്രതിഷ്ഠയ്ക്കു കാരണമെന്നു ഗ്രഹിക്കുവാൻ അധികകാലം കഴിയേണ്ടിവന്നില്ല. കൂടുതൽ കാര്യങ്ങൾ മനസ്സിൽ പതിയുന്തോറും അനുഭവത്തിന്റെ സ്വഭാവവും മാറുന്നു.

ഇരുപതോളം കൊല്ലങ്ങൾക്കുമുമ്പു് നാലഞ്ചു സ്നേഹിതന്മാരുടെ ഒരു ചെറു സദസ്സിൽ നടന്ന ഒരു ഭാരതംവായനയുടെ രംഗം ഈ ഘട്ടത്തിൽ ഓർമ്മയിലെത്തുന്നു. മഹാഭാരതം കിളിപ്പാട്ടിൽ സുഭദ്രാഹരണമായിരുന്നു വായിച്ച ഭാഗം. വായിച്ചതു ഈ ലേഖകനും സ്നേഹിതന്മാരിൽ ഒരാറു ഒരു ഫോട്ടോഗ്രാഫറും ചിത്രരചന പരിശീലിച്ചുകൊണ്ടിരുന്നആളും ആയിരുന്നു. അർജ്ജുനൻ തന്റെ തീർത്ഥയാത്രാപരിപാടിയിൽ കടന്നുപോന്ന ഭൂഭാഗങ്ങളെ വർണ്ണിക്കുന്ന കൂട്ടത്തിൽ നിരവധി വൃക്ഷങ്ങളുടെ ഒരു പട്ടിക നൽകുന്ന ഭാഗമെത്തിയപ്പോൾ വായനക്കാരന്റെ ദൃഷ്ടി അറിയാതെ ചിത്രകാരനിൽ ഒന്നു പതിഞ്ഞു. അദ്ദേഹത്തിന്റെ കണ്ണുകളിൽക്കൂടി അശ്രുക്കൾ ഗളിച്ചുകൊണ്ടിരുന്നു. അർജ്ജുനന്റെ ധനഞ്ജയത്വവും കൃഷ്ണസോദരിയുടെ സുഭദ്രതയും കാണ്മാനുഴറിക്കൊണ്ടിരുന്ന വായനക്കാരന്റെ മനസ്സു് ആ കണ്ണുനീരിന്റെ അർത്ഥമാരാഞ്ഞു. ചിത്രകാരന്റെ ആനന്ദദ്യോതകശബ്ദങ്ങൾ ആ അന്വേഷണത്തിൽ സഹായകങ്ങളായി. അർജ്ജുനൻ കടന്നുപോന്ന ഭൂഭാഗങ്ങളുടെ രാമണീയകം ചിത്രകാരൻ ആസ്വദിച്ചു് ആനന്ദം കൊള്ളുകയായിരുന്നു. വായനകഴിഞ്ഞു് നടന്ന സംഭാഷണത്തിൽ ഈ ഊഹം സ്ഥിരപ്പെടുകയുംചെയ്തു. അനുഭവങ്ങൾ തമ്മിലുള്ള വ്യത്യാസം!

"വല്ലജാതിയും പ്രാണത്യാഗം ചെയ്തീടാമെ-
(ന്നാ-
ലില്ലസന്തതിസൂര്യ്യവംശത്തിനെന്നും വരും"

എന്നു കരയുന്ന 'ഉത്തരരാമായണ'ത്തിലെ പരിത്യക്തസീതയോടൊത്തുകരയുവാൻസാധിക്കുന്നില്ലെങ്കിലും,

"ഉടയവർവെടിഞ്ഞാലവരെപ്പിന്നെ
തൊടുകയില്ലൊരു നായും കിനാവിലും
അടവിയിൽവീണു ദുഃഖിക്കുമെന്നുടൽ
കടുവായും തൊടാ..."

എന്നു കരയുന്ന രാമായണം ഇരുപത്തിനാലുവൃത്തത്തിലെ സീത ഇന്നും ഒരുതുള്ളിക്കണ്ണുനീർ അപഹരിക്കാതിരിക്കുന്നില്ല. വാല്മീകിയുടെ സീത പ്രാണത്യാഗത്തെപ്പററി ചിന്തിക്കുകയെങ്കിലും ചെയ്യുന്നു. തനി മലയാളകവിയുടെ—ഭട്ടതിരിപ്പാടോ എഴുത്തച്ഛനോ ആരു വേണമെങ്കിൽ ആയിക്കൊള്ളട്ടെ—സീത ആത്മഹത്യയ്ക്കൊരുങ്ങാതെതന്നെ ദുസ്സഹവ്യഥ സഹിക്കുന്നതും ആയിരിക്കാം ഈ വ്യത്യാസത്തിനു കാരണം.

ഇതെല്ലാം ഈയിടെ നടന്ന ഒരുസംഭാഷണത്തിൻെറ ഒരംശമാണു്. എഴുത്തച്ഛനെപ്പററിയുള്ള ഈയിടയിലെ വാദപ്രതിവാദങ്ങളെസംബന്ധിച്ചും മലയാളഭാഷയ്ക്കും സാഹിത്യത്തിനും എഴുത്തച്ഛനിൽനിന്നുണ്ടായിട്ടുള്ള സംഭാവനയെ സംബന്ധിച്ചും എന്താണഭിപ്രായമെന്ന ഒരു മാന്യസ്നേഹിതൻെറ ചോദ്യത്തിനുത്തരമായി ചില സ്വാനുഭവങ്ങൾ സൂചിപ്പിക്കുവാൻ മാത്രമാണു സാധിച്ചതു്. സാഹിത്യകൃതികൾക്കും തൽകർത്താക്കൾക്കും സാഹിത്യസാമ്രാജ്യത്തിലുള്ള സ്ഥാനം നിണ്ണയിക്കുമ്പോൾ നിത്യചപലങ്ങളായ മാനദണ്ഡങ്ങളെയല്ലാതെ ആശ്രയിക്കാൻ സാധിക്കയില്ലെന്നും ഏററവും അപായം കുറഞ്ഞ 'സ്വാനുഭവ'മെന്ന മാനദണ്ഡംതന്നെ സ്ഥിരതയുള്ളതല്ലെന്നും വാദിക്കേണ്ടി വന്നു. ഇവയ്ക്കെല്ലാം അടിത്തട്ടിൽ സ്ഥിരമായ യാതൊരു മാനദണ്ഡവുമില്ലയോ എന്ന ചോദ്യം സ്വാഭാവികമായിത്തന്നെ ഉത്ഭവിച്ചു. ഏതായാലും തൽസംബന്ധമായ ചില ചർച്ചകൾക്കുശേഷം സംഭാഷണം പിന്നെയും എഴുത്തച്ഛൻെറ സംഭാവനയിലേക്കു തിരിഞ്ഞു. അദ്ദേഹം ഏതൊരു പുതിയ പ്രസ്ഥാനത്തിനാണുത്തരവാദിയെന്നു സ്ഥാപിക്കണമെങ്കിൽ, ഏതൊരു സ്വാതന്ത്ര്യസ്ഥാപനമാണു് അദ്ദേഹത്തിൻെറ സാഹിത്യവ്യവസായം ലക്ഷ്യമാക്കിയിരുന്നതെന്നു പരിച്ഛേദിക്കണമെങ്കിൽ, സാഹിത്യചരിത്രത്തിലെ ആ കാലഘട്ടത്തെപ്പററി വ്യക്തവും തക്കമെററതുമായ അറിവു് ആവശ്യമാണെന്നു ചൂണ്ടിക്കാണിക്കേണ്ടിവന്നു. എഴുത്തച്ഛൻെറ മഹാഭാരതം, തജ്ജമയല്ലെന്നും പ്രഖ്യാതമായ കഥാവസ്തുവിനെ ഉപജീവിച്ചു് എഴുതിയിട്ടുള്ള ഒരു സ്വതന്ത്ര കൃതിയാണെന്നും ഭഗവദ്ഗീത തജ്ജമചെയ്യേണ്ടുവാനുള്ള സകല കഴിവുകളുമുണ്ടായിട്ടും ഭാരതത്തിൽ അദ്ദേഹം രണ്ടേരണ്ടു വരികൊണ്ടു് ആ ജോലി ഒഴിവാക്കിയിരിക്കുന്നതും ഭഗവദ്ഗീത കൂടാതെതന്നെ തൻെറ ഭാരതം തികഞ്ഞ ഒരു സാഹിത്യകൃതിയായി ശോഭിച്ചുകൊള്ളുമെന്ന അദ്ദേഹത്തിൻെറ നിശ്ചയം അതിൽ തെളിഞ്ഞു കാണുന്നതും എല്ലാം സംഭാഷണവിഷയമായി. സാഹിത്യനിവ്വചനത്തിൽ യോജിക്കാത്ത രണ്ടുപേർതമ്മിൽ അതിനപ്പുറമുള്ള കാൎയ്യങ്ങളിൽ യോജിക്കാത്തതു് സ്വാഭാവികംമാത്രമാണു്. ഈശ്വരനെ സംബന്ധിച്ച നിവ്വചനത്തിൽതന്നെ എത്രയെത്ര മതഭേദങ്ങൾ കാണാം. എന്നാൽ ഇതിനെല്ലാം അടിത്തട്ടിൽ സാവ്വത്രികവും സാവ്വജനീനവുമായ അംഗീകാരം അഹിക്കുന്ന ഒരു ഭാവം അവശ്യം ഉണ്ടായിരിക്കും. അതു കണ്ടുപിടിക്കുവാനും അവിടെ യോജിക്കുവാനുമുള്ള യത്നം ഒരിക്കലും നിഷ്ഫലമാകയില്ലതന്നെ.

---

വിലാസിനിയുടെ വാർക്കുന്തലിലിരുന്നു വിഷാദംകൊള്ളുന്ന പനിനീർപ്പൂവിനു്, ആ മുള്ളുകളുടെ നടുവിൽ എത്ര പരമാനന്ദമായിരുന്നു!

* * * *

# ടാഗോറിന്റെ നൃത്തനാടകങ്ങൾ

(കെ. കൃഷ്ണൻനായർ, ശാന്തിനികേതൻ)

(തുടർച്ച)

[വിശിഷ്ടമായ പ്രതിപാദനരീതിയിലാണ്, ഗ്രന്ഥകർത്താവിന്റെ അസാമാന്യമായ വൈദഗ്ദ്ധ്യം അധിഷ്ഠിതമായിരിക്കുന്നതു്. ജീവിതത്തിന്റെ ഇതരവശങ്ങളെ സ്പർശിക്കുന്ന വികാരങ്ങളെ, മധുരമനോഹരമായ ഭാഷയിൽ, ശുഷ്കപ്രായങ്ങളായ കഥാഭാഗങ്ങളിൽക്കൂടി ചിത്രീകരിക്കുവാൻ മഹാകവിക്കുള്ള കെൽപ്പ് അസാമാന്യമാകുന്നു.]

## വാല്മീകിപ്രതിഭ

കഴിഞ്ഞലക്കത്തിൽനിന്നു മാന്യവായനക്കാർ "ചണ്ഡാലിക"യെ പരിചയിച്ചിരിക്കാം. ഈ ലക്കത്തിൽ "നൃത്തനാടക"ങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്ന "വാല്മീകിപ്രതിഭ"യെപ്പററി പ്രതിപാദിക്കാം.

ഇതു പുരാണസംബന്ധമായ ഒരു കഥയാണു്. കൊലയും കൊള്ളയുംകൊണ്ടു് കാലയാപനംചെയ്തുപോന്ന തസ്കരസംഘത്തിന്റെ തലവനായിരുന്ന ഒരു വേടൻ, അപ്രമേയപ്രഭാവനായ ഒരു കവിപുംഗവനായിത്തീരുന്ന ചരിതമാണു കഥാവസ്തു. കവികുലഗുരുവായ വാല്മീകിയുടെ ജീവിതത്തെ വിശകലനം ചെയ്യുന്ന മഹനീയമായ ഒരു വിഷയത്തേയാണു് കവി തിരഞ്ഞെടുത്തിരിക്കുന്നതു്.

പുരാണസംബന്ധമായ കഥാഭാഗം വിശ്വവിഖ്യാതമാണല്ലോ. പുരാണകഥയെ, ടാഗോർ, ഏറെക്കുറെ വ്യത്യാസപ്പെടുത്തിയിരിക്കുന്നു. മഹാകവിയുടെ വിലോഭനീയമായ ഭാവനാപ്രകാശത്തിൽ കഥാവസ്തു ഉപരിമനോഹരമായി പ്രകാശിക്കുന്നുമുണ്ടു്. നവീനങ്ങളായ ആദർശങ്ങളും, ആശയങ്ങളും ഓളംവെട്ടുന്ന ഈ നാടകം മഹാകവിയുടെ രചനാവൈഭവത്തിനു മകുടം ചാർത്തിക്കഴിഞ്ഞിരിക്കുന്നു.

"വാല്മീകിപ്രതിഭ" സനാതനമായ ആര്യസംസ്കാരത്തിനു പ്രതിനിധീഭവിക്കുന്നു. വനാന്തർഭാഗത്തുനിന്നും ഉത്ഭവിക്കുന്ന ഇതിൽ ഭാരതംമുഴുവനും പ്രകാശിതമായിരിക്കുന്നുണ്ടു്. ശാശ്വതമായ ആത്മീയസംസ്കാരത്തിൽ അടിയുറച്ചുനിന്നുകൊണ്ടാണിതു രചിക്കപ്പെട്ടിട്ടുള്ളതു്. കാവ്യത്തിൽ കവി മറഞ്ഞുകിടക്കുന്നുണ്ടു്.

വാല്മീകിയുടെ പൂർവ്വചരിത്രത്തെ, കവി അപ്പടിതന്നെ അനുകരിക്കുന്നതായിട്ടാണു കാണുന്നതു്. ഉയർത്തെഴുന്നേൽപ്പിനെ അതായതു് അനന്തരജീവിതത്തെ സർവ്വസാധാരണമായ സംഭവ്യതയിൽനിന്നും ഒട്ടുംതന്നെ വ്യതിചലിപ്പിച്ചിട്ടില്ല. പുരാണകഥകളിൽ പ്രതിപാദിക്കുന്നതുപോലെ, സപ്തർഷികളെക്കണ്ടുമുട്ടുന്നതോ, അവരുടെ ഉപദേശം സ്വീകരിക്കുന്നതോ, ഒന്നുംതന്നെ ഇതിൽ കാണുന്നില്ല. കൂടാതെ കാലാന്തരത്തിൽ, മരങ്ങളുടെ മദ്ധ്യത്തിലിരുന്നു തപസ്സുചെയ്യുന്നതും, പുററിൽനിന്നും പുറത്തുവരുന്നതും ഒന്നും ചിത്രീകരിച്ചിട്ടില്ല. കേവലം ശുഷ്കമായ ഭാഗംമാത്രമേ സ്വീകരിച്ചിട്ടുള്ളൂ!

വിശിഷ്ടമായ പ്രതിപാദനരീതിയിലാണ ഗ്രന്ഥകത്താവിൻെറ അസാമാന്യമായ വൈദഗ്ദ്ധ്യം അധിഷ്ഠിതമായിരിക്കുന്നതു്. ജീവിതത്തിൻെറ ഇതരവശങ്ങളെ സ്പർശിക്കുന്ന വികാരങ്ങളെ മധുരമാേഹനമായ ഭാഷയിൽ, ശുഷ്കപ്രായങ്ങളായ കഥാഭാഗങ്ങളിൽക്കൂടി ചിത്രീകരിക്കുവാൻ മഹാകവിക്കുള്ള കെല്പ് അസാമാന്യമാകുന്നു.

കൊള്ളക്കാരുടെ തലവനായിട്ടുതന്നെയാണ, വാല്മികിയുടെ ജീവിതത്തെ മഹാകവി സമാരംഭിക്കുന്നതു്. പൂർവ്വജന്മങ്ങളുടെ കർമ്മവാസനയാലായിരിക്കാം,ഇടവിടാതെ അയാളുടെ ഹൃദയതലങ്ങളിൽ പലവിധമായ തത്വചിന്തകളും തലപൊക്കിക്കൊണ്ടിരുന്നതു്. എങ്കിലും പരിസരങ്ങളും, ബീജഗുണവും വീണ്ടും മൃഗീയമായ തസ്കരവൃത്തിയിലേക്കു തന്നെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

ഒരിക്കൽ സുന്ദരിയായ ഒരു ബാലിക വനാന്തർഭാഗത്തിൽ അകപ്പെട്ടുപോയി. സമയം സന്ധ്യയോടടുക്കുകയായിരുന്നു തസ്കരന്മാർ അവളെ പിടികൂടി, തലവൻെറ മുമ്പിൽ കാഴ്ചവയ്ക്കുന്നു. ഉഗ്രമൂത്തിയായ കാളിക്കു്, ബാലികയെ ബലികൊടുക്കുവാൻ അയാറം ആജ്ഞാപിച്ചു. എങ്കിലും അയാളുടെ ഹൃദയത്തിൽ പലതരം ചിന്തകളുന്മിഷിച്ചു. ആത്മാവു് ചെവികളിൽ എന്തോ മന്ത്രിച്ചുകൊണ്ടുമിരുന്നു.

പൂജാസമയം ആസന്നമായി; മണിനാദം മുഴങ്ങിത്തുടങ്ങി. കൂട്ടുകാർ നായകനെ സ്വീകരിച്ചു. അവർ രാത്രിയുടെ അന്തിമയാമത്തിൽ —പൂജാവസാനത്തിൽ— ബാലികയെ ബലിക്കളത്തിലേക്കു കൂട്ടിക്കൊണ്ടുവന്നു.

സമയം അടുത്തു, ബലിനടത്തുവാൻ! അയാറം ബാലികയുടെ മുഖത്തേയ്ക്കു ദൃഷ്ടിപതിപ്പിച്ചു. അവളുടെ കോമളങ്ങളായ നയനങ്ങറം ബാഷ്പകലുഷിതങ്ങളായിരുന്നു. മുഖം ദയനീയതയെ പ്രകാശിപ്പിച്ചു. മോഹനമായ കവിറംത്തടങ്ങറം രക്തശൂന്യമായി മാറി. അധരങ്ങറം അഭയംമന്ത്രിച്ചുകൊണ്ടിരുന്നു. അയാളുടെ ഹൃദയം ഒന്നു ചലിച്ചു. കൈയിലിരുന്ന കരവാളം താഴെ വീഴുന്നതായിത്തോന്നി.

അയാറം വിഗ്രഹത്തെ പ്രദക്ഷിണംചെയ്തു. ശംഖനാദം അനന്തമായ അന്ധകാരത്തിൽ മാംററാലിക്കൊണ്ടു. അയാറം അവളുടെ ഗളത്തെ സൂക്ഷിച്ചു. അവറം തൊഴുകൈയോടുകൂടി പാദങ്ങളിൽ മുട്ടുകുത്തി. അവർ അവളുടെ കഴുത്തിൽ മാലയണിയിച്ചു.

അയാറം കരവാളമുയത്തി. ബാലികയുടെ ഗളത്തെ സൂക്ഷിച്ചുകൊണ്ടു് ആഞ്ഞുവെട്ടി!............പക്ഷേ, ആ ഖഡ്ഗം കൈകളിൽനിന്നും വഴുതിപ്പോയി. ഹൃദയം പിടച്ചു. അവളുടെ വികാരനിർഭരമായ അഭയഗാനം അന്തരീക്ഷത്തിൽ അലകളുയത്തി. തലവൻെറ ഹൃദയം, ദയനീയമായ ആ രംഗത്തിൽ അലിഞ്ഞു. അയാറംക്കു് സമസ്തസൃഷ്ടികളിൽ ദയതോന്നി.

വീണ്ടും ബാലികയെ വധിക്കാൻ അയാറം ഉദ്യമിച്ചില്ല മേലിൽ ഹിംസചെയ്യുന്നതല്ലെന്നയാറം പ്രതിജ്ഞചെയ്യുന്നു. ബാലികയെ നിർബാധം വിട്ടയയ്ക്കുവാൻ ആജ്ഞാപിച്ചിട്ടു്, ആ തസ്കരപ്രമാണി ഏകാന്തതയിൽ ആലോചിക്കാൻ തുടങ്ങി

പിന്നെയും അതിദയനീയമായ ആ അഭയഗാനം അയാളെ ഉണത്തി. അകമ്പടിയായി അട്ടഹാസങ്ങളും കേറംക്കാമായിരുന്നു. അയാറം ആ രംഗത്തിലേയ്ക്കു പാഞ്ഞുചെന്നു. അനുയായികറം ആ ബാലികയെ ബലികഴിക്കുവാനുദ്യമിക്കുകയായിരുന്നു.

തലവൻ ആക്രോശിച്ചു; ശാസിച്ചു. അധൎമ്മപ്രവൃത്തികളിൽനിന്നു പിന്തിരിയുവാൻ അവൎക്കുപദേശം നൽകി. ബാലികയോടു കൂടി അവിടെനിന്നും പോയി മറഞ്ഞു.

തലവൻെറ നിറംമാററം അവരെ വിസ്മയിപ്പിച്ചു; അരിശംകൊള്ളിച്ചു. അവർ അയാളെ അപലപിക്കുവാൻ തുടങ്ങി. എങ്കിലും ജന്മവാസന അയാളെ കീഴടക്കുകതന്നെ ചെയ്തു.

അവർ നായകനെ വെടിഞ്ഞു് ഒളിവിൽ വേട്ടയാടുവാൻ തുടങ്ങി. അയാൾ അവരെ പിന്തുടൎന്നു് അവരുടെ നീചകൃത്യത്തെ തടഞ്ഞുകൊണ്ടിരുന്നു. അവസാനം അസഹനീയമായ മനോവേദനയ്ക്കു് വശംവദനായി, അയാൾ കൂട്ടുകാരെ വെറുത്തു അഗാധമായി ചിന്തിക്കുവാൻ തുടങ്ങി വിജ്ഞാനം അയാളെ തഴുകി. അയാളുടെ ഹൃദയം വികസിക്കുവാൻ തുടങ്ങി

ആ നിരാലംബയായ ബാലിക യഥാൎത്ഥത്തിൽ സാക്ഷാൽ ശ്രീ സരസ്വതീദേവിയായിരുന്നു. തലവനു് തൻെറ നേരേ തോന്നിയ ദയയിൽ അംബ സന്തുഷ്ടയായി. അവസാനം വരദയായ ദേവി പരിവാരസമേതം വീണ്ടും അയാൾക്കു് ദൎശനം നൽകുന്നു. അയാൾ ആ ദേവിയുടെ പാദപങ്കജങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നു. സൎവ്വാഭീഷ്ടങ്ങളും നൽകി അനുഗ്രഹിച്ചുകൊണ്ടു് ഭക്തപ്രിയയായ ദേവി മറയുന്നതോടു കൂടി രംഗം അവസാനിക്കുന്നു.

അങ്ങനെ ആത്മബോധംസിദ്ധിച്ച ആ തസ്കരപ്രമാണി, പ്രതിഭാസമ്പന്നനായ വാല്മീകിമഹൎഷിയായി രൂപാന്തരപ്പെടുന്നു. അഭൌമമായ സത്യപ്രകാശത്തെ ദൎശിച്ചപ്പോൾ ആഹ്ലാദയം ആനന്ദംകൊണ്ടു തുള്ളിച്ചാടി, ആ നിത്യാനന്ദം—വിജ്ഞാനത്തിൻെറ വേലിയേററം — അനൎഘങ്ങളായ കാവ്യതല്ലജങ്ങളായി ബഹിർഗമിച്ചു്, മനുഷ്യരാശിയെ തഴുകിത്തലോടി.

---

മന്ദമാരുതനിൽ ആനന്ദനൃത്തം ചെയ്‌വാനും മൎമ്മരസ്വരത്തിൽ ആകാശത്തോടു നൎമ്മസല്ലാപം ചെയ്‌വാനുമേ മരങ്ങൾക്കു സമയമുള്ളൂ; മണ്ണിനടിയിൽകിടന്നു വേലചെയ്യുവാൻ വേരുകളുണ്ടല്ലോ!

*　　*　　*

അന്തരീക്ഷത്തിൽ അലഞ്ഞുനടക്കുന്ന മിന്നാമിനുങ്ങുകൾ അവയുടെ പിൻവെളിച്ചത്താൽ പരിഹസിക്കുന്നതു നക്ഷത്രങ്ങൾ സഹിക്കണം!

*　　*　　*

ഞാനാകുന്ന ഒന്നു്, അങ്ങാകുന്ന ഒന്നിലേക്കൊഴുകുമ്പോൾ, ഈ അനേകങ്ങൾ വന്നു വഴിമുട്ടിക്കുന്നുവല്ലോ; ഞാനും.അങ്ങും, അനേകങ്ങളുമില്ലാത്ത ഒന്നിലേയ്ക്കു പിൻതിരിയട്ടെ!

# ധനികരോട്

(ജി.)

[ഗുരുദേവന്റെ The Gardner എന്ന കൃതിയിലെ
എഴുപത്തിനാലാമത്തെ ഗാനം]

ഉലകമാം ദർശനശാലയിങ്കൽ,
വിലസുമൊരേ ചിത്രകംബളത്തിൽ,
അരുണകിരണവും പാതിരത്താരവു-
മൊരുമിച്ചിരിപ്പൂ വെറും പുൽക്കൊടി.

മഴമുകിലിന്റെയും കാടിന്റെയു-
മഴകിയ സങ്ഗീതത്തോടിണങ്ങി,
ഉലകിന്റെയന്തരങ്ഗത്തിങ്കലങ്ങനെ
വിലയിച്ചിടുന്നു മദീയഗാനം.

എന്നാൽ, കുബേരരേ, നിങ്ങളെന്നും
കുന്നാക്കിവയ്ക്കുന്ന പൊന്നിനൊന്നും,

ആ മനോരാജ്യത്തിൽ മുങ്ങിനിന്നീടുന്ന
സോമന്റെ വെള്ളിത്തെളിനിലാവും,
മിഹിരന്റെ കൗതുകപ്പൊന്നുമേലും (ശ്രുല-
മഹിമയിൽപ്പങ്കുകൊള്ളാവതല്ല.

വിശപ്പും മുഴുവൻ തഴുകിനിൽക്കും
വിണ്ണുമനുഗ്രഹിക്കില്ലതിനെ.

മരണംവരുമ്പൊഴോ, മങ്ങിവിളർത്തു
മണലിലടിയും പൊടിതരിയായ്.

ആയിരമായിരമന്തികൾക്കുടയാടമുക്കാനുള്ള ചെഞ്ചായമത്ര
യും, ഈ ചെമ്പരുത്തിച്ചെടി കൈക്കലാക്കിവച്ചിരിക്കുന്നു!

* * *

മനോഹരമായ പനിനീർപ്പൂ ലോകത്തിനു സമ്മാനിക്കു
വാൻ, ഒരു മുൾച്ചെടി!

# പ്രതിജ്ഞ

(കാരൂർ നീലകണ്ഠപ്പിള്ള, കോട്ടയം)

'സുമേ!—' എന്താണു പറയേണ്ടതെന്നു നിശ്ചയമില്ലാതെ ആ യുവാവു നിറുത്തി.

'ചേട്ടാ! ഒരു പെണ്ണിന്റെ തന്റേടക്കുറവു ചേട്ടനറിയാമല്ലോ.' അവളുടെ മുഖപത്മം ആ ചന്ദ്രികയിൽ വാടിയിരുന്നു.

'എന്റെ ഭാവി നിന്റെ കൈയിലാണ്.' അവളുടെ ഭുജവല്ലി തലോടിക്കൊണ്ടയാൾ പറഞ്ഞു.

'നമ്മുടെ രണ്ടുപേരുടേയും ഭാവി വിധിയുടെ അധീനതയിലാണ്' അവൾ തർക്കിക്കാൻ തയ്യാറാവുകയല്ലായിരുന്നു.

'വിധി നമ്മെ ചേർത്തു.' പ്രേമഭാജനത്തിന്റെ മുഖത്തു ദൃഷ്ടിയുറപ്പിച്ചുകൊണ്ടു മോഹനൻ പറഞ്ഞു.

'ആ വിധി നമ്മെ പിരിക്കാൻ നിശ്ചയിച്ചിരിക്കാം' കാമുകന്റെ കരം ഗ്രഹിച്ചുകൊണ്ട് ആ കൃശാംഗി പ്രതിവചിച്ചു.

'വിധിയോടെതിരിടാൻ ഞാൻ സന്നദ്ധനാണ്' ഒരു യോദ്ധാവിനു ചേർന്ന ഗാംഭീര്യമുണ്ടായിരുന്നു ആ യുവാവിന്റെ ഭാവത്തിനും സ്വരത്തിനും.

'അച്ഛനോടെതിർക്കാൻ ഞാനശക്തയാണ്' അയാളുടെ ഊഷ്മളഹസ്തങ്ങളിൽ സുമതിയുടെ മാറിടം അമർന്നു.

'സുമയുടെ സ്ഥാനത്തു ഞാനായിരുന്നെങ്കിൽ—'

'ചേട്ടന്റെ സ്ഥാനത്തു കുറേക്കൂടി ക്ഷമയുള്ള ഒരാളായിരുന്നേനെ' അവൾ ഇടയ്ക്കു കയറിപ്പറഞ്ഞു.

'ഞാൻ എന്തു ക്ഷമകേടാണു കാണിച്ചതു്?' മോഹനന്റെ ചോദ്യത്തിൽ ഒരു നിരാശ്രയഭാവം സ്ഫുരിച്ചിരുന്നു. 'ഹൃദയപൂർവ്വം സ്നേഹിക്കുന്നെന്നു വിശ്വസിക്കപ്പെട്ട ഒരു സ്ത്രീയെ വിവാഹം കഴിക്കാനാഗ്രഹിച്ചതോ?' അവളുടെപിടി വിടുവിച്ചിട്ടയാൾ തുടർന്നു. 'അതെ, ഞാൻ ക്ഷമകെട്ടവൻതന്നെ. എനിക്ക് സുമയുടെ മുൻപാകെ ക്ഷമയില്ല; പൗരുഷമില്ല.'

'ചേട്ടന്റെ സന്നിധിയിൽ എനിക്കിതെല്ലാമുണ്ട്. പക്ഷെ, ചേട്ടന്റെ അസാന്നിധ്യത്തിൽ എനിക്കു ജീവിതംതന്നെയില്ല.' അവളുടെ തൊണ്ടയിടറി. ആ സുമാംഗി കാമുകന്റെ മാറിൽ തലചായ്ച്ചു.

'സുമ എന്നെ ഹൃദയപൂർവ്വം സ്നേഹിക്കുന്നുണ്ടെങ്കിൽ, —ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ സുമയ്ക്കുവേണ്ടി സർവ്വവും ത്യജിക്കുന്നു.'

'അബലയും അസ്വതന്ത്രയുമായ ഈ നിസ്സാരജീവിക്കുവേണ്ടിയോ?' ആ ചോദ്യം അയാൾ കേട്ടെന്നു തോന്നുന്നില്ല.

'അച്ഛൻ സമ്മതിക്കട്ടെ, വിസമ്മതിക്കട്ടെ, നീ എന്റെ ഭാര്യയായിരിക്കുമോ?'

ഒരു നിമിഷത്തേക്ക് അവിടം നിശ്ചലവും നിശ്ശബ്ദവുമായിരുന്നു. അയാൾ അവളുടെ കണ്ണുകളിൽ കരുണമായി നോക്കിക്കൊണ്ടു തുടർന്നു:—'എനിക്കേകാവലംബം സുമയാണ്. സുമയുടെ തീരുമാനമാണെന്നിക്കറിയാനുള്ളതു്.'

'ചേട്ടാ!—' എന്താണു പറയേണ്ടതെന്നറിയാതെ അവൾ നിറുത്തി.

'എന്റെ ഹൃദയവേദന സുമയറിയുന്നില്ല.'

'അതിൽ എന്നെക്കാൾ അജ്ഞത ചേട്ടനാണ്.'

ആ പ്രേമബദ്ധരെ ആശ്വസിപ്പിക്കാൻ തെക്കുപടിഞ്ഞാറുനിന്നൊരു ചെറുകാററുവന്നു. പൂംകുലയാകുന്ന വെഞ്ചാമരംകൊണ്ടു് തേന്മാവു് അവരെ വീശി. വക്രതിരിവുള്ള അമൃതകിരണൻ ഒരു നീലമറയിലേയ്ക്കു മാറിനിന്നു. കുറച്ചുനേരം കഴിഞ്ഞു് അവൾ പറഞ്ഞു:—

'അച്ഛന്റെ അനുവാദം കിട്ടുന്നതുവരെ ചേട്ടൻ ക്ഷമിക്കണം. സുമ ചേട്ടനുവേണ്ടി കാത്തിരിക്കും.'

'ഞാൻ ക്ഷമിച്ചിരിക്കാം. ജീവാവസാനം വരെ കാത്തിരിക്കാം. എന്റെ ജീവിതോദ്ദേശം സുമയെ ലഭിക്കുകയായിരിക്കും.'

മിക്കവാറും വൃക്ഷച്ഛായകളുള്ള ആ തോട്ടത്തിൽക്കൂടി നടന്നു് അവൾ വരാന്തയിലെത്തിയതിൽപിന്നെ, മോഹനൻ സുമയെ സ്മരിച്ചും വിധിയെപ്പഴിച്ചുംകൊണ്ടു് അയാളുടെ വഴിക്കു നടന്നു.

അവരുടെ പ്രേമത്തിനു ലോകദൃഷ്ടിയിൽ ഒരു പൊരുത്തക്കുറവുണ്ടായിരുന്നു. അവൾ ആ നാട്ടിലെ പ്രമാണിയായ ഒരു പ്രഭുവിന്റെ പുത്രി; അവൻ കഷ്ടിച്ചു നിത്യവൃത്തി കഴിച്ചുകൂട്ടുന്ന ഒരു കുടുംബത്തിലെ അംഗവും.

അയാളുടെ വാക്കുകളിൽനിന്നൂഹിക്കാവുന്നവിധം തന്നെക്കാൾ ധനമുള്ള ഒരുവനു വേണം മകളെ വിവാഹംചെയ്തുകൊടുക്കാൻ എന്ന ദൃഢവ്രതമുണ്ടായിരുന്നു സുമതിയുടെ പിതാവിനു്. നാണുപിള്ളയുടെ സ്വത്തിനെയും സുമതിയുടെ സൗന്ദര്യത്തേയും കുറിച്ചറിയാവുന്നവരിലാരും അവളുടെ പാണിഗ്രഹണം മോഹിക്കാതിരുന്നില്ല. എന്നാൽ, ആ ധനലോഭിയുടെ ദൃഷ്ടിയിൽ തങ്ങൾ നിസ്സാരന്മാരായി നിരസിതന്മാരായി തീരുമെന്നു വിചാരിച്ചു് ആരും മുമ്പോട്ടുവന്നില്ല.

അച്ഛന്റെ അല്പശമ്പളംകൊണ്ടു വളരെ ക്ലേശിച്ചു പഠിച്ചു ബി. എ. ബിരുദം നേടിയ മോഹനൻ ഒരു പ്രൈവററുസ്കൂളിൽ ടീച്ചറാണ്. അയാളുടെ കുടുംബം പാർത്തിരുന്നതു സുമതിയുടെ ഗ്രാമത്തിലാണ്. അവളുടെ ഇളയ സഹോദരന്റെ ട്യൂഷൻമാസ്റ്ററായി നിയമിക്കപ്പെട്ടതുനിമിത്തമാണു സുമതീമോഹനന്മാർ തമ്മിൽ പരിചയവും സ്നേഹവും ഉണ്ടായതു്. ഈ യുവതീയുവാക്കന്മാരുടെ ഇണക്കം എങ്ങാണ്ടു ധരിച്ച നാണുപിള്ള ശങ്കയ്ക്കിടവരാത്തവണ്ണം ട്യൂഷൻ നിറുത്തിക്കളഞ്ഞു.

അതൊരു പുതിയ അദ്ധ്യായം തുറന്നു. കാണാനുള്ള സൗകര്യം നഷ്ടപ്പെട്ടപ്പോൾ അവരുടെ ഹൃദയത്തിനു ജോലികൂടി. അതു അധികം അടുത്തു. ചേർന്നു, രമിച്ചു.

അവരുടെ അന്യോന്യമുള്ളഅഭിനിവേശം നാണുപിള്ളയുടെ ചെവിയിൽ വലിയ ഒച്ച

പ്പാട്ടകൾ കൂടാതെ അവർ എത്തിച്ചുകൊടുത്തു.

ആ പ്രഭു ആ വർത്തമാനത്തിനു യാതൊരു ഗൗരവവും നൽകിയില്ല.

രണ്ടുമാസം കഴിഞ്ഞപ്പോൾ മോഹനനു ഉയൎന്ന ശമ്പളമുള്ള ഒരു ജോലി കിട്ടി. അപേക്ഷിക്കാതെ കിട്ടിയ ആ ഉദ്യോഗം ബോംബയിലായിരുന്നു. അയാൾക്കു അത്ഭുതം തോന്നി. അയാളുടെ അച്ഛനു സന്തോഷം മാത്രവും.

മോഹനനു തൻ്റെ പ്രണയിനിയെ നേരിട്ടുകണ്ടു യാത്രപറയാൻ തരപ്പെട്ടില്ല. അവൾ അകലെ ഒരു ബന്ധുവീട്ടിലായിരുന്നു.

യാതൊരു രസവുമില്ലാതെ അയാൾ പുറപ്പെട്ടു തനിക്കുവേണ്ടി കാത്തിരിക്കുന്ന സുമതിയെ ലഭിക്കുകയാണു ജീവിതോദ്ദേശമെന്നു കരുതിക്കൊണ്ടു അയാൾ ബോംബനിലെത്തി ജോലിയിൽ പ്രവേശിച്ചു. താൻ സമ്പാദിക്കുന്ന ഓരോ കാശും, തന്നെ നാണുപിള്ളയുടെ ജാമാതൃപദത്തിലേയ്ക്കുയർത്തുകയാണെന്നു വിശ്വസിച്ചുകൊണ്ടു് അയാൾ ജോലി ചെയ്തു. ഇടുങ്ങി ശാന്തമായ ഗ്രാമത്തിൽനിന്നു തുറന്ന ധനാഗമമാൎഗ്ഗങ്ങളുള്ള ബോംബേ നഗരത്തിലെത്തിയ ആ യുവാവിൻ്റെ ബുദ്ധി പണം സമ്പാദിക്കാനുള്ള ആശയിൽ മുങ്ങി അയാളെ ഒരു സിനിമാക്കമ്പനിക്കാർ സ്വീകരിച്ചു. ആദ്യത്തെ അഭിനയം അയാളെ വിജയിയാക്കി. രണ്ടുമൂന്നു കൊല്ലത്തിനകം അയാൾ സിനിമാലോകത്തിൽ അത്യന്തം ശോഭിച്ചു. അയാൾ അഭിനയിച്ച പടങ്ങൾ സ്വദേശത്തു പ്രദൎശിപ്പിക്കപ്പെടുന്നതിനുമുൻപു് അയാളുടെ കീർത്തി അവിടെയെത്തി. സിനിമാ കണ്ട അയാളുടെ കൂട്ടുകാർ അയാളോടു അസൂയ തോന്നി. ആ പടങ്ങളിലെ നായികമാരെക്കുറിച്ചു സുമതിക്കു ഈർഷ്യയുണ്ടായി. ഉത്തരവാദിത്വമില്ലാത്ത ജനസംസാരം അയാളുടെ സാന്മാൎഗ്ഗികതയിൽ കയ്യേറ്റം നടത്താതെയുമിരുന്നില്ല. അയാളഭിനയിച്ച പടങ്ങളുടെ എണ്ണവും നേടിയ കീർത്തിയുടെ പരപ്പും സമ്പാദിച്ച ധനത്തിൻ്റെ പെരുപ്പവും കൂടിവന്നുമുറയ്ക്കു് സുമതിയെ ദുശ്ശങ്കകൾ മൂടിവന്നു.

താനാശിച്ചതുപോലെയുള്ള ഒരു ധനികയുവാവിനു മകളെ കൊടുക്കാൻ അഭിനവസുഗ്രീവനായ നാണുപിള്ള നിശ്ചയിച്ചു. ഈ വാർത്ത സുമതിയുടെ ഹൃദയത്തെ ഒന്നു മഥിച്ചു.

സുന്ദരസ്മരണകൾ വലയംചെയ്യുന്ന മോഹനൻ-അവസാന സന്ദർശനം-ചേട്ടനുവേണ്ടി സുമ കാത്തിരിക്കുമെന്ന പ്രതിജ്ഞ—അയാളുടെ പ്രശസ്തി—അയാളുടെ വൎദ്ധമാനമായ സമ്പത്തിൽ അച്ഛനുണ്ടാകാവുന്ന മതിപ്പു്—അച്ഛൻ്റെ ആലോചനയെ നിരസിക്കാൻ അവൾ നിശ്ചയിച്ചു. മോഹനൻ്റെ പണക്കൊഴുപ്പു്, സ്വാതന്ത്ര്യം, താരുണ്യം, സുന്ദരിമാരായ നടികളുടെ സാഹചര്യം, ജനങ്ങളുടെ പറച്ചിൽ, തെളിഞ്ഞു കാണാത്ത ചില ഇരുണ്ട രൂപങ്ങൾ, അച്ഛൻ്റെ വാക്കിനെ ധിക്കരിക്കുക, അങ്ങാടിയിലേയ്ക്കു താനൊരു കഥാവിഷയമാവുക, ആ സ്ത്രീയുടെ നിശ്ചയം അയഞ്ഞയഞ്ഞു പോയി. അച്ഛനെ അനുസരിക്കുകതന്നെ എന്നു അവൾക്കു തോന്നി.

അവൾക്കു അവിടെ നിൽക്കാൻ കഴിഞ്ഞില്ല. മോഹനൻ്റെ കരുണമായ നോട്ടം; അവൾ പുളകമണിഞ്ഞു. 'വിധിയോടെതിരിടാനും ഞാൻ സന്നദ്ധൻ' എന്നു പറഞ്ഞപ്പോഴത്തെ ഗാംഭീൎയ്യം അവളെ ധീരയാക്കി. അവൾ അച്ഛനോടെതിൎക്കാൻ തയ്യാറായി.

അവളവിടുന്നും പോയി അച്ഛൻ്റെ മുഖത്തു കരിതേയ്ക്കുക; അദ്ദേഹം അന്നു അ

അങ്ങനെയായിരുന്നു. ഇന്നെങ്ങനെയാണോ? അച്ഛൻ പറയുന്നയാളിനെന്താണു ദോഷം? യാതൊരു കുറവും അവൾ കണ്ടില്ല. എങ്കിൽ അച്ഛന്റെ അപ്രീതി വരുത്തുന്നതെന്തിനു്? അവസാനം അവൾ ഉദാസീനയായി.

രാമചന്ദ്രൻ അവളെ വിവാഹം ചെയ്തു. അതിലവൾക്കു പ്രത്യേകിച്ചൊന്നുമില്ലായിരുന്നു.

'എന്റെ ചെറുവഞ്ചി തുഴഞ്ഞുതുഴഞ്ഞു കരയടുക്കാറായെന്നു ഞാൻ കരുതി. എന്നാൽ തുഴയൊടിഞ്ഞു. കൈയ് കുഴഞ്ഞു. കാററിന്റെ ഗതിയിൽ അതു നടുക്കടലിലേയ്ക്കു പോകുന്നു. ഞാൻ തുഴയുന്നില്ല. അതെങ്ങോട്ടെങ്കിലും പോകട്ടെ. എവിടെയെങ്കിലും താഴട്ടെ' അവൾക്കായിടെ മോഹനനിൽനിന്നു കിട്ടിയ എഴുത്തിങ്ങനെ അവസാനിച്ചിരുന്നു. രാമചന്ദ്രനു തോന്നി, ആ ദാമ്പത്യത്തിൽ എന്തോ ഒന്നിന്റെ കുറവുണ്ടെന്നു്.

മോഹനൻ പിന്നെ ഒരു കഥകൂടി അഭിനയിച്ചു. അയാൾ കഥയെഴുതി. അയാൾ ഡയറക്റ്റുചെയ്തു. നായകനായി അയാൾ തന്നെ അഭിനയിച്ചു.

അതയാളുടെ പ്രണയകഥയായിരുന്നു.

വിപുലമായ പ്രചരണത്തോടെ അവളുടെ നാട്ടിലും അതു പ്രദർശിപ്പിക്കപ്പെട്ടു.

സുമതിയും രാമചന്ദ്രനും ബാൽക്കണിയിലിരുന്നു.

അതിലെ നായികയെ കണ്ടപ്പോൾ രാമചന്ദ്രൻ പറഞ്ഞു:—'അവൾക്കു നിന്റെ ഛായയുണ്ടു്.'

നായികാനായകന്മാർ പരസ്പരം പ്രതിജ്ഞചെയ്തു പിരിയുന്ന ഘട്ടത്തിൽ സുമതി പറഞ്ഞു:-'അവസാനം എങ്ങനെയാണോ!'

വിവാഹസിൻ കണ്ടപ്പോൾ രാമചന്ദ്രൻ പറകയാണു്:—'പണത്തിനുമീതേ പരുന്തും പറക്കുകയില്ല' അതവൾ കേട്ടില്ല.

അവൾ പിന്നെയൊന്നും പറഞ്ഞില്ല.

'ഭ്രാന്തൻ പൊടിപൊടിയ്ക്കുന്നു' എന്നു അയാൾ പറഞ്ഞപ്പോൾ സുമതി കണ്ണുനീർ തുടയ്ക്കുകയായിരുന്നു.

സിനിമായിൽ ശ്രദ്ധ പതിഞ്ഞുപോയ ഭർത്താവു് ഭാര്യയുടെ ഏങ്ങലടി കേട്ടില്ല.

വഴിയിൽ അവളൊന്നും പറഞ്ഞില്ല.

അന്നത്തെക്കാര്യങ്ങളെല്ലാം അവൾ മൂളൽകൊണ്ടു കഴിച്ചു.

അടുത്തദിവസം രാവിലെ അവളുടെ കണ്ണു കലങ്ങിയും പോള വീർത്തുമിരുന്നു.

അവൾ ഭർത്താവിനോടു ചോദിച്ചു—'അവളുപേക്ഷിച്ചിട്ടുവന്ന ഭ്രാന്തനല്ലേ? അവൾ വീണ്ടും സ്വീകരിച്ചാൽ അയാളുടെ ഭ്രാന്തു മാറുകയില്ലേ?'

ഞെട്ടലോടുകൂടി അയാൾ ഭാര്യയുടെ കണ്ണുകളിലേയ്ക്കു നോക്കി. അതിൽ ആത്മാർത്ഥത തെളിഞ്ഞുകണ്ടു് അയാൾ സ്തംഭിച്ചുനിന്നുപോയി.

# ആശങ്ക

[മായ]

(ലളിതാംബിക അന്തർജ്ജനം)

വിഞ്ചലകളിൽ കൊഞ്ചിക്കുണുങ്ങും വെള്ളാമ്പൽപ്പൂ-
മൊട്ടിനെനോക്കിക്കൊണ്ടു കേഴുന്നു കലാപതി

“നിന്നഴകിനു നിറവാർന്നതില്ലിതേവരെ
മഞ്ജുളേ! മദ്യൗവനം പൂർണ്ണമായ് കഴിഞ്ഞല്ലൊ.

പേലവദലപുടം വിട്ടു നിൻ നൈസർഗ്ഗിക-
ജീവിതസൗഭാഗ്യത്തിൻ പൂവിതൾ വിരിയുമ്പോൾ

ആ മൃദുകപോലത്തിൽ, കോൾമയിർകലത്താനെൻ
ക്ഷീണിതകിരണങ്ങൾക്കാവതില്ലെന്നായാലോ!

നീലകല്ലോലം ചിന്നും നീരിൽനിന്നനുവേലം
നീരവവികാരങ്ങൾ നിന്മെയ്യിൽ പകരവേ,

ലോലസല്ലാപം പൊങ്ങും മാരുതൻ മന്ദം മന്ദം
സ്മേരസൗരഭംപൂശി മാനനം [illegible]ിടത്തവേ,

ഓമലേ! മമ രാഗരശ്മികൾ ചേരാതെ നിൻ
കോരകമിരുൾക്കൊള്ളുമെന്നു ഞാനുഴലുന്നു.

# "ദാരദ്ര്യമപ്രദാനേന"

(പി ദാമോദരൻപിള്ള ബി ഏ.)

ശ്രീശങ്കരൻ പാടിയ വരികളിലൊന്നാണു് "ദേയം ദീനജനായ ച വിത്തം" എന്നുള്ളതു്. കാപാലികനു് സ്വന്തം ഉത്തമാംഗംതന്നെ ദാനംചെയ്യാൻ മടിക്കാത്ത ആ ജഗദ്ഗുരു വിത്തം ദീനന്മാൎക്കു കൊടുക്കണമെന്നു് ഉപദേശിച്ചതിൽ അത്ഭുതമെന്തുള്ളൂ? ജഗദ്ഗുരുക്കന്മാരെല്ലാം ഈ ഉപദേശം വീണ്ടും വീണ്ടും നമ്മുടെ ചെവികളിൽ മുഴങ്ങത്തക്കവിധം എക്കാലത്തും ആവൎത്തിച്ചിട്ടുണ്ടു്. യേശുക്രിസ്തു അരുളിച്ചെയ്തു, ചോദിക്കുന്നതിന്റെ ഇരട്ടികൊടുക്കണമെന്നു്. ദാനത്തിൽ അലംഭാവം മുഹമ്മദുനബിക്കും ഉണ്ടായിരുന്നില്ല. കൊടുക്കാൻ മനസ്സില്ലാതെയോ അറിവില്ലാതെയോ പരുങ്ങുന്നവൎക്കുവേണ്ടി അദ്ദേഹം അതിനു തിട്ടമായ ഒരു അളവു നിശ്ചയിക്കുകകൂടിച്ചെയ്തു.

"മലകളിലെവെള്ളം പലനദികളൂടെ
ജലനിധിയിലല്ലോ പരിപതതി,രാജൻ!
ജലനിധിജലംകൊണ്ടൊരുവനുപകാരം
കിമപിപുനരുണ്ടോ, പ്രണമതമുകുന്ദം
....................................
പുനരതുകണക്കെ, കൃപണനുകൊടുക്കാ-
ത്തരചനുടെ വിത്തം................"

ഇത്യാദി ഉപദേശങ്ങൾ കേൾക്കാത്ത കേരളീയരുണ്ടായിരിക്കയില്ല. എന്നാൽ പുനൎജ്ജന്മവിശ്വാസികളായ ഹിന്ദുക്കളിൽ ചിലർ തങ്ങളുടെ ധനസമൃദ്ധമായ മാനസികദാരദ്ര്യത്തെ സാധൂകരിക്കുന്നതിനായി ഒരു യുക്തിവാദം പുറപ്പെടുവിക്കുന്നതു പലപ്പോഴും കേട്ടിട്ടുണ്ടു്. ദരിദ്രന്മാർ പൂൎവ്വജന്മദുഷ്കൃതത്തിന്റെ ഫലം അനുഭവിക്കുന്നതിനുവേണ്ടിയാണു് ഈ ജന്മത്തിൽ ദരിദ്രന്മാരായി ജനിക്കുന്നതു്. നാം അവരെസഹായിക്കുന്നതു് തന്നിമിത്തം ഈശ്വരഹിതത്തിനുതന്നെയും വിരുദ്ധമാകുന്നു — ഇതാണു് അവരുടെ വാദഗതി. എന്നാൽ ഈശ്വരൻ ദരിദ്രജനങ്ങളെ നമ്മുടെ മുൻപിലേയ്ക്കു അയയ്ക്കുന്നതു നമ്മെ പരീക്ഷിക്കുന്നതിനുവേണ്ടിയാണെന്നു് അവർ ഓൎത്തിരുന്നെങ്കിൽ! നമുക്കു് സഹജീവിസ്നേഹമുണ്ടോ, അതിന്റെ ആഴമെന്തു്, നാം എങ്ങനെ അവരോടുള്ള കടമ നിറവേററുന്നു എന്നിങ്ങനെ പല ചോദ്യങ്ങൾക്കും ഉത്തരംകിട്ടാനുള്ള സന്ദർഭം ഈശ്വരൻ പാഴാക്കിക്കളയുമെന്നു കരുതേണ്ട. "നീ നിന്റെ അയൽക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കുന്നുണ്ടോ" എന്നറിയാനുള്ള ഒരവസരമാണു് ദരിദ്രസമാഗമമെന്നു കരുതിയാൽ അപകടംഒഴിയാൻ എളുപ്പമുണ്ടു്. പാവങ്ങൾക്കു കൊടുക്കുന്നവൻ യഹോവായ്ക്കു കടംകൊടുക്കുന്നു എന്നത്രേ സുവിചിന്തിതമായ ക്രൈസ്തവാഭിപ്രായം. എന്തെന്നാൽ പാവങ്ങൾ ദൈവത്തിന്റെ അരുമസ്സന്താനങ്ങൾ, ദരിദ്രനാരായണന്മാർ ആണു്.

എന്തിനുകൊടുക്കണം എന്നുള്ള ചോദ്യത്തിനുത്തരം ഇതുകൊണ്ടും മുഴുവനാകുന്നില്ല. "ദാരദ്ര്യം അപ്രദാനേന" എന്നത്രേ സിദ്ധാന്തം. അഥവാ, ദാരദ്ര്യത്തിനു കാരണം അപ്രദാനം (ദാനംചെയ്യായ്ക) ആകുന്നു. മറെറാരുതരത്തിൽ പറയുകയാണെങ്കിൽ, ദാനംചെയ്യുന്നതുകൊണ്ടു് നമ്മുടെതന്നെ ദാരദ്ര്യം നീങ്ങുന്നു. സകല ദുഃഖങ്ങ

ളിലുംവച്ച് ഏററവും ശക്തിയേറിയതു് ദാരിദ്ര്യദുഃഖമാണു്. കൊലയ്ക്കും, കൊള്ളയ്ക്കും, ചതിക്കും, വ്യവഹാരത്തിനും, വ്യഭിചാരത്തിനും പ്രേരിപ്പിച്ചു അതു മനുഷ്യനെ പിശാചാക്കി അധഃപതിപ്പിക്കുന്നു. മഹാപാതകങ്ങളുടെ പിൻതലത്തിൽ അവയുടെ കാരണമെന്തെന്നു നോക്കുക - അവിടെ ദാരിദ്ര്യത്തെ കാണാം. ഇപ്രകാരമുള്ള ദാരിദ്ര്യത്തെ അകററാൻ ഒന്നാംതരംമാർഗ്ഗം ദാനമാകുന്നു Action and reaction are equal and opposite (പ്രവത്തന പ്രതിപ്രവത്തനങ്ങൾ തുല്യങ്ങളും വിപരീതങ്ങളുമാണു്) എന്നുള്ള ശക്തിതന്ത്രനിയമപ്രകാരം നമ്മുടെ അപ്രദാനമനോഭാവം ബാഹ്യലോകത്തിൽ നമുക്കെതിരായി അതേമനോഭാവത്തെ ജനിപ്പിക്കുന്നു. ഇതു് അദൃശ്യമായവിധത്തിൽ നമ്മെ ബാധിക്കയും കാലാന്തരത്തിൽ നമ്മെ ദരിദ്രന്മാരാക്കിത്തീക്കുകയും ചെയ്യുന്നു. നമ്മുടെ മനസ്സിൽനിന്നു് പുറപ്പെടുന്ന ഒരു വിചാരവീചി അതിൻെറ പരമസീമവരെ ചെന്നതിനുശേഷം വീണ്ടും പുറപ്പെട്ടസ്ഥാനത്തുതന്നെ തിരിച്ചെത്തുന്നു. അപ്രദാനവിചാരം അതേരൂപത്തിൽ നമ്മിൽതന്നെ തിരിച്ചെത്തി നമ്മെ ദുഷിപ്പിക്കുന്നു എന്നാണു് ഇതിൻെറ സാരം. മനസ്സു് എപ്പോഴും സദ്വിചാരത്താൽ ശുദ്ധമാക്കിവയ്ക്കേണ്ടതിൻെറ ആവശ്യകതയും ഇവിടെ സ്പഷ്ടമാകുന്നു.

കൊടുക്കുവാൻ മടിയില്ലാത്ത ധനികന്മാരും സാധാരണന്മാരും അത്രതന്നെ കുറവല്ലായിരിക്കാം. എന്നാൽ എങ്ങനെ കൊടുക്കണമെന്നറിയുന്നവർ തുലോം കുറവുതന്നെയെന്നു നിസ്സംശയം പറയാം. ഇതിനും ആചാര്യന്മാർ മാർഗ്ഗനിർദ്ദേശം ചെയ്തിട്ടുണ്ടു്. വലതുകൈ കൊടുക്കുന്നതു ഇടതുകൈ അറിയരുതെന്നു് ക്രിസ്തു പറയുന്നു. നിങ്ങൾ കൊടുക്കുമ്പോൾ ഈശ്വരനു കൊടുക്കുന്നു എന്നുള്ള വിചാരത്താൽ ഭക്തിപൂർവ്വം കൊടുക്കുക എന്നാണു സ്വാമി വിവേകാനന്ദൻ ഉപദേശിച്ചതു്. ദാനംചെയ്യുന്നതിലുള്ള രണ്ടു ദുഷിച്ച മനോഭാവങ്ങളെ ഇല്ലാതാക്കുകയാണു് ഈ ഉപദേശങ്ങളുടെ ഉദ്ദേശം.

പലരും ദാനംചെയ്യുന്നതു പേരുകേൾപ്പിക്കുന്നതിനും അങ്ങനെ ഒരു ഉദാരമനസ്കനാണെന്നു മററുള്ളവരെ ധരിപ്പിക്കുന്നതിനുംവേണ്ടിയായിരിക്കും. ഈ ദാനത്തിനു് അന്യരെ മാതൃകകൊണ്ടു ദാനശീലരാക്കുക എന്നൊരു മെച്ചമില്ലാതില്ല എന്നിരുന്നാലും ആ ദാനം പ്രശസ്തിവ്യവസായത്തിലെ പണംമുടക്കു മാത്രമേ ആകുന്നുള്ളു. മുടക്കിയ പണത്തിൻെറ ആദായത്തിനുവേണ്ടിയുള്ള സ്വാത്ഥബുദ്ധിയാണു് ഇതിലെ പ്രേരകശക്തി. ആ മൂലധനം തന്നിമിത്തം യഹോവായ്ക്കു നൾകിയ കടമായിത്തീരുന്നില്ല. എപ്പോൾ സ്വാത്ഥത നിങ്ങളുടെ പ്രവൃത്തികളെ സ്പശിക്കുന്നുവോ അപ്പോൾ ദൈവം അതിൻെറ സകല ഉത്തരവാദിത്വവും കൈവിട്ടുമാറിക്കളയുന്നു. നേരേമറിച്ചു കൊടുക്കുന്നതിനെപ്പററി യാതൊരു ചിന്തയും പിന്നീടു ശേഷിക്കാനിടയാകാതെയിരിക്കട്ടെ, എന്നാണു ക്രിസ്തുവിൻെറ ഉപദേശത്തിൻെറ സാരം. എന്തെന്നാൽ ആമാതിരി ദാനം നിസ്സ്വാത്ഥമാകുന്നു. അതിൻെറ ഫലം നിങ്ങൾ ആശിക്കുന്നില്ല. തന്നിമിത്തം അതു് ഈശ്വരൻേറതായിത്തീരുകയും അദ്ദേഹം നിങ്ങൾ ആശിക്കാത്തതരത്തിലുള്ള മഹത്തായ കടംവീട്ടൽകൊണ്ടു നിങ്ങളെ അനുഗ്രഹിക്കയും ചെയ്യുന്നു.

മറെറാരുകൂട്ടരുടെ കൊടുപ്പു നിഷ്ഫലമാണെന്നുതന്നെയല്ല, പാപകരവുംകൂടിയാകുന്നു. കൊടുക്കുന്നവനെയും വാങ്ങുന്നവനെയും അതു് ഒന്നുപോലെ അധഃപതിപ്പിക്കുന്നു. വലിയതും വിലയേറിയതുമായ പലപല നാണയങ്ങളുടെ പളപളപ്പും, കിലുകിലുക്കവുംകൊണ്ടു ലജ്ജിച്ചു വെളിയിലേയ്ക്കു

തലകാണിക്കാതെ, പിന്നെയും പിന്നെയും കലുക്കപ്പെടുന്ന മണിപ്പ്ളേഴ്സിൻെറ കാണാമൂലയിലേക്ക ചാടിയും നിരങ്ങിയും, മാറിയും മറിഞ്ഞും മറയുവാൻശ്രമിക്കുന്ന ഒരു ചില്ലിക്കാശിൻെറ പിടലിയ്ക്കുപിടിച്ചു വലിച്ചിഴച്ചു വെളിയിലാക്കി തിരിച്ചുംമറിച്ചും തിട്ടംവരുത്തിയശേഷം യാചകനാകുന്ന ഹീനജീവിയുടെ മുന്നിലേയ്ക്കു് ഒരേറുകൊണ്ടു് അവനെ അനുഗ്രഹിച്ചു കൃതാൎത്ഥരാകുന്ന എത്രയെത്ര നികൃഷ്ടഹൃദയന്മാരാണു നമ്മുടെയിടയിലുള്ളതു്! ഇവരുടെ കൈകൊണ്ടു കൊടുക്കുന്ന യാതൊന്നും തൊടാതെ ജീവനെടുക്കുന്നവനത്രേ ഭാഗ്യവാൻ! ഇങ്ങനെ കൊടുക്കുന്നതിനേക്കാൾ, കൊടുക്കാതിരിക്കുന്നവനും ഭാഗ്യവാൻതന്നെ. മേൽപറഞ്ഞ കൊടുപ്പുകാരൻ യാചകനേക്കാൾ ദരിദ്രനും, മനുഷ്യനെ തേജോവധംചെയ്യുന്ന ഹിംസാലുവും ആകുന്നു. അങ്ങനെ ദാനമാകുന്ന സൽകൃത്യംകൊണ്ടു മനുഷ്യൻ പാപിയായിത്തീരാതിരിക്കുന്നതിനും, നിസ്സ്വാൎത്ഥമായ ഈശ്വരാരാധനമെന്നനിലയിൽ അതു ചെയ്യാൻ അവനെ പ്രാപ്തനാക്കുന്നതിനും വേണ്ടിയാണു് ഈശ്വരനു കൊടുക്കുന്നതുപോലെ ദാനംചെയ്യണമെന്നു സ്വാമി വിവേകാനന്ദൻ നമ്മെ ഓർമ്മപ്പെടുത്തുന്നതു്.

ഇനി മറെറാരുതരംകൊടുപ്പുണ്ടു്. "ഞാൻ ആൎക്കും ഒന്നും കൊടുക്കാൻ ശക്തനല്ല. അവിടന്നുമാത്രമേ എന്തും കൊടുക്കാനും വാങ്ങാനും ശക്തനാകുന്നുള്ളു. അതിനാൽ അവിടന്നുതന്നെ കൊടുക്കുന്നു, അവിടന്നുതന്നെ വാങ്ങുന്നു", എന്നുള്ള വിചാരത്തോടുകൂടിയുള്ള കൊടുപ്പാണു് അതു്. ഇതിൽ ദാതാവു പരിപൂൎണ്ണമായി ഈശ്വരനു കീഴടങ്ങുന്നു. ദേയനെ അയാൾ ഈശ്വരനെപ്പോലെ കാണുകയുംചെയ്യുന്നു. ഇവിടെ "ഞാൻ കൊടുക്കുന്നു" എന്നുള്ള വിചാരത്തിനു സ്ഥാനമില്ലാത്തതിനാൽ അതേററവും നിസ്സ്വാൎത്ഥവും ഈശ്വരമയവുമായി കലാശിക്കുന്നു. അഹം എന്നുള്ള വിചാരംപോലും ശേഷിക്കാത്ത ദാനത്തിൽ അഹംതന്നെ ത്യജിക്കപ്പെടുന്നതിനാൽ ത്യാഗം ഏററവും സാൎത്ഥകമായിത്തീരുന്നു. നേരേമറിച്ചു് അഹം ശേഷിക്കുന്നെങ്കിൽ, തൻെറ കൈയിൽനിന്നു ലക്ഷംരൂപാകൊടുത്താലും, ആ തുക നഷ്ടപ്പെട്ടു എന്നല്ലാതെ അതിൻെറ കൎത്തൃത്വം പിന്നെയും തൻേറതായിത്തന്നെ തുടരുന്നു. ഇതിൽ ത്യാഗംചെയ്ത തുകയുടെ ഉടമസ്ഥൻ മാറിയെങ്കിലും ത്യാഗത്തിൻെറ ഉടമസ്ഥൻ മാറുന്നില്ല. അത്രത്തോളം കാലം ത്യാഗം പണത്തിൽ മാത്രമേയുള്ളു. തൻേറതു് എന്ന ബുദ്ധിയാണു്, പണവും വസ്തുക്കളുമല്ല മാറേണ്ടതു്. ഇതിനാണു താൻതന്നെ ഈശ്വരനു പൂൎണ്ണമായി കീഴടങ്ങിക്കൊണ്ടു്, അഥവാ തന്നെ ഈശ്വരനു് സമൎപ്പിച്ചുകൊണ്ടു് കൎമ്മങ്ങൾ ചെയ്യണമെന്നു് വിധിക്കപ്പെട്ടിരിക്കുന്നതു്.

പാത്രമറിഞ്ഞുവേണം ദാനംചെയ്യാൻ എന്നു് ഒരു പ്രബലമായ മതമുണ്ടു്. പക്ഷേ പാത്രാപാത്രവിവേകം സുദുഷ്കരമായ ഒരു കൎമ്മമാണെന്നു പറയാതെ ഗത്യന്തരമില്ല. സമുദായത്തിൽ ഉന്നതകോടികളിലിരിക്കുന്നവർ അവരുടെ ധനസമൃദ്ധി അനുഭവിക്കാൻ എത്രത്തോളം യോഗ്യരാണെന്നു നമുക്കറിവില്ല. അതുപോലെതന്നെ ഏററവും താഴ്ന്നവർ അവരുടെ ക്ലേശം എത്രത്തോളം അൎഹിക്കുന്നുണ്ടെന്നുള്ളതും അറിവില്ലാത്ത കാൎയ്യമാണു്. അവരിൽ ഓരോരുത്തരേയും അൎഹത കണക്കാക്കി ദാനംചെയ്യാൻ ആൎക്കു കഴിയും? അതിലേറെ നന്നു് സ്വന്തംകഴിവനുസരിച്ചു് ഇഷ്ടംപോലെ ദാനംചെയ്കയാണു്. ശുദ്ധകള്ളന്മാർ യാചകവേഷത്തിൽ നമ്മെ കളിപ്പിക്കുന്നുണ്ടെങ്കിൽ അവർ അതിൻെറ ഫലം അനുഭവിച്ചുകൊള്ളുമെന്നു സമാധാനപ്പെടാൻമാത്രമേ വഴിയുള്ളു.

എന്തിനു കൊടുക്കണം, എങ്ങനെ കൊടുക്കണം, എന്നിവയെപ്പററി സാമാന്യ

മായി മേൽവിവരിച്ചുകഴിഞ്ഞു. പാശ്ചാത്യ രാജ്യങ്ങളിലെ കൊടുപ്പിൻെറ രീതിയും നമ്മുടെരീതിയും തമ്മിലുള്ള വ്യത്യാസംകൂടി ചൂണ്ടിക്കാണിച്ചിട്ട് ഈ വിചിന്തനം അവസാനിപ്പിച്ചേക്കാം. മനുഷ്യൻ സ്വതേ ത്യാഗബുദ്ധിയുള്ളവനാണെന്ന് പോതുവേ പറയാം. പാശ്ചാത്യർ വ്യക്തികൾക്കുവേണ്ടി ത്യാഗംചെയ്യുന്നുണ്ടെങ്കിലും അവർ സകലതിനെയും സാമൂഹ്യദൃഷ്ടിയോടെ വീക്ഷിക്കുന്നതിനാൽ ത്യാഗവും അവിടെ സാമൂഹ്യബോധത്തിൻെറ ഒരു പ്രതിഫലനമോ, പ്രകടനമോ ആയിരിക്കുന്നു. ഒരു യാചകസംഘടനയെ പുലർത്താൻ നഫീൽഡ് തുടങ്ങിയ കോടീശ്വരന്മാർ ലക്ഷക്കണക്കിന് പവൻകൊടുക്കും. സമുദായം യാചകരെ രക്ഷിക്കണമെന്ന് അവക്കറിയാം. എന്നാൽ ഒരു യാചകവ്യക്തിയെ സഹായിക്കുകയില്ലെന്ന് തീർത്തുപറഞ്ഞു് നഫീൽഡ്പ്രഭു ഒഴിയുകതന്നെ ചെയ്തിട്ടുണ്ട്. മറെറാരു കോടീശ്വരനായ ഹെൻട്രിഫോർഡും ഇതേരൂപത്തിൽ പ്രസംഗിക്കയും, പ്രവർത്തിക്കയും ചെയ്യാൻ മടിച്ചിട്ടില്ല. നേരേമറിച്ച് ഇന്ത്യയിലാകട്ടെ സാമൂഹ്യദൃഷ്ട്യാ ഒന്നിനെയും വീക്ഷിക്കുന്ന പതിവില്ല. ഇവിടെ വ്യഷ്ടിയാണു സമഷ്ടിയേക്കാൾ പ്രധാനം. അതിനാൽ ഇവിടത്തെ ദാനങ്ങളും വ്യക്തിപ്രധാനമായിരിക്കുന്നു. ബസ്സ്സ്റ്റാൻഡുകളിലും, റോഡുകളിലും, വീടുകളിലും "തെണ്ടിപ്പരിഷകൾ" വന്നലയുന്നതിനു കാരണം ഇതാണ്. അവരെ ആട്ടിപ്പുറത്താക്കണമെന്നു പറയാൻ എനിക്കു ധൈര്യംപോരാ.

---

അളവില്ലാത്ത നക്ഷത്രരത്നങ്ങൾ കൈവശമുള്ള രാത്രി പിന്നെയും പിന്നെയും സംഭരിച്ചിട്ടുന്ന ഇരുൾക്കരിക്കട്ടകൾകൂടി വജ്രമാക്കിത്തീക്കുന്ന കാലത്തെ ഓർത്ത്, പകലിൻെറ അകം പുകയുന്നുണ്ടാവാം!

* * *

ആകാശപ്പലകമേൽ പററിപ്പിടിച്ചിരിക്കുന്ന മിന്നാമിനുങ്ങുകളാകുന്ന നക്ഷത്രങ്ങളേയും അന്തരീക്ഷത്തിൽ സ്വൈരസഞ്ചാരം ചെയ്യുന്ന നക്ഷത്രങ്ങളാകുന്ന മിന്നാമിനുങ്ങുകളേയും ഒന്നുപോലെ കാണുന്ന ഭ്രാന്തനാണു കവി!

* * *

നീലവിൺപൊയ്കയിൽ നീന്തിക്കളിച്ചുല്ലസിക്കുന്ന അരയന്നപ്പിടകളെ വെൺമേഘശകലങ്ങളായിക്കാണുന്ന സൂക്ഷ്മത എൻെറ മിഴികൾക്കാവശ്യമില്ല!

* * *

ചെടിയുടെ ഇലകൾ അതിൻെറ പ്രയത്നങ്ങളും പൂവ് അതിൻെറ കൃതാർത്ഥതയുമാകുന്നു!

# 'പായുക കൊടുങ്കാറേറ!'

[ററി. എൻ. ഗോപിനാഥൻനായർ ബി. എ.]

പായുക കൊടുങ്കാറേറ, പട്ടിണിപ്പാവങ്ങൾതൻ
പ്രാണനിഃശ്വാസം തട്ടി പട്ടണം കിടുങ്ങട്ടെ!

*　　*　　*

അങ്ങതാ നോക്കൂ രാജവീഥിയിലൊഴിഞ്ഞൊരു
പെൺമണി താങ്ങില്ലാത്ത ലതപോൽ കിടക്കുന്നു
കീറിയ തുണിത്തുണ്ടിൽ മറയാതിളിയ്ക്കുന്നു,
പാറുന്ന പഞ്ഞം വീഥിദീപത്തിൻ നിഴലിലായ്
ദാരിദ്ര്യം ചവച്ചുന്ന മേനിയോടൊട്ടിച്ചേർന്നു
ദാമ്പത്യം പചിച്ചൊരപ്പൈതലും ശയിക്കയായ്
പൈദാഹം സഹിക്കവാൻമേലാതെ കേഴും കൊച്ചു-
പൈതലാ മാതാവിൻെറ മേനിയിൽ മാന്തുന്നല്ലോ
ക്ലേശത്തിൻ നഖക്ഷതമേറേററു തഴമ്പാന്ന
ക്ലാന്തമേനിയിൽ നിൻെറ താലോലം ഫലിയ്ക്കുമോ?
ആർത്തിയാൽ കയ്യും വായും മാവെങ്ങും തിരഞ്ഞിട്ടും
നേത്തൊരാ കങ്കാളത്തിൽ ദർശിച്ചില്ലറവൊന്നും

*　　*　　*

വേണ്ടിനി മുളങ്കാവേ,യുൾത്തടം തപിപ്പിയ്ക്ക-
മിണ്ടൽപൂണ്ടനാരതം നെടുവീർപ്പിട്ടീടേണ്ട
ഭൂനനായ് വിലപിപ്പതെന്തിന്നു വിഹഗമേ!
ദീനതയ്ക്കീലോകത്തിൽ കാതുകൾ ബധിരമാം
പട്ടിണിപ്പിശാചിൻെറ പീഠത്തിൽ പാവങ്ങളെ
വെട്ടിയർപ്പിച്ചീടുന്ന ഭക്തരേ, സൂക്ഷിച്ചോളിൻ!

# ഗിരീശ്ചന്ദ്രഘോഷ്

## ഇന്നത്തെ ബംഗാളിനാടകത്തിന്റെ ജനയിതാവു്

(എസ്. ഗുപ്തൻനായർ എം. എ)

കേരളത്തിലെ ഒരു മഹാകവിയുടെ നൂറാമത്തെ ജന്മദിനം, നാം ഇവിടെ കൊണ്ടാടിയ ആ സമയത്തുതന്നെ വംഗദേശത്തുള്ളവർ അവിടുത്തെ ഒരു മഹാകവിയുടെ ശതാബ്ദദിനവും അതുപോലെ ആഘോഷിച്ചു. ബംഗാളിനാടകത്തിന്റെ ആചാര്യനായ ഗിരീശ്ചന്ദ്രഘോഷിന്റെ ഏതാനും സമ്പന്നന്മാരുടെ വിനോദത്തിനുമാത്രമായി നടത്തപ്പെട്ടിരുന്ന ബംഗാളിലെ നാടകകലയെ സാമാന്യജനങ്ങൾക്കു സുഗമവും സുഖകരവും ആയ ഒരു പ്രദർശനമായും സംസ്കാരത്തിന്റെ സന്ദേശം പരത്തുന്ന ഒരു ഉപകരണമായും രൂപാന്തരപ്പെടുത്തിയതു് ഗിരീശ്ചന്ദ്രനാണു്. മണിപ്രവാളത്തിന്റെ മാധുര്യം പോയാലും മലയാളകവിത പാമരജനങ്ങൾക്കുകൂടി സുഗ്രഹമായിത്തീരുന്ന ഒരു മട്ടിലെഴുതണമെന്നുകരുതി പ്രവർത്തിച്ച വെണ്മണിയുടെ സ്ഥാനംതന്നെയാണു് ഒരു പ്രകാരത്തിൽ ഗിരീശ്ചന്ദ്രനും കൊടുക്കേണ്ടതു്. പക്ഷേ 'വെണ്മണി'യോളം താഴാതെതന്നെ അദ്ദേഹം തന്റെ പരിപാടികൾ നിർവഹിച്ചു. ഈ കേരളക്കരയിൽ നമുക്കിന്നു് അഭിമാനമായി പറയത്തക്കവണ്ണം അനവധി നാടകസംഘക്കാരുണ്ടു്. കൂലിക്കാരനും വേലക്കാരനും വിലക്കപ്പെട്ടിരുന്ന കലാപരമായ ആനന്ദം പ്രസ്തുത പ്രവർത്തകന്മാരുടെ ഉത്സാഹംകൊണ്ടു് ഇന്നു അവർക്കു സുലഭമായി കിട്ടുന്നുണ്ടു്. പക്ഷേ ആ ഗണ്യമായ ഉപകാരത്തോടൊപ്പംതന്നെ സാമാന്യജനങ്ങളുടെ സംസ്കാരത്തെ നശിപ്പിക്കുക, യഥാർത്ഥകലയെ കൊലപ്പെടുത്തുക എന്നിങ്ങനെ രണ്ടു മഹാദ്രോഹങ്ങളും അവരുടെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുന്നു. ദുഷിച്ച വാസനകൾക്കു വളംവച്ചു കൊടുക്കാതെയും യഥാർത്ഥകലയെ ബലികഴിക്കാതെയും സാമാന്യജനങ്ങൾക്കു കലാസ്വാദനശക്തി ഉണ്ടാക്കിക്കൊടുക്കുക എന്നതു് തീർച്ചയായും വളരെ ബുദ്ധിമുട്ടുള്ള ഒരു പണിയാണു്. അത്തരം ഒരു മഹാപ്രസ്ഥാനത്തെ ഉത്തരവാദിത്വത്തോടുകൂടി നയിച്ചുകൊണ്ടുപോകുന്നതിനു്, ഐർലണ്ടിലെ ഹെൻട്രി ആർതർജോൺസിനെയോ ബംഗാളിലെ ഗിരീശ്ചന്ദ്രനെയോപോലെ ത്യാഗസന്നദ്ധതയും ബുദ്ധിശക്തിയും ഉള്ള ഒരാളിന്റെ നേതൃത്വം നമുക്കും ഇന്നാവശ്യമാണു്".

സംസ്കാരസമ്പന്നനായ ഒരാൾ ഇത്തരം ഒരു സേവനത്തിനുവേണ്ടി തുനിഞ്ഞിറങ്ങുക, അയാൾ കവിയും ഗായകനും നടനും നാടകകൃത്തും ആയിരിക്കുക, ഇതൊക്കെ എത്രയോ അപൂർവമാണു്. പ്രസിദ്ധ ഫ്രഞ്ചുനാടകകർത്താവായ 'മോളിയർ' ഒരു വിഖ്യാതനടൻകൂടിയായിരുന്നെന്നു കേട്ടിട്ടുണ്ടു്. ഷേക്സ്പിയർ നടനായിരുന്നെങ്കിലും വലിയ പ്രസിദ്ധി ആ വഴിക്കു സമ്പാദിച്ചിട്ടുള്ളതായി തോന്നുന്നില്ല. 'ഗ്യാരിക്കു്' അതുല്യമായ കഴിവുകളുള്ള ഒരു നടനായിരുന്നെങ്കിലും നാടകകൃത്തായിരുന്നില്ല. എന്നാൽ ഗിരീ

ശ്ചന്ദ്രഘോഷ് ബംഗാളിലെ ഷേക്സ്പിയറും ഗ്യാരിക്കുംകൂടി ഒന്നുചേൻ ഒരാളായിരുന്നു. ഒരിക്കൽ സ്വാമി വിവേകാനന്ദൻ തന്നെ പറഞ്ഞതാണല്ലപ്രകാരം.

19-ാംശതാബ്ദത്തിൻെറ മദ്ധ്യഘട്ടത്തിൽ ബംഗാളിലെ നാടകവേദി അഭിജാതരായ ടാഗോർകുടുംബക്കാരുടെ സ്വന്തമെന്നുപറയാവുന്ന ഒരു നിലയിൽ അങ്ങനെ കഴിഞ്ഞുപോകുമ്പോഠം ഗിരീശ്ചന്ദ്രഘോഷിനു ചെറുപ്പമായിരുന്നു. അവരുടെ നാടകപ്രദശനങ്ങഠംകണ്ടു് മടങ്ങിവന്നു പല രാത്രികളിലും ആ യുവാവു് ഏകാന്തമായിരുന്നാലോചിച്ചിട്ടുണ്ടു്, നാടകവേദിയെ കലിനരുടെ പിടിയിൽനിന്നു വിട്ടുവിക്കേണ്ടതെല്ലപ്രകാരമാണെന്നു്. പക്ഷേ ദരിദ്രൻെറ മനോരഥങ്ങഠം സ്വപ്നങ്ങളായിത്തന്നെ അവശേഷിക്കുകയല്ലേ ഉള്ളൂ. എങ്കിലും ആഗ്രഹത്തിൻെറ തീവ്രത അദ്ദേഹത്തെ വെറുതേ ഇരുത്തിയില്ല. ഒന്നുരണ്ടു സ്നേഹിതന്മാരുടെ സഹായത്തോടുകൂടി ഒരു ചെറിയസംഘം രൂപീകരിക്കപ്പെട്ടു. മധുസൂദനദത്തൻെറ 'ശമ്മിഷ്ട' എന്ന നാടകം അവരെല്ലാവരും കൂടി അഭിനയിച്ചു. അതൊരു പരാജയമായി പരിണമിച്ചു. സംഗീതമില്ലാത്ത നാടകം ആളുകളെ അന്നും രസിപ്പിച്ചിരുന്നില്ല. 1867-ൽ ഗിരീശ്ചന്ദ്രൻ രണ്ടാംതവണ 'ശമ്മിഷ്ട'യെ രംഗത്തിൽ പ്രയോഗിച്ചപ്പോഠം സ്വയമെഴുതിയ കുറേ പാട്ടുകഠംകൂടി അദ്ദേഹം അതിൻെറകൂടെ വച്ചുചേത്തു. അതു് അവക്കെല്ലാം രസിച്ചു. ഗിരീശ്ചന്ദ്രൻ അതോടുകൂടി പ്രസിദ്ധനമായി.

ഒരു യൂറോപ്യൻകമ്പനിയിലെ ക്ലാക്കായി ജോലിനോക്കിവന്നകാലത്താണു് ഈ പ്രവത്തനങ്ങളിലെല്ലാം അദ്ദേഹം ഏപ്പെട്ടതു്. നാടകവേദിയുടെ ശരിയായ പുനരുദ്ധാരണത്തിനു് അല്പമായ വിശ്രമവേളകളുടെ വിനിയോഗം മതിയാകയില്ലെന്നു ബോദ്ധ്യപ്പെട്ടപ്പോഠം അദ്ദേഹം കമ്പനിയിലെ ജോലി രാജിവച്ചു. 1871-ൽ ബംഗാളിൽ ആദ്യമായി ഒരു നാഷനൽതിയേററർ സ്ഥാപിക്കപ്പെട്ടു. അതിൽപിന്നെ ഗിരീശ്ചന്ദ്രൻ സ്വന്തമായി നാടകങ്ങളെഴുതുകയും ബംഗാളിലെ ജനങ്ങഠം ഒരു പുതിയ ഉണവോടുകൂടി നാടകകലയെ വീക്ഷിക്കുകയും ചെയ്തുതുടങ്ങി.

ആദ്യകാലത്തു് അദ്ദേഹമെഴുതിയ നാടകങ്ങളെല്ലാം പുരാണകഥകളെ ആശ്രയിച്ചു നിമ്മിക്കപ്പെട്ടവയായിരുന്നു. രാവണവധം, സീതാവനവാസം, രാമവനവാസം, പാണ്ഡവ് അജ്ഞാതവാസം, അഭിമന്യുവധം, ദക്ഷയജ്ഞം, ധ്രുവചരിതം, നളദമയന്തി ഇങ്ങനെ അനവധിയുണ്ടു് അക്കാലത്തെ നാടകങ്ങഠം ഈ ആദ്യകാലകൃതികഠം സാഹിത്യഗുണത്തെ മാത്രം ആസ്പദമാക്കിനോക്കിയാൽ വലിയ മേന്മയൊന്നും അർഹിക്കുന്നവയല്ല. നാടകമെഴുത്തിൽ തഴക്കം കിട്ടുന്നതിനുവേണ്ടിയുള്ള ഒരു പരിശീലനമായി മാത്രമേ ഈ കൃതികളുടെ രചനയെ കണക്കാക്കേണ്ടൂ.

പുരാണകഥകഠംവിട്ടു് ഭക്തചരിതങ്ങളിലേക്കു് പ്രവേശിച്ചപ്പോഴേക്കും ഗിരീശ്ചന്ദ്രൻെറ തൂലികയ്ക്കു് കുറേക്കൂടി പ്രാഗത്ഭ്യം വന്നു. ബുദ്ധദേവചരിതം, ചൈതന്യലീല, നിമായ്സന്യാസി, വില്വമംഗൽ ഈ നാടകങ്ങളെല്ലാം അക്കാലത്തേതാണു്. നാടകശാലകളെ അസന്മാർഗ്ഗികത്വത്തിൻെറ കേന്ദ്രങ്ങളെന്നു അപഹസിച്ചിരുന്ന യാഥാസ്ഥിതികർപോലും ഈ ഭക്തന്മാരുടെ ചരിത്രങ്ങഠം കാണാനുള്ള കൊതികൊണ്ടു് നാടകപ്രേമികളായി മാറി.

എഴുപതിൽപരം നാടകങ്ങളുടെ കത്താവാണു് ഗിരീശ്ചന്ദ്രൻ. പുരാണചരിത്രങ്ങളും സാമുദായികകഥകളും ചരിത്രനാടകങ്ങളും എല്ലാം ആ കൂട്ടത്തിലുണ്ടു്. മുകലമു

ഞ്ജരാ, വിസർജ്ജൻ, പാംഞ്ച്കാനേ, ഫന്നീർമണി, കാലാപഹാർ, പാരസിയപ്രസൂൻ, മായാബസാർ, അശ്രുധാരാ, ശാന്തി, അഭിശാപ്, ഭ്രാന്തി ഇവ അദ്ദേഹത്തിൻെറ പ്രധാന സാമുദായികനാടകങ്ങളും സിറാജ്ദൗള, മീർകാസിം, ശങ്കരാചാര്യ, അശോകൻ ഇവ പ്രധാന ചരിത്രനാടകങ്ങളുമാണ്.

ബംഗാളിലെ സ്ത്രീധനസമ്പ്രദായത്തെ അപഹസിച്ചെഴുതിയ 'ബലിദാനം' എന്ന നാടകം വംഗസാഹിത്യത്തെ മാത്രമല്ല വംഗസമുദായത്തെ ആകമാനംതന്നെ ഇളക്കിമറിച്ച ഒരു കൃതിയാണ്. പിൽക്കാലത്തു് പ്രസിദ്ധനായിത്തീർന്ന ദ്വിജേന്ദ്രലാലിൻെറ വംഗനാരിയിൽ ഈ കൃതിയുടെ പ്രേരകശക്തി പ്രകടമായി കാണാം. 'സ്വദേശി ആന്ദോളനം' ബംഗാളത്തെസാഹിത്യകാരന്മാരെ പ്രബുദ്ധരാക്കിവിടുന്നതിനുമുമ്പുതന്നെ ഗിരിശ്ചന്ദ്രൻ ജനങ്ങളുടെ ദേശഭക്തിയെ ഉജ്വലിപ്പിക്കുന്ന പല കൃതികളും എഴുതിയിരുന്നു മാഞ്ഞുമറഞ്ഞുതുടങ്ങിയ മുസ്ലിംസാമ്രാജ്യത്തിൻെറ ചരമപ്രഭാവവും ഉദിച്ചുയർന്നുതുടങ്ങിയ ഇംഗ്ലീഷ്സാമ്രാജ്യത്തിൻെറ ആദ്യകിരണങ്ങളും ഒന്നിച്ചുകൂടുന്ന ഒരു ദശാസന്ധിയുടെ വിജ്വലത്തായ ചിത്രമാണ് അദ്ദേഹത്തിൻെറ മിർകാസിം എന്ന നാടകത്തിൽ കാണുന്നതു്. മററുള്ളവർ സാധാരണ മറച്ചുവയ്ക്കുന്ന പരമാർത്ഥങ്ങൾ പലതും അദ്ദേഹം ആ നാടകത്തിൽ തുറന്നുപറഞ്ഞിട്ടുണ്ടു്. അഭിനയിക്കാൻ പാടില്ലെന്നു നിരോധിക്കത്തക്കവണ്ണം ആ നാടകം അന്നു ഗവൺമെൻറിനെ ചൊടിപ്പിച്ചു.

അത്ര ഭാഗ്യപൂർണ്ണമല്ലാത്ത ഒരു കുടുംബജീവിതമാണ് ഗിരീശ്ചന്ദ്രൻ നയിച്ചതു്. (അദ്ദേഹത്തിൻെറ ഭാര്യയും മൂന്നു കുട്ടികളും അകാലത്തിൽ മരിച്ചു) എന്നിട്ടും ഒരു സന്യാസിയുടെ നിഷ്ഠയോടുകൂടി, അല്ലെങ്കിൽ അദ്ദേഹത്തിൻെറ പ്രസിദ്ധ നാടകത്തിലെ നായകനായ ജഗദ്ഗുരു ശങ്കരാചാര്യർ അദ്വൈതമതം പ്രചരിപ്പിക്കുന്നതിൽ പ്രദർശിപ്പിച്ച ആത്മാർത്ഥതയോടുകൂടി, അദ്ദേഹവും ഒരാദർശത്തിൻെറ സാഫല്യത്തിനുവേണ്ടി പ്രയത്നിച്ചു—ബംഗാളിലെ നാടകവേദി പരിഷ്കരിക്കുക എന്ന ആദർശം.

കാൽനൂററാണ്ടുകാലത്തേക്കു് ഗിരീശ്ചന്ദ്രൻ ബംഗാളിലെ എതിരററ നടനും നാടകകൃത്തും ആയിരുന്നു. അദ്ദേഹം വിട്ടുപോയ ആ പാരമ്പര്യമാണ്, ഇന്നും അവിടെ അവശേഷിക്കുന്നതു്. ദ്വിജേന്ദ്രലാലിനെയും ടാഗോറിനെയുംപോലെയുള്ള രണ്ടു പ്രശസ്തനാടകകൃത്തുകളുടെ മാതൃകയായിരിക്കുക എന്നതിൽ കവിഞ്ഞു് എന്തൊരു മേന്മയാണ് ഒരു സാഹിത്യകാരനു് വേണ്ടതു്?

---

മുള്ളുകളണിഞ്ഞ പാഴ്ഞെട്ടോടുകൂടാത്ത ഒരു മനോഹരമായ പനിനീർപൂവാണു സംഗീതം; അതിനും പാഴ്ഞെട്ടൊന്നു വേണമെന്നുണ്ടെങ്കിൽ അതു ഗായകനായിക്കൊള്ളട്ടെ!

* * *

ഈ കൊടുംവെയിൽ കൊള്ളുന്നതെന്തിനെന്നു് കവി വൃക്ഷത്തോടു ചോദിച്ചു വൃക്ഷം മർമ്മരസ്വരത്തിൽ പറഞ്ഞു:—"എന്നെ ആശ്രയിച്ച ഇരുളിനെ രക്ഷിക്കുവാൻവേണ്ടി!"

# * 'പുലി'യുടെ പരാക്രമം!

(പി. കുഞ്ഞിരാമൻനായർ)

വിട്ടയയ്ക്കുക സൌമ്യഭാവനാസ്വരൂപനേ,
വിട്ടയയ്ക്കുകീ പൂമ്പൊൽപട്ടിളംകിടാവിനേ!

ഉൾക്കളം തളിർപ്പിക്കും പുൽച്ചെടിപ്പടർപ്പിങ്ക-
ലർക്കരശ്മിയോടൊപ്പമാനനപ്രഭ ചിന്തി,

മൂന്നുനാൾവരെയിവൻ ശൂന്യമീമണിമുറ്റം
സൌന്ദര്യലഹരിതൻ നൃത്തമണ്ഡപമാക്കി!

ചെമ്മൊടമ്മതൻ കരൾച്ചെഞ്ചോരവെളുപ്പിച്ചും
തന്മഹീമുത്തശ്ശിയെപ്പുളകം പുതപ്പിച്ചും,

തള്ളകാണാതേ മണ്ണുഭുജിച്ചും; ഇവൻ ചാടി-
ത്തുള്ളിനാൻ, കടലാട്ടും കൊച്ചുപാൽത്തിരപോലെ.

ചുടുപാൽച്ചോരക്കൊതിയേറിയനരലോഭം
കടിച്ചുകുടഞ്ഞിട്ടു കൊച്ചിനെപ്പൊടിമണ്ണിൽ!

മന്ദ്രമീയംബാരവമന്ത്രത്തിൻകട്ടംചൂടിൽ
മന്നിനോടൊപ്പം വിണ്ണുമുരുകിപ്പോകുംമുമ്പേ,

ആകമ്രസുഖസുധ നുണച്ചു നുണച്ചന്ത-
ർമ്മൂകമീജീവൻ കൊച്ചുകൂട്ടുപേക്ഷിക്കുംമുമ്പേ,

ഹാ, വിടുകി; വളമ്മ; തന്നുണ്ണിയുടെ കൊച്ചു
പൂവുടലിതു നക്കിത്തുടച്ചുകൊടുക്കട്ടെ!

മടിയിൽക്കിടത്താനും താരാട്ടിയുറക്കാനും
ഉടൽചേർത്തണയ്ക്കാനും യോഗമില്ലി; വൾക്കെന്നാൽ,

ആധിയാൽ തിളയ്ക്കുന്ന കണ്ണീരിൽക്കുളിപ്പിച്ചി,
ങ്ങാറ്റുനോറ്റിവൾപെറ്റ വേദന മറക്കട്ടെ!

വേണ്ടത; ല്ലെങ്കിൽ കുട്ടൻ വീണ്ടുമേ വിളിക്കുന്നു
വേവുമോരന്തർന്നാദാൽ വേദന പോകുന്നോളേ!

ഇക്ഷണം വരുമല്ലോ പ്രേമരൂപിണി മൃതി-
യിക്കൊച്ചുഗളമിട്ടു വരിയും പാശം നീക്കാൻ!

സന്ധികൾതോറുമുണ്ടാം വേദന പശിമൂലം
മന്ദമായ്ത്തഴുകുകീ മേനി നീ മരണമേ!

---

* തള്ളയുടെ പാൽകിട്ടാതെ കിടന്നു ചാവുന്ന പശുക്കുട്ടിയെ കണ്ടിട്ട്.

വാത്സല്യസുധപോരുമമ്മതന്നുടൽ നക്കി-
വാഴാനും കഴിയാത്തോരാധിയാലകം നീറി,
എന്നേയ്ക്കുമടയുമേ മാലിനാൽ; മായാത്തതാ-
മഞ്ജനച്ചാർത്തേലുമീ നീലമയ്ക്കൺകോണുകൾ!
ഉന്മത്തനരനുടെ കൈത്തുരുങ്കറവിട്ടു
നിന്മകൻ വിമുക്തനാം കേഴൊല്ല ഗോമാതാവേ!
അരുമക്കിടാവിനേയൂട്ടുവാൻവേണ്ടിത്തായ-
യുറവാറാതേ നിൽക്കും കൊച്ചുപാൽക്കുടമേററി;
വാക്കുന്നു മിഴിനീരു കൈക്കിടാവിനുവേണ്ടി-
ച്ചീക്കുന്നു ചുരത്തുന്നു മുലക്കണ്ണുകൾനാലും!
കഴിഞ്ഞൂ; സമയമായ് യാത്രയായിവൻ പിഞ്ചു
കഴുത്തു ഞെരിക്കുമീബന്ധനമറുത്താലും!
എന്തിനു മറയ്ക്കുന്നു? ദീർഘയാത്രയിലൊന്നു-
കണ്ടുകൊള്ളട്ടേ തായ തന്നോമൽക്കിടാവിനേ!

## II

മാറാത്ത ദുരചോർത്തും ചെന്നിണക്കൊതിനീട്ടി
ക്രൂരതാനഖംപത്തും പൂവുടലിതിലാഴ്ത്തി,
കാട്ടുകാക്കുമാപ്പുള്ളിപ്പുലിക്കും പുലിനരൻ
ചാടിവീണല്ലോ, കുഞ്ഞിൻപേലവമൃദുമെയ്യിൽ!
നിത്യവും, മാതൃപുത്രനിർമ്മലബന്ധത്തിനു
മദ്ധ്യത്തിൽമുഴസ്വാർത്ഥാൽ മതിൽകെട്ടുവതാരോ,
കെട്ടിയനിജസ്വർഗ്ഗഭിത്തിവെൺകളിപൂശാൻ
ധൃഷ്ടനായ്പ്പരസ്വത്തിൽ കൈകടത്തുവതാരോ,
പിടയും കിടാങ്ങൾതൻ പ്രാണനാൽക്കൂടും പാവ-
ത്തടിയാമുറവിക്കാൻ കാററടിക്കുവതാരോ,
സുകൃതം മുടിച്ചുഗ്രസ്വാർത്ഥമത്തിനാൽ, പ്രേമ-
പ്രകൃതി ജനനിയെപ്പുറത്താക്കുവതാരോ,
അഘോരനരകത്തീ നിറുകപിളക്കുവോ-
നല്ലെങ്കിൽ നഭസ്സേപിന്നെന്തിനുവജ്രായുധം?

* * * *

കാലകാലൻതൻകൊച്ചുവാഹനമേററുശിക്ഷ-
കാമിതമരുളിയ കാമധേനുവോടൊപ്പം;
എന്തിവൻപിഴച്ചതുമാനുഷലോകത്തോട്ട-
തന്തിരുവടിയൊന്നു വിളിച്ചു ചോദിക്കട്ടേ!

# ഉന്മാദത്തിന്റെ ഉണ്മ

(എൻ. കൃഷ്ണപിള്ള ബി. എ. ആണേഴ്‌സ്.)

നട്ടുച്ചവെയിലത്തു പുതുനിലത്തിന്റെ നടുക്കുനിന്നു വിദൂരമായ ആകാശത്തിൽ നോക്കി ഉച്ചത്തിൽ നീട്ടിപ്പാടുന്ന ഒരു മനുഷ്യനെ എനിക്കറിയാം. ബഹളംപിടിച്ചു പായുന്ന വാഹനങ്ങളുടെ പ്രവാഹമോ, നിരത്തിൽ നടക്കുന്ന പലവിധ സംഭവങ്ങളോ ശ്രദ്ധിക്കാതെ അജ്ഞാതമായ ഏതോ പ്രേരണാശക്തികൊണ്ടെന്നപോലെ സ്ഥലകാലങ്ങളെ തികച്ചും വിസ്മരിച്ചു ഗാനാലാപം ചെയ്യുന്ന ഒരു സാധു! കീറിപ്പറിഞ്ഞ മുണ്ടും, പാറിപ്പറക്കുന്ന തലമുടിയും, വിളറിയ മുഖവും, വാടിയ ശരീരവുമായി പൊതുവഴി തറവാടാക്കി ജീവിക്കുന്ന ആ സ്നേഹിതനെ ഇതുവരെ മറക്കാൻ കഴിഞ്ഞിട്ടില്ല. കൂട്ടുകാർ എന്നെ മനസ്സിലാക്കിത്തന്നിട്ടുണ്ട്; അയാൾ ഒരു കിറുക്കനാണെന്ന്. ഞാൻ സമ്മതിച്ചിട്ടുമുണ്ട്, അയാൾ കിറുക്കനാണെന്ന്. "തനിക്കു കിറുക്കുണ്ടോ?" എന്നു ഞാൻ അയാളോടു ചോദിച്ചിട്ടില്ലെന്നുമാത്രം.

എനിക്കു വേറൊരു സ്നേഹിതനെ അറിയാം. ഊണിലും ഉറക്കത്തിലും കുളിയിലും വസ്ത്രധാരണത്തിലും യാതൊരു നിഷ്കർഷയും ഇല്ലാത്ത ഒരാൾ. കറൻസിനോട്ടുകൾ എണ്ണിത്തിക്കാൻ ഉള്ള സമയം തികയാതെ, ഭാര്യയോടോ കുഞ്ഞുങ്ങളോടോ, ബന്ധുക്കളോടോ സ്നേഹിതന്മാരോടോ ഒരു വാക്കുപോലും ഉരിയാടാതെ, ഇടക്കിടയ്ക്കു രഹസ്യമായി തന്നോടെന്നപോലെ ചിലതു പിറുപിറുത്തു ജീവിതംകഴിച്ചുകൂട്ടുകയാണ് ആ ചങ്ങാതിയുടെ പതിവ്. ആസാം ബർമ്മായുദ്ധങ്ങളോ, സാമ്രാജ്യങ്ങളുടെ ഉയർച്ചതാഴ്ചകളോ, അയൽപക്കത്തെ കൂട്ടമരണമോ, ഗൃഹിണിയുടെ വ്യഭിചാരമോ, സ്വന്തം കാസരോഗമോ അയാൾ അറിയുന്നില്ല; അറിയണമെന്നയാൾക്കു താൽപര്യവുമില്ല. പണമെണ്ണാനും കണക്കുകൂട്ടാനുംവേണ്ടി ഉഴിഞ്ഞുവച്ച ഒരു ജീവിതം. അയാളും ഒരു ഭ്രാന്തനാണ്.

ഇനി ഒരു യുവസ്നേഹിതനുണ്ട്. രണ്ടു കണ്ണുകളുടെ തിളക്കംമാത്രം സദാപി ധ്യാനിച്ച്, ഒരു കചഭാരത്തെമാത്രം സ്വപ്നംകണ്ട് രണ്ടു കാലുകളുടെ പതനശബ്ദംമാത്രം കേട്ടു ജീവിക്കാൻ കഴിയുന്ന സഹോദരൻ! അതിവിസ്തൃതമായ ഭൂമണ്ഡലത്തിലും അനന്തവിസ്തൃതമായ ആകാശദേശത്തും ആകെക്കൂടി ഒരേഒരു വസ്തുമാത്രമേ അദ്ദേഹം കാണുന്നുള്ളു. തന്റെ സ്നേഹഭാജനമായ പ്രിയതമയെ മാത്രം. സ്ത്രീയും പുരുഷനും, മനുഷ്യനും മൃഗവും, സൂര്യനും ചന്ദ്രനും എല്ലാംതന്നെ ഒന്നുകിൽ ജീവിക്കുന്നില്ലെന്നും, അല്ലാത്തപക്ഷം അവയിൽ ഓരോന്നും തന്റെ പ്രിയതമയാണെന്നും കരുതാൻപോരുന്ന കഴിവ് അദ്ദേഹം സമ്പാദിച്ചിട്ടുണ്ട്. നിത്യകർമ്മങ്ങളിലും, വീട്ടുകാര്യങ്ങളിലും, നാട്ടുകാര്യങ്ങളിലും, മററുകാര്യങ്ങളിലും യാതൊരുതാൽപര്യവും പ്രദർശിപ്പിക്കാതെ ഒരേ ഒരു രൂപത്തിൽ സ്വന്തസത്തയെ ലയിപ്പിച്ച് ആ സ്നേഹിതനും ജീവിക്കുന്നു. ശുദ്ധ കമ്പക്കാരൻ!

അപ്പൊഴിതാ വേറൊരാളിന്റെ കാൎയ്യം ഓർമ്മവരുന്നു. നീണ്ടുപരന്നുകിടക്കുന്ന പുൽത്തകടിയിൽ തലചായ്ച്ച്, നീളവും പരപ്പും നിൎണ്ണയിക്കാൻവയ്യാത്ത നഭോമണ്ഡലത്തിൽ മിന്നിത്തിളങ്ങുന്ന, അറുതിയും കണക്കുമററ നക്ഷത്രരാജിയിൽ കണ്ണുംകരളും ഉറപ്പിച്ചു നിമിഷങ്ങളോ മണിക്കൂറുകളോ യാമങ്ങളോ പോകുന്നതറിയാതെ തിന്നാനും കുടിക്കാനും മറന്ന് അരുമപ്പെട്ട അലസതയെ താലോലിച്ചു കഴിഞ്ഞുകൂട്ടുന്ന ഒരു സ്നേഹിതൻ. ചെടിയുടെ പുഞ്ചിരിപോലെ പൊടിച്ചുയരുന്ന പൂവുകാണുമ്പോൾ ചിരിക്കാനും കണ്ണീർകണംപോലെ ആ പൂവു പൊഴിയുമ്പോൾ കരയാനും ആ വിചിത്രസൃഷ്ടി തയാറാണ്. ഒററപ്പാട്ടുതന്നെ വീണ്ടുംവീണ്ടും ആവൎത്തിച്ചാവൎത്തിച്ച് പാടി പലദിവസങ്ങളെ യാത്ര അയയ്ക്കുന്ന, ഒരു ജീവിതം മുഴവൻ ഒററച്ചിത്രംവരച്ചുതീൎക്കാൻ ചിലവഴിക്കുന്ന, ബ്രഹ്മാണ്ഡത്തിലെ സൎവ്വശേവധികളും ഒരുവാക്കിനുവേണ്ടി കാഴ്ചവയ്ക്കാനൊരുങ്ങുന്ന ആ സ്നേഹിതനും ഈ ലോകത്തൊരുകോണിൽ ശ്വാസോച്ഛ്വാസംചെയ്യുന്നു. ഭ്രാന്തനേഭ്രാന്തൻ!

മുഷിയരുതേ കൂട്ടുകാരേ. ഒന്നുരണ്ടു സ്നേഹിതന്മാരെക്കൂടി അവതരിപ്പിക്കാതെ തരമില്ല. പരിഭവമാണെങ്കിൽ ചുരുക്കിപ്പറഞ്ഞേക്കാം. അൻപതോ അറുപതോ വർഷം നീണ്ടുനിൽക്കുന്ന ജീവിതത്തിനിടയ്ക്കു നാലുകാശു സമ്പാദിക്കാൻ പരിശ്രമിക്കാതെയും, പരിശ്രമിച്ചാൽ സാധിക്കാതെയും ചുററുപാടിലും സംഭവിക്കുന്ന പരിവൎത്തനങ്ങളും പരിഷ്കാരങ്ങളും എന്തെന്ന് ഒന്നു എത്തിനോക്കുകപോലും ചെയ്യാതെയും പട്ടിണിക്കും ക്ലേശത്തിനും ജീവാൎപ്പണം അനുഷ്ഠിച്ചു, ഗോളങ്ങളുടെ ഗതിവിഗതികൾ, ശരീരത്തിലെ രക്തപരിവാഹം, അണുക്കളുടെ അന്യോന്യാകർഷണം, നീഗ്രോയുടേയും വെള്ളക്കാരന്റേയും തലയോട്ടിന്റെ ആകൃതിവ്യത്യാസം എന്നിവയെപ്പററി ആലോചിച്ചാലോചിച്ചു കഴിയുന്ന ഒരാൾ അക്കൂട്ടത്തിലുണ്ടു. മേൽമറയ്ക്കാനുള്ള ഉടുപ്പിനു് എത്ര ഇറക്കം വേണമെന്നോ, കൂട്ടാനു് എത്ര ഉപ്പും പുളിയും ചേൎക്കണമെന്നോ, തലമുടി എങ്ങനെ വകഞ്ഞുവയ്ക്കണമെന്നോ, തൊലിക്കു മാർദ്ദവവും നിറവുംവരുത്താൻ എന്തെല്ലാം ലേപനവസ്തുക്കൾ പ്രയോഗിക്കണമെന്നോ വിചാരമില്ലാതെ ഒരു കോണകംമാത്രം ഉടുത്തു പൎവ്വതാന്തർഭാഗത്തിലിരുന്ന് ഊൎദ്ധ്വദൃഷ്ടിയായി ധ്യാനലീനനാകുന്ന ഒരാളും അക്കൂട്ടത്തിൽ കാണുന്നു. കീർത്തിയും പ്രതാപവും, ധനവും മാനവും എല്ലാം ഒരു നേൎത്ത ഈശ്വരഗാനത്തിൽ ഉൾക്കൊള്ളിച്ച് അതുമാത്രം ഇരുപത്തിനാലുമണിക്കൂറും പാടിപ്പാടി ആയുസ്സൊടുക്കുന്ന ആ സുഹൃത്തിന്റെ പുറകിൽ ഇനിയുമിതാ അസംഖ്യം സ്നേഹിതന്മാർ അണിനിരന്നു നിൽക്കുന്നു. "അവർ അവിടെ നിന്നുകൊള്ളട്ടെ" എന്നു പറഞ്ഞടങ്ങുകയേ നിവൃത്തിയുള്ളൂ. പ്രിയപ്പെട്ട ഭ്രാന്തസ്നേഹിതന്മാരെ, നിങ്ങളിൽ ഓരോരുത്തരേയുംപററി പ്രത്യേകമായി പറയാൻ നിവൃത്തിയില്ലാത്ത എനിക്കു മാപ്പുതരിക.

എത്രപേരെ ഇതിനകം ഭ്രാന്തരെന്നു വിധിയെഴുതിക്കഴിഞ്ഞു. വിധി എഴുത്തുകാരന്റെ ഭ്രാന്തിനു് ഉത്തമമായ സാക്ഷ്യപത്രം ഈ വിധി എഴുത്തുതന്നെ. പക്ഷേ, എന്തെല്ലാം എന്നെപ്പററി വിധി എഴുതിയാലും എന്റെ ദൃഷ്ടിയിൽ അവർ ഭ്രാന്തന്മാർതന്നെയാണ്. ഷൈലക് ഭ്രാന്തനാണ്. റോമിയോ ഭ്രാന്തനാണ്. കാളിദാസനും, ഷെല്ലിയും ഭ്രാന്തരാണ്. ത്യാഗരാജനും, ബിഥോവനും ഭ്രാന്തരാണ്. ഗലിലിയോയും, ഐൻസ്റ്റൈനും, ശങ്കരനും, രാമകൃഷ്ണനും ഭ്രാന്തിന്റെ പരമാവധി കണ്ടവരാണ്. മീരാഭായിയും നന്ദനാരും ഭ്രാന്തലോകത്തിലെ മണിസ്തംഭങ്ങളാണ്.

ഇക്കൂട്ടത്തിൽ ഓരോരുത്തരുടെയും വർഗ്ഗത്തിൽപിറന്നവരെല്ലാം കുലപതികളുടെ പാരമ്പര്യം പുലർത്തുന്നവരാണു്. നാട്ടുച്ചയ്ക്കു നിരത്തിൽനിന്നു പാട്ടുപാടുന്ന കിറുക്കനും അവർക്കും തമ്മിൽ പറയത്തക്ക വ്യത്യാസം എൻ്റെ കുരുട്ടുകണ്ണുകൾക്കു കാണാൻകഴിയുന്നില്ല. എതിർവാദംചെയ്തു വിശ്വസിപ്പിക്കുന്നതുവരെ എൻ്റെ കട്ടത്ത വിശ്വാസം മാററിപ്പിടിക്കാൻ ഭാവവും ഇല്ല. കൊടുവെയിലത്തു രാജപാതയിൽനിന്നും പാട്ടുപാടുന്ന കിറുക്കൻ്റെ അസാധാരണത്വംകൊണ്ടാണു് ഞാൻ അയാളെ ഭ്രാന്തനെന്നു് വിളിക്കേണ്ടതെങ്കിൽ ആ സ്വഭാവത്തിൻ്റെ പരിപൂർത്തിയിൽ കയറിച്ചെന്നു വിശ്രമിക്കുന്നവരായതുകൊണ്ടാണു മററുള്ളവരെയും ഭ്രാന്തന്മാരെന്നു എനിക്കു വിളിക്കേണ്ടിവരുന്നതു്. ജനസാമാന്യത്തിൽനിന്നു വ്യത്യസ്തമായ പെരുമാററങ്ങളും ആവശ്യങ്ങളും ആഗ്രഹങ്ങളും പ്രവൃത്തികളും പ്രദർശിപ്പിക്കുക എന്ന അസാധാരണ സ്വഭാവമാണു നമ്മെപ്പോലുള്ള ഒരു വ്യക്തിയെ ഉച്ചക്കിറുക്കനാക്കി മാററിനിറുത്തുന്നതു്. നാം കീറിയ മുണ്ടും പാറിപ്പറക്കുന്ന മുടിയുമായി പൊതുനിരത്തിൽ നില്ക്കാറില്ല. ഒരുപക്ഷേ നിന്നാൽ തന്നെ എരിവെയിൽ ഇഷ്ടപ്പെടുകയില്ല. ഇഷ്ടപ്പെട്ടിരുന്നാൽതന്നെ അവിടെനിന്നു പാട്ടുപാടുകയില്ല. വാഹനങ്ങളുടെ പോക്കുവരവുകളെപ്പററി വിവരവും സൂക്ഷിച്ചില്ലെങ്കിൽ അപമൃത്യു ഉണ്ടാകുമെന്നു ഭയവും നമുക്കുണ്ടു്. മററുള്ളവരുടെയിടയിൽ അപഹാസ്യനായിത്തീരുമെന്ന ആശങ്കയും നമ്മെപ്പിടികൂടുന്നുണ്ടു്. എന്നാൽ ഈ വിചാരങ്ങളും വികാരങ്ങളും സ്വന്തരക്ഷയെപ്പററിയും പൊതുജനാഭിപ്രായത്തെപ്പററിയും ഉള്ള നോട്ടവും അല്പംപോലും ഏശാതെ തികച്ചും അസാധാരണമായി പ്രവർത്തിക്കുന്നതുകൊണ്ടു മാത്രമാണു് ഭ്രാന്തനെ ഭ്രാന്തനായി കണക്കുകൂട്ടുന്നതു്. ആഹാരം, വസ്ത്രധാരണം, ധനസമ്പാദനം, ഗൃഹസംരക്ഷണം സമുദായത്തിലെ മാന്യസ്ഥാനം എന്നീ മഹത്തായ കാര്യങ്ങൾക്കായി നമ്മുടെ ഓരോ മണിക്കൂറും ചിലവഴിക്കപ്പെടുമ്പോൾ സമയത്തിൻ്റെ വിലയോ, പ്രവൃത്തിയുടെ ഫലമോ, മററുള്ളവരുടെ അഭിപ്രായമോ അവഗണിച്ചുകൊണ്ടാണു് ഭ്രാന്തൻ്റെ ജീവിതരീതി. ഈ വിലക്ഷണത്വം ആണു് ഭ്രാന്തലക്ഷണമെങ്കിൽ മുൻപു പറഞ്ഞ ധനികനും, കാമുകനും, കലാകാരനും, ശാസ്ത്രജ്ഞനും, തത്വചിന്തകനും, ഭക്തനും എല്ലാം ശുദ്ധഭ്രാന്തന്മാരാണു്. ഒരു പടികൂടിക്കടന്നു കൂടുതൽ നിഷ്കൃഷ്ടമായിപ്പറയുന്നപക്ഷം മനുഷ്യസമുദായത്തിലെ ഓരോ അംഗവും ഒരു വിധത്തിലല്ലെങ്കിൽ വേറൊരുവിധത്തിൽ അസാധാരണത്വം പുലർത്തുന്നവരാണു്; ചുരുക്കിപ്പറഞ്ഞാൽ ഭ്രാന്തരാണു്. നാണയത്തിൻ്റെ കിലുക്കം മാത്രമേ അയഥാർത്ഥമായ ഈ ലോകത്തിൽ യഥാർത്ഥമായുള്ളു എന്നു കരുതി അതിനെ പെരുപ്പിക്കാൻ അഹോരാത്രം അദ്ധ്വാനിച്ചു സ്വന്ത സുഖസൗകര്യങ്ങളെയും സാമുദായികമായ കടപ്പാടുകളെയും അതിലേക്കായി ബലികഴിക്കുന്നധനികനും, കാമുകിയുടെ രൂപംമാത്രം തഥ്യയെന്നും മററു പ്രാപഞ്ചികവസ്തുക്കളെല്ലാം മിഥ്യയെന്നും കാമുകീസമാഗമം പരാൽപ്പരമായ നിർവൃതിയെ പ്രദാനംചെയ്യുന്നു എന്നും വിശ്വസിക്കുന്ന കാമുകനും എന്തൊരു വിലക്ഷണസൃഷ്ടികളാണു ? വാക്കിൻേറയും നാദത്തിൻേറയും ചായത്തിൻേറയും അഴകിലും പൊരുളിലും സദാസമയവും ആലിഞ്ഞലിഞ്ഞു് ആനന്ദപരവശനായി സാമുദായികനിയമങ്ങളെയും വ്യവഹാരലോകത്തേയും കാണാൻ കണ്ണില്ലാതെ പ്രായോഗികജീവിതത്തിലെ പരമപരാജയമായി അവ്യവസ്ഥിതജീവിതം നയിക്കുന്ന കലാഭ്രാന്തൻ്റെ മുൻപിൽ പാവപ്പെട്ട ഉച്ചക്കിറുക്കൻ എത്ര നിസ്സാരനാണു്. ജ്ഞാനത്തിൻ്റെ മിന്നാമിനുങ്ങുവെളിച്ചത്തിൽനിന്നും അതിൻ്റെ ശാശ്വതപ്രകാശത്തിലേക്കു എല്ലുകളൂരി

തുഴഞ്ഞു മുന്നോട്ടുപോകാൻ ആഗ്രഹിക്കു ന്നതിനിടയിൽ ഉണ്ണാതെയും ഉടുക്കാതെയും എണ്ണുതേയ്ക്കാതെയും മററു ജീവിതാവശ്യ ങ്ങൾ നിറവേററാതെയും ജനലക്ഷങ്ങളുടെ പരമ്പരാഗതമായ വിശ്വാസപ്രമാണങ്ങളേ യും ധാരണകളേയും ചോദ്യംചെയ്തുജീവിക്കു ന്ന ശാസ്ത്രജ്ഞൻ എന്തൊരസ്സാധാരണൻ! ആരും കണ്ടിട്ടില്ലാത്ത ഈശ്വരനെ മുഖ ത്തോടുമുഖംകാണാൻ ബദ്ധപ്പെട്ടു് നാലുകാ ശിനു വിലപ്പോകാത്ത ഈശ്വരസ്തോത്രങ്ങ ളുംപാടി എല്ലാപേരും ആഗ്രഹിക്കുന്ന പദ വികളും സ്ഥാനമാനങ്ങളും വിഭവസമ്പത്തും വലിച്ചെറിഞ്ഞു തെണ്ടിനടക്കുന്ന വിരക്ത നെപ്പോലെ ഒരു ഭ്രാന്തനെ ഒരു സമുദായ ജീവിതം കാണാൻ കിട്ടുകയില്ല. പരമാത്മാ വിനെ വിളിച്ചുമോങ്ങുന്ന ടാഗ്രൂറിനെ ഏ തൊരുന്മാദശാലയിലും ചേക്കാവുന്നതേയു ള്ളു. പ്രകൃതിയിൽ അലിഞ്ഞുചേരാൻ കൊ തികൊള്ളുന്ന വേഡ്സ്വർത്തിനെ തലയ്ക്കു ലക്കുള്ളവരുടെ കൂട്ടത്തിൽ എങ്ങനെ ഉൾ പ്പെടുത്തും. ആപേക്ഷികസിദ്ധാന്തവുമാ യി നടക്കുന്ന ഐൻസ്റ്റൈനെ ചങ്ങല കൊണ്ടു പൂട്ടിയിടുന്നതിൽ അപാകമില്ല. രാമകൃഷ്ണനും ശങ്കരനും മീരാഭായിക്കും തനി ക്കിറുക്കായിരുന്നു എന്നു ഒററനോട്ടത്തിൽ വെളിപ്പെട്ടുപോകും. ഈ വലിയതരം കി റുക്കന്മാൎക്കു പുറമേ മോട്ടോർഭ്രാന്തൻ, കാള ഭ്രാന്തൻ, വിഷയഭ്രാന്തൻ, വ്യവഹാരഭ്രാ ന്തൻ, ജാതിഭ്രാന്തൻ തുടങ്ങി എത്രയോ കോടി ഭ്രാന്തന്മാരുണ്ടു്, ഈ വിശാലമായ ഭൂമുഖത്തു്. അനന്യസാധാരണമായ ഏ തെങ്കിലും ഗുണമോ, ആശയമോ, പ്രേരണ യോ, വികാരമോ, ആഗ്രഹമോ, ശീലമോ പരിപൂൎണ്ണമായി വികസിക്കുംതോറും ഒരു മനുഷ്യൻ ഭ്രാന്തസംജ്ഞയ്ക്കു കൂടുതൽ അ ൎഹനായിത്തീരുകയാണു്. ഭ്രാന്തിന്റെ പരിപൂൎത്തിയാണു മഹത്വത്തിന്റെ മാന ദണ്ഡം. അസാധാരണത്വത്തിന്റെ പര മോച്ചാവസ്ഥയിലേയ്ക്കു നടത്തുന്ന പ്രയാ ണത്തിലെ ഓരോ പടിയും ഒരാളിന്റെ മഹത്വത്തെ കൂടുതൽ കൂടുതൽ വികസ്വര മാക്കിത്തീൎക്കുന്നു. നിസ്സാരകാൎയ്യങ്ങൾതൊട്ടു ഗൗരവം തുളുമ്പുന്ന വിഷയങ്ങൾവരെ ഈ തത്വത്തിനു പ്രസക്തിയും സ്വാധീനശ ക്തിയും ഉണ്ടു്. സാധാരണയായി നാം തലമുടി വെട്ടിക്കളയുന്നതിനിടയ്ക്കു ഒരാൾ തലമുടി വളൎത്തിയാൽ അയാൾ ഭ്രാന്ത നാണു്. അടിമത്വത്തിൽ കുടിഉറയ്ക്കാൻ കൊതിച്ചുപായുന്ന ഒരു ജനതയുടെ മദ്ധ്യത്തു് സ്വാതന്ത്ര്യം പ്രസംഗിക്കുന്നവൻ ഭ്രാന്ത നാണു്. അറപ്പിശുക്കന്മാർ ചെങ്കോൽ നടത്തുന്നിടത്തു് പിച്ചപ്പാളയിൽ നാലുകാ ശിടുന്നവൻ ഭ്രാന്തനാണു്. ചുററിലും ശാ രീരികവും മാനസികവുമായ വ്യഭിചാരം ന ടക്കുമ്പോൾ വേശ്യയെ അനുകമ്പാപൂർവം വീക്ഷിക്കുന്നവൻ മുഴുത്ത ഭ്രാന്തനാണു്. ഹിംസയുടെ മദ്ധ്യത്തു് അഹിംസയെ ഉയ ൎത്തിപ്പിടിച്ച ബുദ്ധനും, ക്രൗൎയ്യത്തിന്റെ നടു ക്കു സ്നേഹപ്രകാശം വീശിയ ക്രിസ്തുവും ഭ്രാ ന്തരിൽ ഭ്രാന്തരാണു്. ലോകമെങ്ങും കരു തിക്കളമായി മാറുമ്പോൾ ശാന്തിസന്ദേശം ഉറക്കെ വിളിച്ചുപറഞ്ഞു്, വിലപിടിച്ച വസ്ത്രങ്ങൾ സുലഭമായി കിട്ടാനിടയുള്ള പ്പോൾ ചെറിയ പരുക്കൻ വസ്ത്രം മാത്രം ധരിച്ചു്, സംഭാഷണം കാത്തു ലക്ഷക്കണ ക്കിനു ആളുകൾ കൂടുമ്പോൾ മൗനവ്രതം എന്ന നിർബന്ധംപിടിച്ചു് കഴിയുന്ന ഗാ ന്ധി ഭ്രാന്തന്മാരുടെ അനിഷേധ്യചക്രവ ൎത്തിയാണു്.

അസാധാരണത്വം മാത്രമല്ല ഭ്രാന്തലക്ഷ ണമെന്നും പ്രയോജനരഹിതവും അക്കാര ണത്താൽ പരിഹാസ്യവും ആയിത്തീരുന്ന വിലക്ഷണത്വമാണു ഭ്രാന്തിന്റെ നിൎവ്വച നമെന്നും ഒരുപക്ഷേ വാദിക്കുന്നവരുണ്ടാ കാം. ഉച്ചക്കിറുക്കന്റെ അസാധാരണ ത്വംകൊണ്ടു് ഒരു പ്രയോജനവും ഇല്ല. ശരിതന്നെ. അതിനാൽ അതു് പരിഹാ

സ്യജനകമായി പരിണമിക്കുന്നു. വളരെ ശരി. എന്നാൽ അതേ കാരണംകൊണ്ടുതന്നെ നൂറുതവണ ഭ്രാന്തപദം അർഹിക്കുന്നവരാണു മുമ്പു പറഞ്ഞവരെല്ലാം. മടിശ്ശീല തടിപ്പിക്കാൻ ജീവസമപ്പ്ണംചെയ്യുന്ന ആ അസാധാരണനു് പരമാത്ഥത്തിൽ എന്തൊരു പ്രയോജനമാണുണ്ടാവുക മടിശ്ശീല തടിക്കുന്നതു ഒരു പ്രയോജനമാകുന്നതെങ്ങനെ? കവിയുടെ നാലുവരി കവിതകൊണ്ടോ, ചിത്രകാരന്റെ രണ്ടു പടംകൊണ്ടോ, ഭക്തന്റെ ഗാനധാരകൊണ്ടോ, ശാസ്ത്രിയുടെ സത്യമാർഗ്ഗണംകൊണ്ടോ അവരിൽ ഓരോരുത്തക്കും പ്രത്യക്ഷത്തിൽ എന്തു പ്രയോജനം സിദ്ധിക്കാനാണു്? ഒരു തുള്ളി കഞ്ഞിവെള്ളത്തിനു വിലപിടിക്കുമോ ഈ ഭക്തിയും ശാസ്ത്രജ്ഞാനവും കലാവിലാസവും ഒക്കെ? നിറച്ചൊന്നു ആഹാരം കഴിക്കാൻ, വെളുത്ത മുണ്ടുടുക്കാൻ, മക്കൾക്കും മരുമക്കൾക്കും സമ്പാദ്യമോ ഉദ്യോഗമോ ഉണ്ടാക്കിക്കൊടുക്കാൻ പ്രാപ്തിയില്ലാത്ത ഇക്കൂട്ടരെക്കൊണ്ടു് അവക്കോ അന്യക്കോ എന്താണൊരു പുണ്യം നേടാനുള്ളതു്? പ്രയോജനമില്ലാത്ത പ്രവൃത്തിയിൽ ഏപ്പെടുന്നതുകൊണ്ടുണ്ടാവുന്ന അപഹാസ്യത അവർ എല്ലാപേരും തുല്യമായി അർഹിക്കുന്നുണ്ടു്; ആജ്ജിക്കുന്നുണ്ടു്. "കാശിനുകൊള്ളാത്തവൻ', 'സ്വപ്നക്കാരൻ', 'കണ്ണുകണ്ടുകൂടാത്തവൻ' 'കഥയില്ലാത്തവൻ" എന്നിങ്ങനെ സമുദായം ശകാരബിരുദങ്ങൾ ചൊരിയുമ്പോൾ, ഉച്ചക്കിറുക്കന്റെ സഹോദരസ്ഥാനം അവക്കു്അനായാസേന സമ്പാദിക്കാവുന്നതേയുള്ളു.

കാര്യങ്ങളുടെ അന്തസ്സാരം ഈ മട്ടിലാണെങ്കിൽ പിന്നെന്താണു് ഭ്രാന്തനെന്നു വ്യവഹരിക്കപ്പെടുന്നവനും ഇത്തരം ഭ്രാന്തന്മാക്കും തമ്മിലുള്ള വ്യത്യാസം? വ്യത്യാസം ഉണ്ടെന്നു തീച്ചയാണു്. പക്ഷേ ആ വ്യത്യാസം അതിസൂക്ഷ്മവും മർമ്മഭൂതവുമാണു്. ഉച്ചക്കിറുക്കന്റെ അസാധാരണത്വം പ്രയോജനശൂന്യവും പരിഹാസജനകവുംതന്നെ. അക്കാര്യത്തിൽ നമ്മുടെ സ്നേഹിതന്മാർ അവനോടു സമാനതവഹിക്കുന്നുമുണ്ടു്. എന്നാൽ അവരുടെ ഭ്രാന്തു ഒററനോട്ടത്തിൽ പ്രയോജനശൂന്യമെന്നു തോന്നുമെങ്കിലും പരമാത്ഥത്തിൽ പ്രയോജനകരമാണു്. ചില ആത്യന്തികമായ പ്രയോജനങ്ങളെ ലാക്കാക്കി, ബാഹ്യലോകത്തിന്റെ അഭിപ്രായങ്ങളേയും വ്യവസ്ഥകളേയും നിയമങ്ങളേയും സമ്പ്രദായങ്ങളേയും അവഗണിച്ചു് ആന്തരികമായ ചില ഉൽകൃഷ്ടലക്ഷ്യങ്ങളുടെ മുമ്പിൽ ജീവിതം അടിയറവച്ചു പ്രവത്തിക്കുന്നവരാണു് ഇക്കൂട്ടരിൽ ഏറിയകൂറും. അസംഖ്യം ചിട്ടകളിലും ചടങ്ങുകളിലും പാരമ്പര്യങ്ങളിലും വിശ്വാസങ്ങളിലും കരുപ്പിടിച്ചു ഉരുകി ചേൻ്നുപോയ നമുക്കു സ്വാഭാവികമായി ഉണ്ടാകുന്ന മഞ്ഞപ്പിത്തംകൊണ്ടാണു് ഈ സ്നേഹിതന്മാരുടെ അസാധാരണത്വം പ്രയോജനശൂന്യവും പരിഹാസ്യവും ആയി തോന്നുന്നതു്. നമ്മുടെ ജീവിതരീതിയുമായി അവരുടെ ജീവിതത്തിനു പൊരുത്തമില്ലാത്തതിനു കാരണം അവരുടെ കുററമല്ല, നമ്മുടെ കുററമാണു്. ആ വർഗ്ഗത്തിന്റെ അജ്ഞതയേയും, അപ്രായോഗികതയേയും അധിക്ഷേപിക്കുന്നതിനേക്കാൾ നമ്മുടെ വഴിപിഴച്ച ജ്ഞാനത്തേയും നാശം പിടിച്ച പ്രായോഗികതയേയും ആണു ശപിക്കേണ്ടിയിരിക്കുന്നതു്. നമുക്കു അറിയാൻപാടില്ലാത്ത ഒരു കാലംതൊട്ടു് ഈ ലോകത്തു പ്രത്യക്ഷപ്പെട്ടു പഴകിത്തുരുമ്പിച്ച ഒരു ചട്ടക്കൂട്ടിനുള്ളിൽ ഒതുങ്ങിയിരിക്കാൻ ശീലിച്ചിട്ടുള്ള സാധാരണൻ, ആ മുറ തെററിച്ചു് വിശാലമായ അന്തരീക്ഷത്തിലേക്കു് ചിറകടിച്ചു ആഞ്ഞുപറക്കുന്ന അസാധാരണന്മാരെ അപഹസിക്കുന്നതു വെറും സ്വാഭാവികമാണു്. പക്ഷേ നൂറുശതമാനം അബദ്ധവും അനീതിയുമാ

ണു്. നാം കാണാത്ത പലതും കാണുകയും, അനുഭവിക്കാത്ത പലതും അനുഭവിക്കുയും, നമുക്കു മനസ്സിലാക്കാൻ കഴിയാത്ത പലതും പറയുകയും പ്രവർത്തിക്കയും ചെയ്യുന്നതു കണ്ടു് നമ്മുടെ കഴിവുകേടിനെപ്പററി കേഴുകയാണു വേണ്ടതു്. തല ഉയർത്തിപ്പിടിച്ചു് നെററി ചുളിച്ചു് "കാട്ടു്, കാട്ടു്" എന്നു നിലവിളിക്കുകയല്ല. ഒരു കാര്യമെങ്കിലും ഓർത്തിരുന്നാൽ ഭേദമാണു്. നിസ്സാരവും നികൃഷ്ടവും ആയ നൂറുകൂട്ടം കാര്യങ്ങളിൽ നാം കാണിക്കുന്ന ഭ്രാന്തുകളെക്കാൾ എത്രയോ മടങ്ങു് സാരഗ്രാഹിയും ഉൽകൃഷ്ടവുമായ ഭ്രാന്തുകളാണു് കലാകാരനും ശാസ്ത്രീയും ഭക്തനും മററും കാണിക്കുന്നതെന്നു ഓർത്താൽ, അധിക്ഷേപത്തിനുപകരം സ്തുതിഗീതവും, അവജ്ഞയ്ക്കുപകരം ആദരവും നമുക്കവരെപ്പററി തോന്നിപ്പോകും. എല്ലാവന്റെ കയ്യിലും ഒരുവെടിക്കു ഭ്രാന്തുള്ളപ്പോൾ; എന്നെങ്കിലും ആക്കെങ്കിലും ഉപകരിക്കുന്ന ഭ്രാന്തല്ലെ അനുമോദനം അർഹിക്കുന്നതു്. ആ ഭ്രാന്തിനെ പ്രോത്സാഹിപ്പിക്കാൻ, ആ ഭ്രാന്തസംഘങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കാൻ ഒരു പ്രചാരണപരിപാടി നിർമ്മിക്കേണ്ടതു് നിസ്സാരകാര്യങ്ങളിൽ ഭ്രാന്തരായ നമ്മുടെ കടമയാണു്. സൃഷ്ടിയുടെ വൈചിത്ര്യം സംരക്ഷിക്കുന്ന ആ സഹോദരന്മാരെ വെറും ഉച്ചക്കിറുക്കന്മാരുടെ കൂട്ടത്തിൽ തള്ളിക്കളഞ്ഞു് അവരെ സമുദായസ്വരസ്സിലെ മലിനകീടങ്ങളാക്കി പരിഗണിക്കുന്ന ബുദ്ധിരഹിതമായ മനോഭാവം കൈവെടിയാൻ നാം നിശ്ചയമായും ബാദ്ധ്യസ്ഥരാണു്. ഹൃദയവിശാലതയോടെ ഈ ഭ്രാന്തവിക്രിയകൾ സഹിക്കാനും ഗ്രഹിക്കാനും ബഹുമാനിക്കാനും നിസ്സാരഭ്രാന്തുകളിൽനിന്നും മഹത്തായ ഭ്രാന്തുകളിലേക്കു ഉയൻചെന്നു എത്താനും സന്നദ്ധരാകാത്ത കാലംവരെ നാം ഉച്ചക്കിറുക്കന്മാരെക്കാൾ അധഃപതിച്ച നിലയിൽ കഴിഞ്ഞുകൂടുകതന്നെ ചെയ്യും. ഒന്നോർത്താൽ അവരെത്ര ഭേദം. ലൗകികജീവിതത്തിന്റെ പാരതന്ത്ര്യങ്ങൾ അവരെ മുറിവേല്പിക്കുന്നില്ല. സർവ്വത്ര സ്വാതന്ത്ര്യമായ പ്രവർത്തനസൗകര്യമെങ്കിലും ഉച്ചക്കിറുക്കനു് നമ്മേക്കാൾ ലഭിക്കുന്നുണ്ടു്. പരസ്പരം കുരുങ്ങിമറിഞ്ഞു് കിടക്കുന്ന ഓരായിരം ചങ്ങലകളുടെ കെട്ടുകളിൽ വ്യക്തിത്വത്തെ തൂക്കിയിട്ടുകൊണ്ടു് ജീവിക്കേണ്ടിവരുന്ന നാം അവനെക്കാൾ പല പടികൾ താഴെ നിലകൊള്ളുകയാണു ചെയ്യുന്നതു്. നമ്മുടെ പ്രവർത്തനങ്ങളെ ശാശ്വതഫലം പ്രദാനംചെയ്യുന്ന പരിണാമങ്ങളിലേക്കു് നയിച്ചുകൊണ്ടുപോകാനുള്ള കഴിവോ, തന്റേടമോ ഉൾക്കരുത്തോ നമുക്കില്ല. ഈ മഹാഗുണങ്ങൾ സമ്പാദിച്ചിട്ടുള്ള വലിയതരം ഭ്രാന്തന്മാരുടെ കാലടികളെ പിൻതുടരുകയാണു് ചൈതന്യപൂർണ്ണമായ ജീവിതം അഭിലഷിക്കുന്നവൻ ചെയ്യേണ്ടിയിരിക്കുന്നതു്. അനുഗ്രഹദായകമായ ഈ അഭിലാഷം സഫലമാകുന്നതിനു ഇതാ ഒരു ഭ്രാന്തന്റെ ആശീർവാദങ്ങൾ!

---

നാഥാ! എന്റെ കണ്ണുകൾ എനിക്കു ഭാരമായിത്തീന്നിരിക്കുന്നു.
എന്നെക്കാണാനുപകരിക്കുന്ന കണ്ണുകൾ എനിക്കുതരണെ!

* * *

ഇളംതളിരുകൾ ജീവിക്കുവാൻവേണ്ടി പരുഷത്വം സ്വീകരിക്കുന്നു!

# ടാഗോർ

(തായാട്ട് കുഞ്ഞനന്തൻ)

ഭാരതക്ഷേത്രത്തിന്റെ ഭാഗ്യമേ, യഭിമാന_
പൂരിതമായീടുന്നു ഹൃദയം ഞങ്ങൾക്കെല്ലാം!

വാണിതന്നവതാരരൂപമേ, യീലോകമാം
വീണയിൽ വിശേഷമാം ഗാനം നീ മീട്ടീടുമ്പോൾ

കുടിലിന്നുശിരേറി ഹൃദയം തുടിക്കുന്നു;
മണിമേടതൻമനം പുളകം പുതയ്ക്കുന്നു.

പാരതന്ത്ര്യത്തിൻകാരിരുമ്പിനാൽ വരിഞ്ഞിട്ട-
ഭാരതാവനിയെ നിൻ കൈകളാൽ തലോടുമ്പോൾ

ദേവിക്കു രോമാഞ്ചമുണ്ടായതല്ലല്ലീലോക-
സേവകർ മഹാത്മജി, യാസാദ്ദം ജവഹറും?

സാത്വികതേജസ്സിന്റെ പൊന്നൊളിപരത്തുന്നി-
താസ്ഥയാ മുനിനാട്ടിൽ ദേവ,നിൻ 'ഗീതാഞ്ജലി'

ഭ്രാന്തമീലോകം മുറവും താവകഗീതം കേൾക്കെ-
ശാന്തരായണയുന്നു വിശ്വഗായക വിഭോ!

ഏതേതുപരിതപ്തഹൃദയത്തിങ്കൽ നിന്റെ
പൂതമാം 'ചന്ദ്രക്കല' വെൺകതിർ വിതച്ചീല!

ഭാരതക്ഷേത്രം വെറും നരവേട്ടതൻനാടായ്
ചോരതൻകടലായി മാറുമ്പോൾ, നശിക്കുമ്പോൾ,

യാന്ത്രികപരിഷ്കാരം തീക്കൊളുത്തിയലോകം
ചാമ്പലാകുമ്പോൾ, മർത്ത്യൻ മൃഗമായ്താഴ്ന്നീടുമ്പോൾ,

ഭ്രാന്തമീലോകത്തിന്റെ കരളിൽ കൈവെച്ചു നീ;
ശാന്തിതൻവിണ്ണിൽകേറാൻ സദയം ക്ഷണിച്ചു നീ!

* * *

ഭാരതക്ഷേത്രത്തിന്റെ ഭാഗ്യമേ, യഭിമാന-
പൂരിതമായീടുന്നു ഹൃദയം ഞങ്ങൾക്കെല്ലാം!!

# * ഡാക്ടറും കുരങ്ങും

(സി. ഐ. രാമൻനായർ.)

I

അങ്ങനെയിരിക്കെ,ഞാൻ ഈ അത്ഭുതപുരുഷനുമായി--ഡാക്ടർ ക്യാംബെല്ലുമായി-പരിചയപ്പെട്ടു. ഇദ്ദേഹത്തെ കണ്ടും നേരിട്ടും പരിചയമുള്ളവർ അന്നാട്ടിൽ ഒട്ടും കുറവല്ലായിരുന്നു. എങ്കിലും ഡാക്ടർക്കു് ഉററബന്ധുക്കളോ മിത്രങ്ങളോ ഉണ്ടായിരുന്നില്ല. പരിചയക്കാരെല്ലാം ഇദ്ദേഹത്തെ വെറും ഒരു കാടനായും മൂർഖനായും ആണു് ചിത്രീകരിക്കാറു്. ആദ്യമായി ഡാക്ടറെ കണ്ടപ്പോൾ എനിക്കുണ്ടായ അഭിപ്രായവും അതുതന്നെയായിരുന്നു. ഒരു മനുഷ്യാകൃതിയ്ക്കു ഇതിലേറെ ബീഭത്സത എങ്ങനെയുണ്ടാകാനാണു്? ചോരക്കട്ടപോലുള്ള വട്ടക്കണ്ണുകൾ, ക്രൂരമായ അധരപുടങ്ങൾ, മുഴക്കുടിയന്റെ മുഖചേഷ്ടകൾ, മാറുകവിഞ്ഞു ചിന്നിച്ചിതറിയ മീശക്കാടു്, കൈകാലുകളിൽ പരുപരുത്ത രോമക്കൂട്ടം ഈ ലക്ഷണങ്ങൾ ഡാക്ടർ ക്യാംബെല്ലിനെ ഒരു മനുഷ്യക്കരടിയോ മനുഷ്യക്കുരങ്ങോ ആക്കിത്തീർത്തിരുന്നു.

ക്യാംബെൽ എൺപതു കഴിഞ്ഞ ഒരു വൃദ്ധനായിരുന്നു. ഇദ്ദേഹം "റോമി"ൽ സ്ഥിരവാസമാക്കിയിട്ടു വർഷങ്ങൾ മുപ്പതു കഴിഞ്ഞിരുന്നു. ഇദ്ദേഹത്തിന്റെ ജന്മദേശമേതെന്നോ എട്ടിക്കിൽനിന്നും ഇവിടെ എത്തിക്കൂടിയെന്നോ ആർക്കും ഒരു രൂപവുമില്ല. പണ്ടെങ്ങാണ്ടോ ഒരു യുദ്ധത്തിൽ ഇദ്ദേഹം അമേരിക്കൻസൈനികർക്കു് വൈദ്യസഹായം നൽകിയിരുന്നാത്രേ! ശസ്ത്രക്രിയയിലായിരുന്നു ഡാക്ടർ പ്രത്യേകവൈദഗ്ദ്ധ്യം സമ്പാദിച്ചിരുന്നതു്. വാസ്തവം പറഞ്ഞാൽ ശസ്ത്രപ്രയോഗത്തിൽ ക്യാംബെല്ലിനെ ജയിക്കുവാൻ പ്രാപ്തിയുള്ള ഡാക്ടർമാർ റോമിൽ അന്നു് ഉണ്ടായിരുന്നില്ല. മററു ഡാക്ടർമാരുമായി കൂട്ടുകൂടുന്ന ഒരു സമ്പ്രദായമേ ഇദ്ദേഹത്തിനില്ലായിരുന്നു. റോമിൽ "പ്രാക്ടീസു"ചെയ്തിരുന്ന വിദേശിഡാക്ടറന്മാർ പലരും പലപ്പോഴും ക്യാംബെല്ലിന്റെ സഹായത്തെ അർത്ഥിച്ചിരുന്നു. ക്യാംബെൽ അപ്രകാരമുള്ള അർത്ഥനകളെ ശ്രദ്ധയോടെ കൈക്കൊള്ളുകയും ചെയ്യുമായിരുന്നു. എങ്കിലും അവരുമായി സ്ഥിരസൗഹൃദം സമ്പാദിക്കുന്നതിൽ ഇദ്ദേഹം തികച്ചും വിമുഖനായിരുന്നു

ഈ മനുഷ്യൻ ഒരുദിവസം പൊടുന്നനവേ എന്റെ 'കാറി'നെ സമീപിച്ചു. 'കാറി'ലെ മുൻസീററിൽ ഇരിപ്പുറപ്പിച്ചിരുന്ന എന്റെ ഓമനപ്പട്ടി "ടാപ്പിയോ"വിനെ ഇദ്ദേഹം തെരുതെരെ തട്ടിത്തടവിക്കൊണ്ടു് പറഞ്ഞു. "എത്ര നല്ല പട്ടി! എനിക്കു നിങ്ങളോടു് അസൂയ തോന്നുന്നു."

"നിങ്ങൾ കുരങ്ങുകളെ ഇഷ്ടപ്പെടുന്നോ?" ഡാക്ടർ തിടുക്കത്തിൽ എന്നോടു ചോദിച്ചു.

"അതെ, ഞാൻ ഇഷ്ടപ്പെടുന്നു."

---

* ഡാക്ടർ ആക്സൽമൂൺതേയുടെ ആത്മകഥാകഥനത്തിൽനിന്നും.

ക്യാംബെൽ ദീർഘമായി ഒന്നു നിശ്വസിച്ചു. അനന്തരം വികാരാവേശത്തോടെ പറഞ്ഞുതുടങ്ങി:—

"നിങ്ങൾതന്നെ പററിയ ആൾ! ദയവുചെയ്തു് എൻെറ വീടുവരെ വരിക. എൻെറ കുരങ്ങിനെ ഒന്നു കണ്ടേ മതിയാകൂ. അതു് വലിയ ഒരബദ്ധത്തിൽ ചാടി തിളച്ചവെള്ളം വീണു അതിൻെറ ശരീരമാസകലം പൊള്ളിപ്പോയിരിക്കുന്നു. ഇപ്പോൾ ഏററവും അവശതയിൽ ആണു്. അതു ജീവിക്കുന്ന കാര്യംതന്നെ സംശയം. ദയവുചെയ്തു് ഉപേക്ഷ വിചാരിക്കരുതു്. എൻെറകൂടെ വരുകതന്നെ."

ക്യാംബെല്ലിൻെറ ഭൃതദയ എൻെറ ഹൃദയത്തെ സ്പർശിച്ചു. അപ്പോൾതന്നെ ഞാൻ ഇദ്ദേഹത്തിൻെറ ഭവനത്തിൽ എത്തി. അല്പനിമിഷങ്ങൾക്കുള്ളിൽ "ബാബൂൺ" വർഗ്ഗത്തിൽപെട്ട ഒരു മുട്ടൻ കുരങ്ങനെ, ഡാക്ടർ ഇരുകരങ്ങൾകൊണ്ടും താങ്ങിയെടുത്തു' എൻെറ മുമ്പിൽ കൊണ്ടുവന്നു. ആ പാവപ്പെട്ട ജന്തുവിൻെറ ദേഹമാസകലം വസ്ത്രത്താൽ പൊതിയപ്പെട്ടിരിക്കുന്നു. പ്രത്യേകം തയ്യാർചെയ്തിരുന്ന ഒരു കട്ടിലിൽ അതിനെ മന്ദമായി കിടത്തിയിട്ടു്, ക്യാംബെൽ വീണ്ടും കഥനം തുടർന്നു.

"ഇവൻ—എൻെറഓമനബില്ലി— വളരെ കഷ്ടസ്ഥിതിയിൽ ആയിക്കഴിഞ്ഞു. എൻെറ ബില്ലി ചത്തുപോയാൽ ഞാൻ പിന്നെ എന്തുചെയ്യുമെന്നു് എനിയ്ക്കുതന്നെ അറിഞ്ഞുകൂടാ."

വൃദ്ധൻെറ തൊണ്ടയിടറി; കണ്ണുകൾ നിറയുകയും ചെയ്തു.

"എൻെറ ഈ ബില്ലി മാത്രമേ എനിയ്ക്കൊരു തുണയുള്ളു; സ്നേഹിതനുള്ളൂ. ഇവൻ പിറന്നതോടുകൂടി ഇവൻെറ തള്ള ചത്തുപോയി. വളരെ ക്ലേശങ്ങൾ സഹിച്ചാണു് ഞാൻ ഇവൻെറ ജീവനെ രക്ഷിച്ചതു്. മുലകുപ്പിയും ശുശ്രൂഷയും ഞാനുമായി അങ്ങനെ ഏറെമാസങ്ങൾ കഴിച്ചുകൂട്ടി. ഇവൻെറ തള്ളയ്ക്കു് എന്നോടു വളരെ സ്നേഹവും ഭക്തിയുമുണ്ടായിരുന്നു. അവൾ ഒരു മുഴക്കുരങ്ങായിരുന്നു; ഒരു ഗോറില്ലായുടെ അത്ര വലിപ്പം വരും. മനുഷ്യരെപ്പോലെതന്നെ അവൾ നടക്കുകയും പലതും പ്രവത്തിയ്ക്കുയും ചെയ്യുമായിരുന്നു."

വൃദ്ധൻെറമുഖം മുഴുവികാരങ്ങൾക്കു് അധീനമായി. അതിൽ കളിയാടിയ ആർദ്രത, സ്നേഹം, ശാന്തത ഇതെല്ലാം എന്നെ ചിന്താകുലനാക്കി. ഞാൻ ഒരക്ഷരം ഉരിയാടിയില്ല. കഥനം കേൾക്കുവാൻ ഔൽസുക്യത്തോടെ ക്യാംബെല്ലിനെത്തന്നെ ഉററുനോക്കിക്കൊണ്ടു് ഇരുന്നതേ ഉള്ളു. ബില്ലിയാകട്ടെ ഇടയ്ക്കിടെ ദീനസ്വരം പുറപ്പെടുവിച്ചുകൊണ്ടേ ഇരുന്നു.

വൃദ്ധൻ തുടർന്നു:—

മി: ആക്കുൽ! എനിക്കു് ഇവൻെറ ശരീരത്തെ വേദനിപ്പിക്കുവാൻ ഉള്ള ത്രാണിയില്ല. ഈ കെട്ടുകൾ അഴിക്കുമ്പോഴും വ്രണങ്ങൾ കഴുകുമ്പോഴും ഇവൻ കാണിക്കുന്ന മരണവേദന കാണുവാനുള്ള കരുത്തു് എനിക്കില്ല. നിങ്ങൾക്കറിയാമല്ലോ ഞാൻ ശസ്ത്രക്രിയയിൽസമത്ഥനാണെന്നു്. മനുഷ്യരെ വെട്ടിമുറിക്കുന്നതിനും തുണ്ടുതുണ്ടാക്കി തുന്നിക്കെട്ടുന്നതിനും എനിക്കു തീരെ മടിയില്ല. ഒരുതരത്തിൽ മനുഷ്യരുടെ വേദന കാണുന്നതു് എനിയ്ക്കിഷ്ടവുമാണു്. എന്നാൽ എൻെറ ബില്ലിയുടെ ദുരിതം കാണുവാൻ എനിക്കു സാധ്യമല്ല. അയ്യോ! ഇന്നലെ വ്രണം കഴുകിയപ്പോൾ ഇവൻ കാണിച്ച മരണവെപ്രാളം!"

ക്യാംബെൽ, ബില്ലിയുടെ അടുത്തുചെന്നു് അതിൻെറ മുഖം തടവിക്കൊണ്ടു്

"മി: ആക്സൽ! നിങ്ങൾ മൃഗങ്ങളെ സ്നേഹിക്കുന്നവനാണല്ലോ. ഇവനെ സുഖപ്പെടുത്തുന്നഭാരം ഞാൻ അങ്ങയെ ഏല്പിച്ചിരിക്കുന്നു. അങ്ങു് അതു് കയ്യേൽക്കണം."

ഞാൻ സസന്തോഷം ഈ കൃത്യം കയ്യേററു. ക്യാംബെൽ അടുത്ത മുറിയിലേക്കു പോകയും ചെയ്തു. ബില്ലിയുടെ ശരീരത്തെ ആവരണംചെയ്തിരുന്ന തുണി ഞാൻ പതുക്കെ അഴിച്ചുമാററി. ചോരയും പഴുപ്പും ധാരധാരയായി പ്രവഹിച്ചിരുന്നു. പാവപ്പെട്ട ആ ജന്തുവിൻെറ ദേഹമാസകലം ഒരൊററവ്രണമായിത്തീൎന്നിരുന്നു. അതിൻെറ ആ കിടപ്പുകണ്ടപ്പോൾ എൻെറ ധൈൎയ്യവും അസ്തമിച്ചുപോയി. ഞാൻ അതിൻെറ വ്രണം കഴുകി വെടിപ്പുവരുത്തി പുതിയ മരുന്നുകൾ വെച്ചുകെട്ടി. ഇടയ്ക്കിടെ അതിൻെറ കരച്ചിൽ കേൾക്കുക അസഹ്യമായിരുന്നു അതിൻെറ വേദന ലഘൂകരിക്കാൻ ഞാൻ ആവതു പണിപ്പെട്ടെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

എൻെറജോലി തീൎന്നെന്നു് മനസ്സിലായ ഉടൻ ക്യാംബെൽ മുറിയിൽപ്രവേശിച്ചു. അദ്ദേഹത്തിൻെറ മുഖം താരതമ്യേന പ്രസന്നമായും കാണപ്പെട്ടു.

ക്യാംബെൽ:—"മി:ആക്സൽ! എൻെറബില്ലിയ്ക്കറിയാം, നിങ്ങൾ ഇവൻെറ ഒരു ബന്ധുവാണെന്നു്. അല്ലെങ്കിൽ, ഇത്ര ശാന്തനായി ഇവൻ കിടക്കുകയില്ല. ഞാനല്ലാതെ മററാരും ഇവൻെറ ശരീരത്തിൽ ഇതുവരെ തൊട്ടിട്ടേഇല്ല. തൊടാൻ ഇവൻ സമ്മതിക്കയുമില്ല. ആക്സൽ! ഇവൻ നാലുദിവസമായി ജലപാനംപോലും ഉണ്ടായിട്ടില്ല."

അനന്തരം ക്യാംബെൽ, കുരങ്ങിനെ സമീപിച്ചു്:—

"ബില്ലി! ബില്ലി! എൻെറ മകനെ! നിൻെറ അച്ഛനെ നീ ദുഃഖിപ്പിക്കല്ലെ. ഇതാ, ഈ പഴം—ഈ അത്തിപ്പഴം അല്പമെങ്കിലുംതിന്നു്; തിന്നേമതിയാകൂ" എന്നു നിൎബ്ബന്ധിച്ചു.

ഞാൻ പറഞ്ഞു "അത്തിപ്പഴത്തേക്കാൾ ഭേദം ഏത്തപ്പഴമാണു്. കുരങ്ങുകൾക്കു് ഏത്തപ്പഴമാണു് കൂടുതൽ ഇഷ്ടം. അതിവിടെ കിട്ടുമെങ്കിൽ കൊണ്ടുവരൂ."

ഏത്തപ്പഴം അവിടെങ്ങും കിട്ടുമായിരുന്നില്ല. അടിയന്തിരമായി ഒരുകുലപ്പഴമയയ്ക്കുന്നതിനു് ലണ്ടനിലേക്കു ഒരു പ്രത്യേകകമ്പിസന്ദേശംപോലും ക്യാംബെൽ അയയ്ക്കുയുണ്ടായി.

ഈ കുരങ്ങിൻെറ ശരീരശക്തി ക്ഷയിച്ചുപോകാതെ കാക്കേണ്ടതു് രോഗശാന്തിയ്ക്കു അത്യാവശ്യമായിരുന്നു. അതിനാൽ കുറച്ചു ചൂടുപാൽ ഞാൻ അതിൻെറ വായിലേയ്ക്കു ഒഴിച്ചുകൊടുത്തു. പക്ഷേ, അവൻ അതു തൽക്ഷണം തുപ്പിക്കളഞ്ഞു. അതു കണ്ടപ്പോൾ ക്യാംബെല്ലിൻെറ നെഞ്ചു തകരുന്നതായി എനിക്കു തോന്നി. "അയ്യോ! ഇവനു് ഇറക്കുവാനുള്ള ശക്തിപോലും അവശേഷിച്ചിട്ടില്ല. ആക്സൽ! എൻെറബില്ലി ചാകാറായോ? വാസ്തവം പറയണം." ക്യാംബെൽ പൊട്ടിപ്പൊട്ടിക്കരയുന്നുണ്ടായിരുന്നു.

ഞാൻ അദ്ദേഹത്തെ ആവുംവിധം സമാധാനിപ്പിച്ചു; ധൈൎയ്യപ്പെടുത്തി. ഒരു പ്രത്യേകതരം കുഴലുണ്ടാക്കി അതിൽക്കൂടി പോഷകസാധനങ്ങൾ കൊടുക്കുവാൻ ഞാൻ നിൎദ്ദേശിച്ചു. ഇങ്ങനെ ഒരുമാസത്തെ നിരന്തരപരിചരണത്താൽ ബില്ലി പൂൎണ്ണസുഖം പ്രാപിച്ചെന്നു പറഞ്ഞാൽ കഴി

ഞ്ഞല്ലോ. ഇക്കാലമത്രയും ഞാൻ ദിവസം രണ്ടു പ്രാവശ്യംവീതം ക്യാംബെല്ലിൻെറ ഭവനത്തിൽ പൊയ്ക്കൊണ്ടിരുന്നു.

## II

എനിയ്ക്കു് ഈ കുരങ്ങനോടും ഡാക്ടരോടും എന്തെന്നില്ലാത്ത ഒരു സ്നേഹം ഉദിച്ചു. ഉദ്ദേശം രണ്ടുമാസങ്ങൾകഴിഞ്ഞു് ഒരുദിവസം ഞാൻ ബില്ലിയെ കാണ്മാൻ ക്യാംബെല്ലിൻെറ ഭവനത്തിൽ എത്തി. ഞാൻ കണ്ടകാഴ്ച എന്നെ ഇപ്പോഴും അമ്പരിപ്പിക്കുന്നു! ബില്ലി, അവൻെറ യജമാനനു് അഭിമുഖമായി ഒരു ഊഞ്ഞാൽകട്ടിലിൽ ഇരുന്നു ചാഞ്ചാടുന്നു. ക്യാംബെൽ ഒരു ചാരുകസേരയിൽ മലൎന്നുകിടക്കുന്നു. ഇരുപേരുടേയും നടുക്കു് ഒരു മേശയും മേശപ്പുറത്തു ഒരുകുപ്പി വിസ്കിയും ഉണ്ടു്. ഒന്നു പറഞ്ഞുകൊള്ളട്ടെ: ഈ വൃദ്ധഡാക്ടർ, വിസ്കിയിൽ അതിരററ വിശ്വാസിയായിരുന്നു. ശസ്ത്രക്രിയയ്ക്കു മുമ്പായി നിത്യവും കുറെ വിസ്കി അകത്താക്കിവന്നിരുന്നു. തല നേരേനിൽക്കുന്നതിനും കൈ പതറാതിരിക്കുന്നതിനും മദ്യം അത്യാവശ്യമെന്നായിരുന്നു അദ്ദേഹത്തിൻെറ മതം. ആ മുറിയുടെ ഒരുമൂലയിൽ കൂട്ടിയിരുന്ന ഒഴിഞ്ഞ മദ്യക്കുപ്പികളെവിശ്വസിക്കാമെങ്കിൽ ഡാക്ടൎക്കുണ്ടായിരുന്ന "പ്രാക്ടീസ്" വളരെ വിപുലമായിരുന്നെന്നു നിർവിവാദമാണു്.

കഷ്ടം! അവർ ഇരുപേരും മദ്യസേവയിലും കൂട്ടാളികളായിരുന്നു അടിക്കടി ക്യാംബെൽ വിസ്കിയും സോഡയും ഗ്ലാസിൽ പകൎന്നു കുടിച്ചുകൊണ്ടേ ഇരുന്നു. അതേഗ്ലാസിൽനിന്നും യാതൊരു സങ്കോചവുംകൂടാതെ ബില്ലിയും തോന്നുമ്പോൾ തോന്നുമ്പോൾ അതിൻെറ വയററിലേയ്ക്കും ഒഴിച്ചുകൊണ്ടിരുന്നു. തലയ്ക്കു മെല്ലെ പിടിച്ചുതുടങ്ങിയപ്പോൾ ഡാക്ടർ സ്വല്പം സ്വതന്ത്രമായും അഴിഞ്ഞും എന്നോടു സംഭാഷണമാരംഭിച്ചു. വിസ്കി, വാനരജാതിയുടെ ആരോഗ്യത്തിനു് കൈകണ്ട മരുന്നാണെന്നായിരുന്നു ഡാക്ടരുടെ വാദം. പണ്ടൊരിക്കൽ ബില്ലിയുടെ തള്ളയ്ക്കു ന്യുമോണിയാരോഗം പിടിപെട്ടു കഷ്ടപ്പെട്ടചരിതം അദ്ദേഹം വിസ്തരിച്ചു. ആ രോഗത്തിൽനിന്നും അവളെ രക്ഷിച്ചതു് വിസ്കി ഒന്നുമാത്രമായിരുന്നത്രേ! ഹാ!ആ തള്ളക്കുരങ്ങിനോടു്—പെൺകുരങ്ങിനോടു് —ഡാക്ടൎക്കുണ്ടായിരുന്ന സ്നേഹാധിക്യം ആ മുഖത്തു വീണ്ടും പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിൻെറ അപ്പോഴത്തെ വാക്കിലും ഭാവത്തിലും അതു് തെളിഞ്ഞുകാണാമായിരുന്നു.

## III

പിന്നൊരിക്കൽ ഞാൻ ക്യാംബെല്ലിനെ സന്ദർശിച്ചതു് ഇരുവരും കുടിച്ചുമറിഞ്ഞു് പ്രജ്ഞയില്ലാതിരുന്ന ഒരു സന്ദൎഭത്തിലായിരുന്നു. വൃദ്ധനായ ഡാക്ടർ പണ്ടേപ്പോലെ ചാരുകസേരയിൽ മലൎന്നുകിടക്കുന്നു. എന്നല്ല, വികൃതമായ ഒരു കോമാളിപ്പാട്ടു് പാടിക്കൊണ്ടു രണ്ടുകൈകൊണ്ടും തകൃതിയായി താളം പിടിയ്ക്കുകയാണു്. ബില്ലിയാകട്ടെ വെളിവില്ലാതെ, മേശപ്പുറത്തു വിസ്കിക്കുപ്പിയ്ക്കു ചുററിലുമായി, താളത്തിനൊപ്പിച്ചു് തുള്ളിച്ചാടുന്നു! ഞാൻ അത്ഭുതപ്പെട്ടു; ചുററും നോക്കി.

ക്യാംബെൽ, മദ്ധ്യേമദ്ധ്യേ ഗാനത്തിൽനിന്നും ഉണൎന്നു് പല്ലവിപോലെ നീട്ടിവിളിയ്ക്കുന്നുണ്ടായിരുന്നു:—

"ബില്ലീീ...എൻമോനേ! ബില്ലീീ...എൻമോ ാ...നേ! ബില്ലീീ...എൻമോ......നേ...!" ഇങ്ങനെ.

ഞാൻ അവിടെ ഉള്ളതായ ഭാവംപോലും അവരിൽ കണ്ടില്ല. ഞാൻ ആ കുരങ്ങനെ

സൂക്ഷിച്ചു നോക്കി. അതിൻെറ പ്രകൃതി പാടെ മാറിയിരിക്കുന്നു. മൂക്കററം മദ്യം ചെലുത്തിയ കരങ്ങനിൽ മനുഷ്യത്വം കൂടുതൽ പ്രകാശിതമായിക്കണ്ടു. മദ്യത്തിൽ മുങ്ങിയ ഡാക്ടർ ആകട്ടെ ഒരു വൃദ്ധഗോറില്ലയായി രൂപാന്തരപ്പെട്ടിരിക്കുന്നു. എന്തു സാദൃശ്യം! ഏകകുടുംബത്തിലെ അംഗങ്ങൾ!!

വീണ്ടും ഡാക്ടറുടെ "ബില്ലീീ......... എൻമോനേ......, ബില്ലീ ീ......എൻ മോ......നേ, ബില്ലീ ീ എ...പൊൻ... മോ......നേ......" എന്ന വാത്സല്യവിളി കേൾക്കാമായിരുന്നു.

എന്തു് അതു സംഭവ്യമോ? സംഭാവ്യമോ? ഛേ!—അല്ലെങ്കിൽ—എന്തോ, ആക്കറിയാം!

---

ആകാശവും ഭൂമിയും പരസ്പരം ഹൃദയാശ്ലേഷം ചെയ്യുമ്പോൾ ഈ തവളകൾ കിടന്നു മുറവിളികൂട്ടുന്നതെന്തിനു്!

*　　　　*　　　　*

ഇരുളാകുന്ന മൂടുപടവുമായി നാണംകുണുങ്ങിനിന്ന ചെടികളെ ആ നക്ഷത്രങ്ങളെന്തിനാശിപ്പിച്ചു? അവ ഇപ്പോളെവിടെ? ഈ പാവങ്ങൾ തങ്ങളുടെ പ്രേമപാത്രങ്ങളെ ഇങ്ങിനെ ദിവാസ്വപ്നത്തിൽമാത്രം കണ്ടു കഴിഞ്ഞുകൊള്ളണമെന്നോ!

*　　　　*　　　　*

ശബ്ദത്തിൽ കുരുങ്ങിക്കിടന്നു ചിറകിട്ടടിക്കുന്ന സംഗീതത്തെ ആ കുരുക്കിൽനിന്നു വിടർത്തി മൌനത്തിൻെറ അന്തരീക്ഷത്തിൽ പറന്നുനടക്കാനനുവദിക്കുക!

*　　　　*　　　　*

എൻെറ ആഗ്രഹങ്ങളിൽ പ്രപഞ്ചംമുഴുവൻ തങ്ങിനിൽക്കുമെന്നു ഞാൻ വ്യാമോഹിച്ചിരുന്നു. ഇന്നാകട്ടെ ആഗ്രഹങ്ങളിഴഞ്ഞിഴഞ്ഞുണ്ടാക്കിയ വടിവുകൾ ചുററിലും കണ്ടു ഞാൻ ലജ്ജിക്കുന്നു!

*　　　　*　　　　*

വൻമരങ്ങളെ പിഴുതടിക്കുന്ന കൊടുങ്കാററു ചെറുപുല്ലുകളെ താലോലിക്കുന്നതേയുള്ളു!

# *സുപ്രകാശം

(നാലാങ്കൽ കൃഷ്ണപിള്ള എം. എ., എൽ. ററി.)

ക്രൂരിരുട്ടിന്നലകൾ ചുററിലും
ക്രുദ്ധടിച്ചുതിമക്കവേ,

സുപ്രകാശമേ! നേർവഴിയെനി-
ക്കൾക്കൃപയോടുകാട്ടണേ!

രാത്രിയേററം ഭയങ്കരിയായി
പേപ്പിശാചുപോൽനിൽക്കവേ,

വീട്ടിൽനിന്നുംവളരെദ്ദൂരെഞാൻ
വീപ്പുമുട്ടിക്കരയവേ,

ഏകനായ പ്പെരുംജീവിതാബ്ധിതൻ
ഭീകരമാംനടുവിൽഞാൻ

യാതൊരുതാങ്ങുമില്ലാതിങ്ങിനെ
യാതനയാലുഴലവേ,

സുപ്രകാശമേ! നേർവഴിയെനി-
ക്കൾക്കൃപയൊടുകാട്ടണേ! .....

സ്വർഗ്ഗഭൂവിലൊരുകുതിപ്പിനാ-
ലെത്തുവാനാശയില്ലമേ,

തൃപ്തനാ ഞാനൊരുചുവട്ടടി
വയ്ക്കുവാൻഭാഗ്യംകിട്ടുകിൽ;

ഭൂതകാലത്തിലെന്മനംതവ
പൂതചിന്തയിൽമുങ്ങീലാ......

നശ്വരമാംസുഖങ്ങൾമോഹിച്ചു
ചിത്സ്വരൂപാ! മയങ്ങിനേൻ

കീർത്തിതൻപുതുപൂമണംപൂശാൻ
പേർത്തുമെന്മനംവെമ്പിപ്പോയ്,

അന്ധകാരംചുഴന്നാഗർവ്വിനാ-
ലന്ധനായഞാൻനീതനായ്.

നേർവഴിവിട്ടധർമ്മമാർഗ്ഗത്തിൽ
ചേറിലൂടെച്ചരിച്ചുഞാൻ.

ചണ്ഡദുഃഖനിമഗ്നനായിഞാൻ
കണ്ണുനീരിതാവാക്കുന്നു.

സുപ്രകാശമേ! നേർവഴിയെനി-
ക്കൾക്കൃപയൊടുകാട്ടണേ!

ഘോരഘോരമടിച്ചുയരുമീ-
വാരിധിതൻെറകൈകളിൽ,

ഒന്നൊന്നൊന്നുവളർന്നുവന്നിട്ടു-
മന്ധകാരത്തിൻമൂശയിൽ,

പേടികൊണ്ടുകിടുകിടുപ്പിക്കും
പേക്കിനാവിൻഗുഹകളിൽ,

വാപിളർന്നുവിഴുങ്ങുവാൻനില്ക്കും
പാപവ്യാഘ്രത്തിൽവക്ത്രത്തിൽ,

വീണുഴന്നിടുമെന്നെരക്ഷിക്ക
വിണ്ണിനുള്ളവെളിച്ചമേ!

* കാർഡിനൽ ന്യൂമാൻ—ആശയാനുവാദം.

# അഖിലദേശീയഭാഷ

(അഴകത്തു് ഈ. ജനാർദ്ദനക്കുറുപ്പു്)

ദേശീയഭാഷകളുടെ പരിപോഷണവും പ്രോത്സാഹനവും ഇന്നത്തെ ഒരു പ്രമുഖ പ്രശ്നമായി പരിണമിച്ചിരിക്കുന്നതുപോലെ തന്നെ ഒരു അഖില ദേശീയഭാഷയുടെ ആവശ്യവും സംസൃഷ്ടിയും ചിന്താലോകത്തിന്റെ ഗാഢമായ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ടു്. മികച്ച ദേശീയവാദികൾകൂടി, സർവ്വലോകബന്ധം പുലർത്താൻ പര്യാപ്തമായ ഈ ഭാഷാപരിഷ്കാരത്തിനുവേണ്ടി മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്നു. എന്നാൽ നവീനമായി സൃഷ്ടിക്കപ്പെടേണ്ട ഭാഷയുടെ സ്വരൂപത്തെപ്പററി സർവ്വസമ്മതമായ ഒരഭിപ്രായം ഇനിയും ഉണ്ടായിട്ടില്ല. ദേശീയത്വംകൊണ്ടുമാത്രം സമുദായത്തിലെ പ്രതിഭാശാലികൾക്കു തൃപ്തിപ്പെടാൻ കഴിവില്ലാത്ത ഇക്കാലത്തു് ഈ പ്രശ്നം സജീവവും സമാദരണീയവുമായിത്തീർന്നിരിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. രാജ്യതന്ത്രം, വാണിജ്യം, വിദ്യാഭ്യാസം തുടങ്ങിയ വിവിധമണ്ഡലങ്ങളിൽ ഇന്നത്തെക്കാളധികം നാളെ, വിവിധരാഷ്ട്രങ്ങൾക്കു തമ്മിൽ ഇടപെടാനും സഹകരിക്കാനും ആവശ്യം വരുന്ന സ്ഥിതിക്കു് ഒരു അഖില ദേശീയഭാഷയുടെ ഉദയം ഏററവും ശുഭാവഹമത്രേ.

ഈ ഭാഷ ഏതായിരിക്കണം? അതിന്റെ കഴിവുകൾ എന്തെല്ലാമായിരിക്കണം? തല പുകയ്ക്കുന്ന ചില ചോദ്യങ്ങളാണിവ. മതപരവും തത്വശാസ്ത്രപരവുമായ ആശയങ്ങളുടെ ആവിഷ്കരണത്തിനു ലത്തീനും നയോപായനിർവ്വഹണത്തിനു ഫ്രെഞ്ചും ഒരുകാലത്തു് ഉപയോഗിച്ചിരുന്നതുപോലെ ആധുനിക വിജ്ഞാനീയത്തിന്റെ പ്രകാശനത്തിനു് ഇന്നു് ഇംഗ്ലീഷാണു് ഏററവും പററിയ ഭാഷയെന്നു് വിഖ്യാതന്മാരായ പലരും അഭിപ്രായപ്പെടുന്നു. ആ വിഖ്യാതന്മാരിൽ മിക്കപേരുടെയും മാതൃഭാഷ ഇംഗ്ലീഷാണെന്ന വിചിത്രമായ പരമാർത്ഥം പ്രത്യേകം ശ്രദ്ധേയമാണു്. അന്യഭാഷകൾ ശൈശവംതൊട്ടു സംസാരിക്കുകയും പരിശീലിക്കുകയും ചെയ്തുപോരുന്നവർക്കു് ഈ നിർദ്ദേശം സ്വീകരിക്കാൻ നേരിടുന്ന പ്രായോഗികവൈഷമ്യങ്ങളെ ഈ പണ്ഡിതന്മാർ തീരെ വകവയ്ക്കുന്നില്ലെന്നു തോന്നിപ്പോകുന്നു. ഒരു വിദേശീയനു് ഇംഗ്ലീഷുഭാഷ സ്വാധീനപ്പെടുത്തുന്നതിനു് നിരവധി പ്രതിബന്ധങ്ങളുണ്ടു്. അവയുടെ നേരെ പരിപൂർണ്ണമായി കണ്ണടച്ചുകളയുന്നതു് ഒട്ടും ബുദ്ധിപൂർവ്വമല്ല.

ഇംഗ്ലീഷിലെ വർണ്ണവിന്യാസരീതി ഒന്നുകൂടി വ്യക്തമാക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും ഉള്ള സാദ്ധ്യതകളെപ്പററി പര്യവേക്ഷണം നടത്തുന്നതിനു് ഇംഗ്ലണ്ടിലെ വിദ്യാഭ്യാസസംഘാദ്ധ്യക്ഷൻ ഒരു കമ്മിററിയെ നിയോഗിച്ചിരുന്നു. സർ ഫ്രെഡറിക്കു പൊള്ളാക്കു്, ഗിൽബർട്ടു് മ്യൂറെ, എച്ചു്. ജി. വെൽസ് തുടങ്ങിയ പ്രശസ്ത പണ്ഡിതന്മാരുടെ ഹാർദ്ദമായ സഹായസഹകരണങ്ങൾ ഈ കമ്മിററിക്കു ലഭിക്കുകയും ചെയ്തു. കമ്മിററിയുടെ പര്യാലോചനയ്ക്കു വിഷയമായ പല വസ്തുതകളുടെ കൂട്ടത്തിൽ ഒരു കാര്യം വിശിഷ്യാ പരിഗണിക്കേണ്ടതാണു്. സംസാരിക്കുന്ന ഇംഗ്ലീഷ്, എഴുതുന്ന ഇംഗ്ലീഷ് എന്നിങ്ങനെ രണ്ടു ഭാഷകൾ പഠിച്ചെങ്കിൽ മാത്രമേ ഇംഗ്ലീഷ് ഭാഷാജ്ഞാനം പൂർണ്ണമാകുന്നുള്ളു എന്നാണു് ഈ വിദഗ്ദ്ധസംഘത്തിന്റെ അഭിപ്രായം. ഇതനുസരിച്ചു് ഒരു വിദേശീയവിദ്യാർത്ഥിക്കു് ഇംഗ്ലീഷുപഠിക്കാൻ ഉണ്ടാകാവുന്ന ഒരു പ്ര

ധാന വൈഷമ്യം വ്യക്തമാണല്ലോ. ഇംഗ്ലണ്ടിലെ കുട്ടികൾക്കപോലും ഇക്കാര്യത്തിൽ, ഒരു വഷത്തിൽ കുറയാത്ത സമയവും അസംഖ്യം ധനവും ദുർവ്യയംചെയ്യേണ്ട സ്ഥിതിക്ക മററുനാട്ടുകളിലെ വിദ്യാർത്ഥികളുടെ കഥ പറയാനെന്തിരിക്കുന്നു? സ്വരോച്ചാരണനിബദ്ധമായ ഒരു വർണ്ണവിന്യസനരീതി (Phonetic script) ഏർപ്പെട്ടിരുന്നാൽതന്നെയും ഇതത്ര ലഘുവായി പരിഹരിക്കാൻ കഴിയുമെന്നു തോന്നുന്നില്ല ഒരേപദത്തിന്റെ വിവിധോച്ചാരണങ്ങൾ കേട്ടാൽ നാം അന്ധാളിച്ചുപോകും. സ്കോട്ടിഷ് ഇംഗ്ലീഷ്, ഐറിഷ് ഇംഗ്ലീഷ്, വെൽഷ് ഇംഗ്ലീഷ്, അമേരിക്കൻ ഇംഗ്ലീഷ് എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത രീതിഭേദങ്ങൾക്ക പുറമേ പല മട്ടിലുള്ള ഇംഗ്ലീഷുകളുംകൂടിയുണ്ടെങ്കിൽ പിന്നെ ഒരു പാവപ്പെട്ട വിദ്യാർത്ഥിക്ക വന്നുകൂടുന്ന പ്രയാസങ്ങൾ എത്രകണ്ടു് തകരാറുപിടിച്ചതായിരിക്കും? മി: ജാർജ്ജ് സാംപ്സൺ എന്ന ഇംഗ്ലീഷുകാരൻ എഴുതിയിട്ടുള്ള ഒരു ഗ്രന്ഥത്തിൽ ഈ രീതിഭേദങ്ങളുടെ പല മാതൃകകളും ഉദാഹരിച്ചിട്ടുണ്ടു്. മി: സാംപ്സനോട്ട ഒരു ഇംഗ്ലീഷുകാരി "a fied bebby hed a pen and must her gust a curled" എന്നു സംസാരിച്ചതായി അദ്ദേഹം എഴുതിയിരിക്കുന്നു. ശരിയെന്നു വച്ചിട്ടുള്ള king's English എവിടെ? ഈ മദാമ്മയുടെ ഇംഗ്ലീഷെവിടെ? അമേരിക്കൻ ഇംഗ്ലീഷിനെപ്പററി മി: മെൻകൺ എഴുതിയിട്ടുള്ള വിപുലവും രസകരവുമായ ഗ്രന്ഥവും ഈവിഷയത്തിൽ നല്ലപോലെ പ്രകാശവഷം ചെയ്യുന്നുണ്ടു്. ഇംഗ്ലീഷ് ഇംഗ്ലീഷും അമേരിക്കൻ ഇംഗ്ലീഷും തമ്മിലുള്ള മൗലികമായ അനവധി വ്യത്യാസങ്ങൾ അദ്ദേഹം ആ ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിക്കുന്നു. അതേഅവസരത്തിൽ ഇംഗ്ലീഷുകാരനായ മെൺകൺതന്നെ വരുത്തിവച്ചിട്ടുള്ള ചില ഭാഷാദോഷങ്ങൾ കണ്ടാൽ നമുക്ക വിനോദവും അത്ഭുതവും തോന്നിപ്പോകും. ഈ ഉദാഹരണങ്ങളിൽനിന്നും ഇംഗ്ലീഷ് സ്വദേശീയ ഭാഷയായി സ്വീകരിക്കുന്നതിലുള്ള വൈഷമ്യങ്ങൾ ഏറെക്കുറെ സ്പഷ്ടമാണല്ലോ.

Basic English എന്നപേരിൽ ഏററവും ലഘുവായ ഒരു ഭാഷ അടുത്തകാലത്തു് നിർമ്മിച്ചിട്ടുണ്ടെങ്കിലും സാർവത്രികമായ പ്രചാരത്തിനും ഭാഷാപരമായ വിവിധാവശ്യങ്ങളുടെ നിർവഹണത്തിനും അതു് എത്രമാത്രം പ്രയോജനപ്പെടുമെന്നു പറയാറായിട്ടില്ല. ഏക കപോലകല്പിതങ്ങളായ കൃത്രിമഭാഷകളും ഭാഷാധർമ്മത്തിന്റെ പരിപൂരണം അനുഷ്ഠിക്കുമെന്നു വിചാരിക്കാൻ വഴിയില്ല. സാമൻഹോഫ് എന്ന റഷ്യൻ ഡാക്ടർ എഡ്ഡപറാന്റോ എന്ന ഒരു ഭാഷാസമ്പ്രദായം അരനൂററാണ്ടിനു മുമ്പു കണ്ടുപിടിച്ചെങ്കിലും തൃപ്തികരമായ പ്രചാരമോ വിജയമോ അതിനുണ്ടായിട്ടില്ലെന്നുവേണം പറയാൻ. ഇന്നും പലരും ഒരു നവീന ഭാഷ സൃഷ്ടിക്കാൻ ബദ്ധകങ്കണരായി ഇറങ്ങിപ്പുറപ്പെട്ടിട്ടുണ്ടു്. പക്ഷേ ഒററതിരിഞ്ഞുകൊണ്ടുള്ള പ്രവത്തനം ലക്ഷ്യപ്രാപ്തിക്ക സഹായിക്കുമെന്നു വിശ്വസിക്കുന്നതു വിഡ്ഢിത്തമാണു്. നമുക്കിന്നു സർവരാജ്യസഖ്യസഭ തുടങ്ങി എത്രയോ അഖില ദേശീയസംഘടനകളുണ്ടു്? ലോകശാന്തിയും സാഹോദര്യബോധവും സൃഷ്ടിക്കാൻ പരമോപകരണമായ ഒരു നവ്യഭാഷ ഉത്ഭവിപ്പിക്കുന്നതിനു് ആ സംഘടനകൾക്ക കഴിഞ്ഞില്ലെങ്കിൽ അവയ്ക്കു ജീവിക്കാൻതന്നെ അർഹതയുണ്ടോ? മൃഗങ്ങൾക്കെല്ലാംതന്നെ, ശബ്ദം, സ്പർശം, ഗന്ധം എന്നിവയുടെ സഹായത്തോടുകൂടി ആശയപ്രകടനംനടത്താൻ സാധിക്കുമ്പോൾ മൃഗവർഗ്ഗത്തിലെ ശീഷസ്ഥനായ മനുഷ്യനു് അവന്റെ സമുദായത്തെ മുഴവൻ ഏക ഭാഷമൂലം വിചാരവിനിമയംചെയ്തു സംഘടിപ്പിക്കാൻ കഴിയുകയില്ലെങ്കിൽ അതിൽപരം ലജ്ജാവഹമായി മറെറന്താണുള്ളതു്? ഒന്നുംതന്നെ ഇല്ലല്ലോ.

# *സ്മാരകം

(പുളിമാന, പരമേശ്വരൻപിള്ള.)

[സ്വന്തം ഹൃദയരക്തംകൊണ്ട് അവൻ അവന്റെ പരാജയത്തിന്റെ കഥ രചിച്ചപ്പോൾ അവർ പറഞ്ഞു:- "ഹാ! എന്തൊരു ഗാനം! എന്തൊരു സ്വരം!! ഇതാണു കവിത!!" അവൻ ഒരു കലാകാരനാണെന്നവർ പുകഴ്ത്തി. ഒരു മനുഷ്യനാണെന്നു സമ്മതിച്ചില്ല. എന്തുകൊണ്ടെന്നാൽ—സഹതാപം അർഹിക്കുന്ന ഒരു ജീവിയാണു മനുഷ്യൻ......

അവൻ മരിച്ചപ്പോൾ അവന്റെ ജീവിതത്തിലെ യാഥാർത്ഥ്യങ്ങളെ നിഷേധിക്കുവാൻ ഒരു സ്ഥാപനം അവർ കണ്ടുപിടിച്ചു; ഒരു സ്മാരകം. ഭാവിതലമുറകളുടേയും മനസ്സാക്ഷിയുടേയും കുററപ്പെടുത്തലിൽനിന്നു അവക്കു രക്ഷപെടാൻ അതാവശ്യമായിരുന്നു; ഒരു സ്മാരകം! ആത്മാർത്ഥതയുടെ ശവകുടീരം! കലാകാരന്റെ പ്രതിഫലം! അതാണ് സ്മാരകം!]

## I

കലാകാരൻ:—"വിജയദേവതേ! – വീണ്ടുമെൻപാഴ്‌വിളി
വിജനതകളിൽമാറെറാലിക്കൊൾകയോ?

വിധിപിടിച്ച യവനികക്കപ്പുറം
വിധുമുഖീയിനിയെത്രനാൾ മേവിടും?

മലമുകളിലും മാമരച്ചോട്ടിലും
മലരണിക്കുളിർപൊയ്കക്കടവിലും,

ഹിമവലയിത തുംഗശൃംഗത്തിലും
ശമഗുണമെഴും വന്യാശ്രമത്തിലും,

* All Rights Reserved by the Author.

കരളുകാഞ്ഞു ഞാൻ തേടിയിന്നോളവും;—
കഴലെനിക്കിന്നൊരല്പമാറേറണ്ടയോ?......"

"പരുപരുത്ത പരിസരത്തിങ്കലെ-
പ്പുരുഷതകൾ സഹിച്ചു ഞാനെത്രനാൾ?
പരിതപിക്കുമിച്ചിത്തത്തിനെന്നിനി-
പ്പരിചരണം ലഭിക്കുന്നു താവകം?
ഇടറികണ്ഠം വിളിച്ചു വിളിച്ചി,നി-
ക്കറിനമാണിപ്പരിഭവമോമലേ!
ഇനിയൊരെത്രനാൾ ഈ നീണ്ടഗംഗതൻ
കരയിലെൻചുടുകണ്ണീരുവീഴ്ത്തണം?
ഭജനലോലുപം കാത്തിരുന്നിടണം
ഭവതിയെത്തുവാൻ ഭാവുകദായിനീ?..."

## II

സ്മാരകം:— മധുരഭാവനാസ്വപ്നശതങ്ങളാൽ
മഹിതമായൊരു മാനവജീവിതം;
വിമലസംഗീതധാരയിൽമാനുഷ-
വിധുരതയാകെ മായ്ച്ചോരുജീവിതം;
കവനലോലുപം, സത്യത്തെമുത്തിയോ-
രവികലപ്രേമസാരമാം ജീവിതം;
ഇവിടെയാണു വിലയിച്ചതോക്കവിൻ
കദനമറെറാരു പാവനജീവിതം!

അനഘമാണിസ്മരണ; കൃതജ്ഞതാ-
നമിതശീർഷരാകിന്നിതിൻമുന്നിൽ നാം.

# വിശ്വഭാരതി

(വക്കം ആർ. ജീ. ബി. ഏ., ബി എൽ.)

മനുഷ്യന്റെ വിജ്ഞാനസമ്പത്തു് അനുദിനം പരിപുഷ്ടമായിക്കൊണ്ടുതന്നെ വരുന്നുവെന്നുള്ളതിൽ പക്ഷാന്തരമില്ല. അത്ഭുതങ്ങളെന്നും അമാനുഷികങ്ങളെന്നും കരുതപ്പെട്ടിരുന്നവ ഇന്നു മനുഷ്യനു് അനുഭവങ്ങളും അനുഷ്ഠാനങ്ങളുമായിത്തീർന്നിരിക്കുന്നു. കാണാൻ പാടില്ലാതിരുന്നതു് ഇന്നു അവൻ കാണുന്നു. കേൾക്കാൻ പാടില്ലാതിരുന്നതു് ഇന്നു അവൻ കേൾക്കുന്നു. (കാണേണ്ടതും കേൾക്കേണ്ടതും കാണുന്നുമില്ല കേൾക്കുന്നുമില്ല. ടാ. പ.) അനുഷ്ഠിക്കാൻ കഴിയാതിരുന്നതു് ഇന്നു അവൻ അനുഷ്ഠിക്കുന്നു. ആഴിയും ആകാശവും അവന്റെ ആധിപത്യത്തിലാണു്. (പക്ഷേ, അവൻ മാത്രം അവന്റെ ആധിപത്യത്തിലല്ല. ടാ. പ.) സ്ഥലവും സമയവും അവൻ പിന്നിട്ടിരിക്കുന്നു. ഇവയെല്ലാം അവന്റെ ബുദ്ധിവൈഭവത്തിന്റെ വിജയവൈജയന്തികളല്ലാതെ പിന്നെമറ്റെന്താണു്!

ബുദ്ധിശക്തിയുടെ ഈ വികാസം മനുഷ്യലോകത്തിന്റെ മഹത്വത്തേയും മഹനീയതയേയും എത്രത്തോളം പുരോഗമിപ്പിച്ചിട്ടുണ്ടെന്നു നമുക്കു ആരായേണ്ടിയിരിക്കുന്നു. അതു മനുഷ്യന്റെആനന്ദത്തിന്റെയും ആശ്വാസത്തിന്റെയും അളവിനെ എത്രത്തോളം വർദ്ധിപ്പിച്ചിട്ടുണ്ടെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. അതു് അവന്റെ സംസ്കാരത്തേയും, സംതൃപ്തിയേയും എത്രത്തോളം സമൃദ്ധമാക്കിയിട്ടുണ്ടെന്നു സമീക്ഷണം ചെയ്യേണ്ടിയിരിക്കുന്നു. യഥാർത്ഥത്തിൽ അവന്റെ ബുദ്ധിശക്തി ലോകത്തെ അധഃപതിപ്പിക്കുകയാണു ചെയ്തിരിക്കുന്നതു്. അവൻ ആകാശത്തിൽ പറക്കുന്നതു് നിരപരാധികളായ ബഹുസഹസ്രം ജനങ്ങളുടെ മേൽ തീക്കട്ടകൾ എറിയുന്നതിനാണു്. അവൻ ആഴിയുടെ അന്തർഭാഗങ്ങളിൽ അലയുന്നതു യാത്രക്കാരേയും ആഹാരസാധനങ്ങളേയും വഹിച്ചുകൊണ്ടു് പോകുന്ന കപ്പലുകളെ കുത്തിപ്പിളക്കുന്നതിനാണു്. അവൻ ദിവാനിശം ശാസ്ത്രീയ പര്യവേക്ഷണങ്ങൾ നടത്തുന്നതു കൂടുതൽ മനുഷ്യരെ കൊന്നൊടുക്കുന്നതിനുള്ള നശീകരണായുധങ്ങൾ കണ്ടുപിടിക്കുന്നതിനാണു്. മനുഷ്യന്റെ ബുദ്ധിശക്തി വർദ്ധിക്കുംതോറും ലോകത്തിൽ കൊലയും കൊള്ളയും നടമാടുകയും നീതിയും നിയമവും നശിക്കുകയും, അസന്തുഷ്ടിയും അരക്ഷിതത്വവും അധികരിക്കുകയുമാണു ചെയ്യുന്നതു്. കഴിഞ്ഞ മഹായുദ്ധകാലത്തു പാശ്ചാത്യപരിഷ്കാരകേന്ദ്രങ്ങളിൽനിന്നു് പുറപ്പെട്ടതു്, ആ യുദ്ധലോകത്തിൽനിന്നു യുദ്ധത്തെ ഉച്ചാടനം ചെയ്യുന്നതിനുള്ള ഒരു അവസാനയുദ്ധമായിരുന്നുവെന്ന ഒരു അഭിപ്രായമായിരുന്നു. എന്നാൽ കാൽ ശതാബ്ദം കഴിയുന്നതിനു മുമ്പുതന്നെ ഇതാ അതിനെക്കാൾ ഭീകരവും മാരകവുമായ ഒരു മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു ലോകത്തെ കൊടുംയാതനകളിലേക്കും, മഹാദുരിതങ്ങളിലേക്കും തള്ളിവീഴ്ത്തിയിരിക്കുന്നു. മനുഷ്യന്റെ സംസ്കാരസങ്കേതങ്ങളും, വിജ്ഞാനസംഭരണങ്ങളും സമ്പൽസമൃദ്ധികളും അനേകശതം

ആത്മാക്കളും അനുനിമിഷം നാശമടഞ്ഞുകൊണ്ടിരിക്കുന്നു. ഇതത്രേ പാശ്ചാത്യപരിഷ്കാരത്തിന്റെ സംഭാവനകൾ! ഇതിന്റെ അരോചകത്വം ലോകം നല്ലപോലെ അറിയുന്നുണ്ടു്. പാശ്ചാത്യമായ ഒരു വീക്ഷണകോണിൽ നിന്നുകൊണ്ടു ഇതിനൊരു പരിഹാരനിർദ്ദേശം സാദ്ധ്യമല്ല. അഗ്നിക്കു ചൂടു് അനിവാര്യമാണു്. ചൂടില്ലാതാകണമെങ്കിൽ അഗ്നിതന്നെ ഇല്ലാതാകണം. ഇതു വിസ്മരിച്ചുകൊണ്ടാണു് ലോകസമാധാനത്തിനുള്ള ചിലനിർദ്ദേശങ്ങൾ പാശ്ചാത്യമണ്ഡലങ്ങളിൽനിന്നു പുറപ്പെടാറുള്ളതു്. നിശ്ശബ്ദതയ്ക്കുവേണ്ടി ഒരു സദസ്സിലുള്ള സകലയാളുകളും ഒരുമിച്ചു് അഭ്യർത്ഥിച്ചാൽ അവിടെ നിശ്ശബ്ദത ഉണ്ടായിരിക്കുന്നതല്ല. അതുപോലെ യുദ്ധത്തെ ഒഴിവാക്കാൻവേണ്ടി സകലരാജ്യക്കാരും യുദ്ധസന്നാഹം ചെയ്യുന്നു. തൽഫലമായിത്തന്നെ മഹായുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടുകയും ചെയ്യുന്നു.

മനുഷ്യവംശത്തിന്റെ അധഃപതനത്തിനുതന്നെ നിദാനമായിരിക്കുന്ന ഈ മഹാവിപത്തിനെ ഉന്മൂലനാശം ചെയ്യാൻ പാശ്ചാത്യതയ്ക്കു് അശക്യമാണെന്നു സുവ്യക്തമായിട്ടുണ്ടു്. അവസാനം കണ്ടുപിടിക്കാൻ പാശ്ചാത്യർ ഒരു വൃത്തത്തിനുചുററും സഞ്ചരിക്കുകയാണത്രെ! അവരുടെ ആദർശങ്ങൾ ലോകത്തിനു അഭയവും ആശ്വാസവും അരുളുവാൻ അപര്യാപ്തങ്ങളാണു്. ലോകത്തിൽ വ്യാപിക്കുന്ന ക്രൂരിരുട്ടിനെ അകററാൻ പൗരസ്ത്യാംബരത്തിലാണു് അർക്കോദയം ഉണ്ടാകുന്നതു്. അതുപോലെ ലോകത്തെ ബാധിച്ചിരിക്കുന്ന അജ്ഞാനാന്ധകാരത്തെ അകററാൻ പൗരസ്ത്യദേശത്തിൽ ഒരു ബാലാർക്കൻ ഉദിച്ചുപൊങ്ങിപൊൻകതിർ പൊഴിഞ്ഞു വിലസുന്നുണ്ടു്. അതേ! മനുഷ്യലോകത്തിനു ശാന്തിയും സമാധാനവും നൾകുവാൻ പര്യാപ്തമായ ആദർശരത്നങ്ങൾ ഭാരതം പ്രകാശിപ്പിച്ചിരിക്കുന്നു. കേവലം യാദൃശ്ചികമായ സംഭവങ്ങളാലും ഭൂമിശാസ്ത്രപരമായ കാരണങ്ങളാലും മാത്രം ഓരോ വിഭാഗങ്ങളായി വിഭജിച്ചുനിൽക്കുന്ന ജനതകൾ ആദ്വൈതഭാവങ്ങളെ ഉപേക്ഷിച്ചു്, സകലരും ഏകോദരസഹോദരന്മാരാണെന്നും അവർ പരസ്പരസ്നേഹത്തോടും ഐക്യത്തോടുംകൂടി വർത്തിക്കേണ്ടവരാണെന്നുമുള്ള ആ സനാതനമായ അദ്വൈതസിദ്ധാന്തം ഭാരതമാണു ലോകത്തിനു് സംഭാവനചെയ്തിരിക്കുന്നതു്. മനുഷ്യനു് ഒരു ജാതി, ഒരു മതം എന്നുള്ള ആ സിദ്ധാന്തത്തിനു മാത്രമെ ലോകത്തെ പുനരുദ്ധരിക്കാൻ സാധിക്കുകയുള്ളൂ.

മഹാകവി രവീന്ദ്രനാഥടാഗോർ "എന്റെരാജ്യം സംകുചിതമായ ഗൃഹഭിത്തികളാൽ വിഭാഗിക്കപ്പെടാത്ത ഒരു ലോകത്തിലേക്കു ഉയരേണമേ" എന്നു ഗീതാഞ്ജലിയിൽ ഒരാശയം പ്രകാശിപ്പിച്ചിരിക്കുന്നു. അഴലിലും അരിഷ്ടതയിലും ആണ്ടു എരിപൊരികൊള്ളുന്ന തപ്തലോകത്തിന്റെ ആശാകേന്ദ്രവും, ശാന്തിനികേതനവുമാണു് ഈ ആശയം ആവിഷ്കരിച്ചിരിക്കുന്നതു്. മഹാകവി ഭാരതത്തിൽ ജനിച്ചുവെങ്കിലും അദ്ദേഹം ഭാരതീയത്വത്തിനും അതീതനായി ഒരു വിശ്വവിസ്തൃതിയിലേക്കു ഉയരുകയാണു് ചെയ്തിരിക്കുന്നതു്. അദ്ദേഹത്തിന്റെ രാജ്യം അതാണു്. അവിടെ ഭിന്നതകളും മത്സരങ്ങളുമില്ല. അവിടെ ഐക്യവും ഐശ്വര്യവും കളിയാടിക്കൊണ്ടുതന്നെയിരിക്കും. ഈ ഒരു ആദർശത്തിനു മാത്രമെ ലോകത്തെ അഭ്യുത്ഥാനംചെയ്യാൻ സാധിക്കുകയുള്ളൂ. ഈ ആദർശത്തിന്റെ സാക്ഷാൽക്കാരത്തിനായി മഹാകവി വിശ്വഭാരതി എന്ന മഹൽസ്ഥാപനം നിർമ്മിച്ചു.

മഹാത്മജി ഒരിക്കൽ കാഗ്വാ എന്ന ജപ്പാൻകാരനോടു പറയുകയുണ്ടായി വിശ്വഭാരതിഎന്നാൽ ഇൻഡ്യയാണെന്നു്. വിശ്വഭാരതി സന്ദർശിച്ചിട്ടില്ലാത്തയാൾ ഇൻഡ്യകണ്ടിട്ടില്ലെന്നുള്ള അഭിപ്രായത്താൽ നെഹ്റുവും ഇതേആശയംതന്നെ പ്രകടമാക്കിയിട്ടുണ്ടു്. ഭാരതം ജാതി, മത,വർണ്ണ ചിന്തകൾക്കതീതമായ ഒരു അഖിലലോക സൗഹൃദത്തിനായാണു് നിലകൊള്ളുന്നതു്. അതിനാൽ ഈ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു സ്ഥാപനം ഭാരതത്തെയാണല്ലൊ പ്രതിനിധീകരിക്കുന്നതു്.

മഹാകവിയുടെ വന്ദ്യപിതാവായ ദേവേന്ദ്രനാഥടാഗോറാണു്ഏകദേശംഎൺപതു വർഷങ്ങൾക്കുമുമ്പു്ഈ സ്ഥാപനത്തിന്റെ ബീജാവാപകർമ്മം നിർവ്വഹിച്ചതു്. പട്ടണത്തിന്റെ സംഭവബഹുലതയിൽനിന്നു ഒഴിഞ്ഞു് ഏകാന്തതയുടെ അനുഭൂതി ആസ്വദിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. കൽക്കത്താനഗരത്തിൽനിന്നു ഏദേശം തൊണ്ണൂറുനാഴിക പടിഞ്ഞാറു സ്ഥിതിചെയ്യുന്ന അതിവിശാലമായ ഒരു ഭൂവിഭാഗത്തെയാണു് അദ്ദേഹം തിരഞ്ഞെടുത്തതു്. അവിടം പ്രകൃതിയുടെ പ്രൗഢമായ പ്രശാന്തതയും, അനവദ്യമായ അഭിരാമതയും നിറഞ്ഞ ഒരു രംഗംതന്നെയായിരുന്നു. അദ്ദേഹം അവിടെ ഒരു പർണ്ണശാലയും പൂന്തോട്ടവും നിർമ്മിച്ചു. അതിനു ശാന്തിനികേതനം എന്ന സംജ്ഞ നൾകുകയുംചെയ്തു.

രവീന്ദ്രനാഥടാഗോർ നാല്പത്തിമൂന്നു വർഷങ്ങൾക്കുമുമ്പു് ഈ സ്ഥാപനത്തിൽ ഒരു ഗുരുകുലാശ്രമം ഏർപ്പെടുത്തി. ആദ്യം അഞ്ചുവിദ്യാർത്ഥികൾ മാത്രമേ ഇവിടെ അദ്ധ്യയനം ചെയ്യുവാനുണ്ടായിരുന്നുള്ളു. അതിൽ രണ്ടുപേരും മഹാകവിയുടെ പുത്രന്മാരായിരുന്നുവത്രെ. ഇങ്ങിനെ വളരെ എളിയനിലയിൽ ആരംഭിച്ച ഈ ഗുരുകുലം ഇപ്പോൾ ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള ആയിരത്തിലധികം വിദ്യാർത്ഥികളാൽ സമലംകൃതമായ ഒരു മഹൽസ്ഥാപനമായി ഉയർന്നിരിക്കുകയാണു്.

ഏകദേശം മൂന്നുദശാബ്ദങ്ങൾക്കു മുമ്പാണു് ഈ സ്ഥാപനത്തിനു് ഒരു അന്തർദ്ദേശീയത നൾകിയതു്. വളരെനാളായി മഹാകവിയുടെ പ്രസംഗങ്ങളിലും, പ്രവൃത്തികളിലും പ്രകാശിച്ചിരുന്ന ആ സർവ്വലോകസാഹോദര്യമെന്ന ആശയത്തിനു ബാഹ്യരൂപം ലഭിച്ചതു് അന്നായിരുന്നു. ജപ്പാൻ മഹാകവിയായ നാഗുച്ചി ടാഗോറിന്റെ ആദർശങ്ങളെ വാനോളംവാഴ്ത്തുകയും ലോകത്തിന്റെ മോചനം ഈ ആദർശങ്ങളുടെ സാക്ഷാൽക്കാരത്തിലാണെന്നു പ്രവചിക്കുകയും ചെയ്തിട്ടുണ്ടു്. മഹാകവി ആയടെ യൂറോപ്പിൽനിന്നു മടങ്ങിയപ്പോൾ സി. എഫ്. ആൻഡ്രൂസ്സും പീയേഴ്സണുംകൂടി ഇൻഡ്യയിൽ വരുകയും, മഹാകവിയുടെ ഉദ്ദേശസാദ്ധ്യത്തിനായി അനവരതം പരിശ്രമിക്കുകയും ചെയ്തു. അപ്പോഴാണു ശാന്തിനികേതനത്തിനു വിശ്വഭാരതി എന്ന നാമധേയം നൾകിയതു്.

ടാഗോർ ഒരു കവിതയിൽ പറഞ്ഞിട്ടുണ്ടു് ലോകത്തിൽ ഒരു ജാതിയേ ഉള്ളു. അതു മനുഷ്യജാതി. ഈ ആശയം സംപൂർണ്ണമായി വിശ്വഭാരതിയിൽ ആദരിക്കപ്പെട്ടുവരുന്നു. ഇവിടെ ജാതി,മത,വർണ്ണഭേദങ്ങളില്ലാതെ സർവ്വരും സോദരത്വേന വാഴുകയാണു ചെയ്യുന്നതു്. അതിനാൽ സാഹോദര്യവും സൗഹാർദ്ദതയും വിദ്യാർത്ഥികളിൽ രൂഢമൂലമായിത്തീരുന്നു.

സകല മതങ്ങളുടേയും താരതമ്യപഠനം ഇവിടത്തെ വിദ്യാഭ്യാസപദ്ധതിയിലെ ഒരു പ്രധാനഘടകമാണു്. തന്മൂലം മതസഹി

ഷ്ണുതയും പരസ്പരബഹുമാനവും വിദ്യാർത്ഥികളിൽ വൎദ്ധിക്കുന്നു. ലോകത്തിലെ ദുരിതകാരണങ്ങളിൽ മതവിദ്വേഷം ഒട്ടും അപ്രധാനമല്ലാത്തതിനാൽ മതങ്ങളുടെ താരതമ്യപഠനം വളരെ അത്യാവശ്യംതന്നെയാണു്.

പ്രകൃതിയുമായി സമ്പൎക്കം പുലൎത്തുകയെന്നുള്ളതു് വിശ്വഭാരതിയിലെ ഒരു പ്രത്യേകതയാകുന്നു. പ്രകൃതിയെ ആരാധിക്കുന്ന ഒരു ആചാര്യനാൽ സംസ്ഥാപനംചെയ്തിരിക്കുന്ന ഒരു വിദ്യാപീഠത്തെ പ്രകൃതിദേവി തന്നെ ആശ്ലേഷിച്ചു് അനുഗ്രഹിക്കേണ്ടതാണല്ലൊ. ഇവിടത്തെ അധ്യയനം തുറന്ന വൃക്ഷച്ചുവടുകളിലാണു്. ഇവിടെ ബഞ്ചോ, ഡസ്കോ ഉപയോഗിച്ചുവരുന്നില്ല. പാദുകകൾപോലും ധരിക്കരുതെന്നാണു് ഇവിടത്തെ നിയമം. പ്രകൃതിയുമായുള്ള വേഴ്ച ശാരീരികവും മാനസികവുമായ പുരോഗതിക്കു നിദാനമാണല്ലോ.

വിശ്വഭാരതിയിൽ പഠഭവനം, ശിക്ഷാഭവനം, വിദ്യാഭവനം, ചീനഭവനം, കലാഭവനം സംഗീതഭവനം എന്നു് ആറു പഠനവിഭാഗങ്ങളുണ്ടു്. ഈയിടെ ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾ പരിശീലിക്കുന്നതിനു ശ്രീനികേതനം എന്ന ഒരു കാൎഷികവിദ്യാലയംകൂടി സ്ഥാപിച്ചിരിക്കുന്നു.

മഹാകവിക്കു ലഭിച്ച നോബൽസമ്മാനത്തുകയായ 8300 പവനും, അദ്ദേഹത്തിന്റെ മററുള്ള മിക്ക സ്വത്തുക്കളും വിശ്വഭാരതിയുടെ കാൎയ്യക്ഷമമായ പ്രവൎത്തനത്തിനായി വിട്ടുകൊടുത്തിരിക്കുകയാണു്. മഹാകവിയുടെ ആദൎശങ്ങളേയും, ആശയങ്ങളേയും ലോകം അംഗീകരിക്കുകയും അവയിൽ ആശ്വാസംകൊള്ളുകയും ചെയ്യുന്നുണ്ടു്; മഹാരാജാക്കന്മാർ, കുബേരന്മാർ, പണ്ഡിതന്മാർ, ശാസ്ത്രജ്ഞന്മാർ മുതലായവരെല്ലാം ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വിശ്വഭാരതിക്കു ലക്ഷക്കണക്കിനുള്ള തുകകൾ സംഭാവന നൽകിയിട്ടുണ്ടു് ഇപ്പോൾ നൽകുന്നുമുണ്ടു്.

ടാഗോറിന്റെ ഒരുജീവചരിത്രകാരനായ ഡു്ർലാഫ്സിംഗ് സമൎത്ഥിക്കുന്നതു് അദ്ദേഹം വിശ്വഭാരതിയിൽക്കൂടി ചിരംജീവിതത്വത്തിലേക്കുയൎന്നിരിക്കുന്നു എന്നാണു്. അതെത്രയോ പരമാൎത്ഥമാകുന്നു. മഹാകവിയുടെ ബാഹ്യശരീരം കാലഗതിക്കടിമപ്പെട്ടു നാമാവശേഷമായിപ്പോയി. എന്നാൽ അദ്ദേഹത്തിന്റെ സൂക്ഷ്മശരീരം, അദ്ദേഹത്തിന്റെ ആദൎശപരമ്പരകൾ ലോകാവസാനംവരെ നിലനില്ക്കുകതന്നെചെയ്യും. അതു് മനുഷ്യലോകത്തിനു മാൎഗ്ഗദൎശനചെയ്തുകൊണ്ടു് — പ്രകാശരശ്മികൾപൊഴിച്ചുകൊണ്ടു്—പ്രളയാന്തംവരെ പ്രശോഭിക്കുന്നതായിരിക്കും!

---

ഒരു കളങ്കമുണ്ടാക്കി പിരിഞ്ഞുപോകുന്ന ഇലയ്ക്കുവേണ്ടി വൃക്ഷം എരിപൊരിക്കൊള്ളുന്നു!

*   *   *

മതം, സത്യത്തെ കുരിശിൽ തറയ്ക്കുന്നു കവിയുടെ അസത്യമാകുന്ന നന്ദനോദ്യാനത്തിൽ സ്വച്ഛന്ദം വിഹരിക്കുന്നതു കാണുമ്പോൾ അസൂയയത്തെഴനേററതായിപ്പറയപ്പെടുന്നു!

# നവാതിഥി

[ടാഗോർ]

(വിദ്വാൻ എസ്. കെ. നായർ, ബി. ഒ. എൽ. (ഓണേഴ്സ്)

i

നവാതിഥേ! നില്പു, യുഗം,പ്രതീക്ഷാ-
പൂർവ്വം, നിരീക്ഷിച്ചു ഭവാന്റെമാർഗ്ഗം
എന്തോന്നു ഭ്രവിന്നു, ഭവാൻ, സ്വകീയ-
സന്ദേശമായ്‌നൽകുവതിന്നൊരുത്തു?

ii

അങ്ങേയ്ക്കു കേളിക്കൊരുനാടകത്തിൻ
രംഗം ചമയ്ക്കാം നരജീവിതത്താൽ
അമർത്ത്യഗീതധ്വനികേൾക്കെ, ദിവ്യ-
മർത്ത്യന്നു പൂജാർഹപദങ്ങൾ പാട്ടു!

iii

ആ വാമപാർശ്വത്തിലലം വിളങ്ങും
ഭാവൽകമാം വാളുറതന്നിലിപ്പോൾ
ലോകത്തിലെ ദുഷ്ടതയോടെതിർക്കും
ഘോരായുധംഹന്ത! മറഞ്ഞിരിപ്പൂ!

iv

വിദ്വേഷവും ഭിന്നതയും ഭരിച്ചു
രക്തോർമ്മി ജൃംഭിച്ചു ചളിപ്പരപ്പിൽ
ശാന്തിപ്രദം തീരമുയർത്തി, ഹന്തി-
ന്നൈക്യംവരും പാവനഭൂമി തീർക്കൂ.

v

ഭവാന്റെ ഫാലത്തിലദൃശ്യമായി-
ബ്ഭവിച്ചതാകും ജയമുദ്ര — പാർത്താൽ
ഏതിന്നുവേണ്ടീട്ടതു നേടിയെന്ന-
തേതും ധരിച്ചുള്ളവരാരുമില്ല!

vi

ഇന്നോളമാരാരുമറിഞ്ഞിടാത്ത
നിൻനാമമിപ്പോൾ തിരയുന്നു ഞങ്ങൾ
പിന്നീടുദിക്കേണ്ടുമുഷസ്സിലേററം
മിന്നിത്തിളങ്ങും പുതുതാരയെപ്പോൽ.

vii

നവ്യപ്രഭാതപ്പുതുദീപ്തിതന്നിൽ
'സ്വാതന്ത്ര്യ'മുണ്ടായിടുമെന്നു നിത്യം
നമ്മോടുറപ്പോതിവരുന്നു വീണ്ടും
വീണ്ടും മനുഷ്യന്റെ ശിശുക്കളിന്നും!

Copy Right.

# ടാഗോറിന്റെ കത്തുകൾ

(പരിഭാഷകൻ, പി. ശേഷാദ്രിഅയ്യർ ബി എ., എം. എൽ)

അഗ്രഹായണമാസം 1926.

ii

ഞാൻ നിങ്ങളെ ആന്തരമായി സ്നേഹിക്കുന്നു നിങ്ങളുടെ വിശുദ്ധമായ സത്യതൽപരതയും സാരള്യവും എന്റെ ഹൃദയത്തെ ആകർഷിക്കുന്നു. ആ സത്യത്തിനു വല്ല മാററവും നിങ്ങളുടെ ഏതെങ്കിലും പെരുമാററത്തിൽ കണ്ടിരുന്നുവെങ്കിൽ ഞാൻ നിങ്ങളുടെ അടുക്കൽനിന്നും അകന്നിരിക്കുമായിരുന്നു. അങ്ങനെ ഒരിക്കലും കണ്ടിട്ടില്ല. അതിനാൽ എന്നെസംബന്ധിച്ച നിങ്ങൾക്കു തോന്നുന്നതെല്ലാം തുറന്നുപറയുന്നതിൽ യാതൊരു സങ്കോചവും വേണ്ട. എന്നെപ്പററി നിങ്ങൾ വിമർശിച്ചിട്ടുള്ള ലേഖനങ്ങളിൽ യാതൊരു അഹങ്കാരവും ഞാൻ കണ്ടിട്ടില്ല. മററുള്ളവർ പറയുന്നതിനെ കേട്ട് നിങ്ങൾ വ്യാകുലപ്പെടുകയാണെങ്കിൽ നിങ്ങളുടെ സ്വഭാവവികാസത്തിന് ഹാനി നേരിടും. മനസ്സിൽ തോന്നുന്നതുപോലെ പറയുന്നതുകൊണ്ടും പ്രവത്തിക്കുന്നതുകൊണ്ടും ഒരു ദോഷവും നിങ്ങളെ സ്പർശിക്കയില്ല.

iii

ആഷാഢമാസം 1926.

ഞാൻ വളരെ ചുററിസ്സഞ്ചരിക്കയാണ്. ഇടയ്ക്കിടയ്ക്കു ക്ഷീണത്തിന്റെ ഭാരം ഒട്ടകത്തിന്റെ പുറത്തുള്ളഭാരംപോലെ എന്റെ നട്ടെല്ലിനെ വല്ലാതെ വിഷമിപ്പിച്ചിരുന്നു. എങ്കിലും എന്റെ നട്ടെല്ല് കുറെ ബലമുള്ളതായിട്ടാണ് ഈശ്വരൻ സൃഷ്ടിച്ചിരിക്കുന്നത്. അല്ലെങ്കിൽ താഴെവീണു കിടക്കേണ്ടിവരുമായിരുന്നു.

ഇവിടത്തെ സംഭവങ്ങളെപ്പററി കേട്ടിരിക്കാമല്ലോ. ഞാൻവഹിച്ച ഭാരങ്ങളെപ്പററി വണ്ണിച്ച് വീണ്ടും മനസ്സിനെ ഭാരപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നില്ല. മറക്കാനുള്ള ശക്തിയും നടക്കാനുള്ള ശക്തിയും ഒരുമിച്ചാണു സ്ഥിതിചെയ്യുന്നതു്. മറക്കുന്നതുകൊണ്ടാണു ഞാൻ നടക്കുന്നതു്. നടക്കുന്നതുകൊണ്ടാണു ഞാൻ മറക്കുന്നതും. പുരാതനത്വത്തെമാത്രം ശേഖരിച്ചു വച്ചുകൊണ്ടിരിക്കുന്നവരാണു നടക്കാൻ സാധിക്കാതെ ഒരു സ്ഥലത്തിരുന്നു ഹുക്കായുംവലിച്ചു കാലംകഴിക്കുന്നതു്. അതിനു സാക്ഷി നമ്മുടെ സനാതനമായ ഭാരതഭൂമിതന്നെ.

ഏതായാലും സ്വദേശത്തിലേക്കു മടങ്ങിവന്നതിൽപിന്നീട് ഒരു വർഷമുഖരിതമായ അപരാഹ്നത്തിലോ മലയഹില്ലോലിതമായ സായാഹ്നത്തിലോ കുസുമസുഗന്ധിതമായ പ്രഭാതവേളയിലോ എന്റെ സഞ്ചാരവൃത്താന്തത്തെപ്പററി നിങ്ങളെ പറഞ്ഞുകേൾപ്പിക്കാം. അല്ലെങ്കിൽ സംഗീതതത്വത്തെപ്പററിയുള്ള നിങ്ങളുടെ അന്തമില്ലാത്ത ചർച്ചാസ്രോതസ്സിൽ എന്റെ മനസ്സിനെയും ഞാൻ ഒഴുക്കാം.

വത്തമാനപ്പത്രങ്ങളിൽ ചിലർ നിങ്ങളെപ്പററി അഭിപ്രായപ്പെട്ടിരിക്കുന്നതു് അത്ര മൃദുവായിരിക്കുന്നില്ല. അതിൽനിന്നും എന്റെക്കൂട്ടത്തിൽ ഇനിയും ആളുകൾ ചേരും എന്നു ഞാൻ അനുമാനിക്കുന്നു. എന്റെ ക്ലാസ്സിൽ നിങ്ങൾക്ക് ഇപ്പോൾ പ്രമോഷൻ കിട്ടിയിരിക്കുന്നു. ലോകാപവാദം കുറേ കയ്പുള്ളതാണെങ്കിലും മാനസികമായ യകൃത്‌രോഗത്തെ മാററുന്നതിനു പററിയ ഔഷധമാണു്.

# ടാഗോർ

സാഹിത്യപ്രധാനമായ

## ഒരുൽകൃഷ്ട മാസിക.

മാസികയ്ക്കുള്ള ലേഖനങ്ങൾ, നിരൂപണത്തിനുള്ള പുസ്തകങ്ങൾ, മാററപ്പത്രങ്ങൾ, മാസികകൾ, അവയെ സംബന്ധിച്ച എഴുത്തുകൾ, മുതലായവ പത്രാധിപർ, ടാഗോർ, കൊല്ലം എന്ന മേൽവിലാസത്തിലും, വരിസംഖ്യകൾ, മററു മണിയാർഡറുകൾ, ഏജൻസി സംബന്ധമായ കത്തിടപാടുകൾ എന്നിവ മാനേജർ, ടാഗോർ, കൊല്ലം എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്.

വരിസംഖ്യ ഒരു കൊല്ലത്തേയ്ക്ക് അഞ്ചു രൂപാ (മുൻകൂർ)

പോസ്റ്റിൽ 6 രൂ. 8 ണ. ഒററ പ്രതിക്ക് 8 ണ.

ഒരു പ്രാവശ്യത്തെ പരസ്യനിരക്ക്

മുഴപ്പേജിന് 50 രൂ. അര പേജിന് 28 രൂ. കാൽ പേജിന് 15 രൂ.

കൂടുതൽ കാലത്തേയ്ക്കുള്ള പരസ്യനിരക്കിനും മററു വിവരങ്ങൾക്കും മാനേജരുടെ പേർക്കെഴുതുക.

മാനേജർ,

ടാഗോർ—കൊല്ലം.

# The Ayurvedic Compound Tinctures Ltd.

## ALLEPPEY.

We have great pleasure to inform all our well wishers and especially the medical world that in our newly established factory at Alleppey we have begun the manufacture of all kinds of Ayurvedic Medicines, especially of our famous 'Tinctures', on a large scale with the help of modern equipments.

Despite the scarcity of raw materials and the absence of imported goods and the daily growing cost of materials, we have made adequate arrangements to cope with the growing demands, not only from Travancore, but all over India, and to supply the public all our medicines at moderate cost.

All our medicines are prepared in the most scientific and up-to-date manner under the immediate supervision of expert and qualified physicians according to the directions of the Ayurvedic Director.

We will begin advertising some of our famous medicines shortly.

**The Ayurvedic Compound Tinctures Ltd.**

*MANAGING AGENTS*

**A. V. THOMAS & CO., (INDIA) LTD.,**

**ALLEPPEY.**


Printed and Published by T. K. Narayana Kurup at the Sri-Rama Vilas Press, Quilon.